# വികസനരേഖ

# ഞാങ്ങാട്ടിരി ഗ്രാമപഞ്ചായത്ത



35-5

# തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്
# വികസനരേഖ


എഡിറ്റോറിയൽ ബോർഡ്

എബ്രഹാം ജോർജ്ജ്

എൻ. പരമേശ്വരൻനായർ

എ. ശൗരിയാർ

റ്റി.ആർ. മുകുന്ദൻ നായർ

ജെ. തോമസ്

റ്റി.എൻ.നരേന്ദ്രൻ

മുഖചിത്രം കെ.എൻ. ജയപ്രകാശ്





ഡിസൈനിംങ് - പ്രിൻറ് ഹൗസ് ചേർത്തല Ph 813855

പ്രസിഡൻറ്



എബ്രഹാം ജോർജ്ജ്

വൈസ് പ്രസിഡൻറ്



നളിനിവത്സലൻ

സ്റ്റാൻഡിംഗ് കമ്മറ്റി ചെർമാൻ



പി.കെ.തോമസ്

# ഉള്ളടക്കം

ആമുഖം

ചരിത്രം

വനിത

കൃഷി ജലസേചനം

മൃഗസംരക്ഷണം

മത്സ്യബന്ധനം

ഗതാഗതം

ഊർജ്ജം

സംസ്ക്കാരം

കായികരംഗം

പൊതുജനാരോഗ്യം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പാർപ്പിടപ്രശ്നം

വ്യവസായം

സഹകരണം

വിഭവസമാഹരണം.



# ആമുഖം

ഒൻതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുകയാണ്. ഇതിവഴിയൊരിപുത്തൻ സംസ്ക്കാരം ഉടലെടുക്കുകയാണ്. സ്വാതന്ത്ര്യലബ്ധിമുതൽ നടപ്പാക്കിയ പഞ്ചവത്സര പദ്ധതികൾ വഴി നമുക്കേറെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആ നേട്ടങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ നേട്ടങ്ങൾ വളരെ തുച്ഛമാണെന്ന് കാണാൻ കഴിയും. പദ്ധതികളുടെ നടത്തിപ്പിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഗുണങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാരും, ആസൂത്രണ ബോർഡും എടുത്തിട്ടുള്ള സമീപനം വിലയിരുത്തേണ്ടത്.

ഭരണഘടയുടെ 73ാം ഭേദഗതിയിലൂടെ നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനത്തിന് കൂടുതൽ അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ സാധ്യത ഉപയോഗിച്ച് ജനപങ്കാളിത്തം ഉറപ്പുവരുത്തി, ആസൂത്രണ രംഗത്തെ പോരായ്മകൾ പരിഹരിച്ച് ഒൻപതാം പഞ്ചവത്സരപദ്ധതി ശാസ്ത്രീയവും ജനോപകാരപ്രദമാക്കാൻ രൂപപ്പെടുത്തിയതാണ് 'ഒൻതാം പദ്ധതി ജനകീയ പദ്ധതി'.

ഒൻതാം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി നമ്മുടെപഞ്ചായത്തിൽ നടത്തിയ മുന്നൊരുക്കങ്ങൾ. സെപ്തംബർ 10,11,12, തീയ്യതികളിൽ ജില്ലാതല പരിശീനത്തിന് 5 പേരെ അയച്ചു. 24-ാം തിയ്യതി പഞ്ചായത്തുതല സെമിനാർ നടത്തി. 184 പേർ പങ്കെടുത്തു. ഒക്ടോബർ 2 മുതൽ 13 വരെ ഗ്രാമ സഭകൾ നടത്തി. ഗ്രാമ സഭകളിലെപങ്കാളിത്തം 72 മുതൽ 237 വരെയായിരുന്നു. ആകെ 1730 തോളം പേർ ഗ്രാമ സഭകളിൽ പങ്കെടുത്തു. തുടന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡികരിച്ച് ദ്വിതീയ വിവരണ ശേഖരണം നടത്തി. 15-11-96 ൽ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ പരിശീലനം നടത്തി. 16,17, തീയ്യതികളിൽ 5 ടീമുകൾ വിഭവഭൂപടം നിർമ്മിക്കുന്നതിനുള്ള പഠനപര്യടനം നടത്തി. 12 ടീമുകളായി തിരിഞ്ഞ് 12 വിഷയങ്ങളേയും അധികരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി. ആര്യാട് ഗ്രാമ പഞ്ചായത്തിൽ നടന്ന വികസന സെമിനാറിൽ പങ്കെടുക്കാൻ 15 അംഗ പ്രധിനിധി സംഘം പോയി.

വികസനരേഖയുടെ കരടു പൂർത്തിയാക്കി. ഡിസംബർ 4ാം തീയ്യതി വികസന സെമിനാറിനുള്ള സ്വാഗതസംഘം രൂപീകരിച്ചു.

തൈക്കാട്ടുശ്ശേരി ഗ്രാമത്തിൻെറ കിഴക്കും പടിഞ്ഞാറും അതിരുകൾ കായലുകളാണ്. വടക്ക് പാണാവള്ളി വില്ലേജും തെക്ക് പള്ളിപ്പുറം വില്ലേജും സ്ഥിതിചെയ്യുന്നു. മൊത്തം 13.82 ച.കി. മീറ്റർ വിസ്ത്രിതിയും 91 ലെ സെൻസസ് അനുസരിച്ച് 19287 ജനങ്ങളും ഇവിടെയുണ്ട്. ജനസാന്ദ്രത ച.കി. മീറ്ററിന് 1456 ആണ്.

പുരാതന ബ്രാഹ്മണ കുടുംബമായ തൈക്കാട്ടു മനയുമായി ബന്ധപ്പെട്ടാണ് ഈ ഗ്രാമത്തിന് തൈക്കാട്ടുശ്ശേരിയെന്നു പേരുണ്ടായത്. തൈക്കാടുകളുടെ പ്രദേശമെന്നർത്ഥത്തൽ തൈക്കാട്ടുശ്ശേരിയെന്ന പേരുണ്ടായെന്നും പറയപ്പെടുന്നു. പഴയ കോട്ടയം ജില്ലയിൽ പള്ളിപ്പുറം പ്രവൃത്തിയിലായിരുന്ന ഈ ഗ്രാമം. തൈക്കാട്ടുശ്ശേരി, നടുഭാഗം തേവർവട്ടം,ഉളവെയ്പ് എന്നീ 4 കരകൾ ചേർന്നാതാണ്.

ഇന്നത്തെ ഗവൺമെൻെറ് ആശുപത്രിയിരിക്കുന്ന സ്ഥലമൊരു നായർ തറവാടായിരുന്നുവെന്ന വസ്തുത പുതിയ തലമുറയ്ക്ക് അദ്ഭുതമായിരിക്കും. ഈ വീടുമായി ബന്ധമുണ്ടായിരുന്ന കൊച്ചി രാജവംശത്തിന് താമസിക്കാനുള്ളസ്ഥമായിരുന്നു. കോവിലകമെന്നും, കോവിലെകത്തേയ്ക്കു രാജാവു വരുന്ന മാർഗ്ഗമായിരുന്നു പള്ളിത്തോടൊന്നുമാണ് പൗരാണികരുടെ വായ്മൊഴികൾ. ചരിത്രപ്രസിദ്ധിമായ തൈക്കാട്ടുശ്ശേരി പുന്നക്കീഴിൽ ശ്രീ കുരുമ്പ ഭഗവതി ക്ഷേത്രവും വിശുദ്ധ അന്തോനീസിൻെറ ദേവാലയവും ഇവടെ സ്ഥിതിചെയ്യുന്നു.

കരപ്പുറം പൊതുവെ നാടുവാഴി സമ്പ്രദായം നിലനിന്നിരുന്ന പ്രദേശമാണ്. അതിൻെറ ഭാഗമായ ഈ ഗ്രാമവും അതെ സംസ്ക്കാരത്തിൽ തന്നെയാണ് നിലന്നിരുന്നത്. അന്ന് നിലനിന്നിരുന്ന കളരി സമ്പ്രദായങ്ങളിലൊന്നായ ഏരൂർപ്പണിക്കരുടെ കളരി തേവർവട്ടം ഭാഗത്തായിരുന്നു. അവടെമിന്ന് തൈക്കാട്ടുശ്ശേരി ഭഗവതിയുടെ മൂലസ്ഥാനമെന്നപേരിൽ അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യ്ന്നു.

സ്വാതന്ത്ര്യസമരത്തൽ ഈ ഗ്രാമവും പങ്കെടുത്തിണ്ട്. വന്ദ്യനായ ചിറ്റേഴത്ത് പരമേശരൻ നായർ

പാവുന്നയിൽ ഗോപാലൻനായർ കാട്ടുതറവെളിയിൽ വറുഗീസ്,രാവുണ്ണി വൈദ്യർ അമ്പാട്ട് എബ്രഹാം എന്നിവർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരുടെകൂട്ടത്തിൽ പ്പെടുന്നു. ഈ ഗ്രാമത്തിലെ പല പൊതുസ്ഥാപനങ്ങളുടെ ആരംഭകനും പൂച്ചാക്കാൽ തോടിൻെറ നിർമ്മാണത്തിൽ മുഖ്യ പങ്കു വഹിച്ചദേഹവും പാറായിൽ ജെ. അവിരാത്തരകനാണ്. ജനങ്ങൾ വിചാരിച്ചാൽ-ഒരുമയോടെ പ്രവർത്തിച്ചാൽ ഏതുകാര്യവും സാധിക്കുമെന്നുള്ള തെളിവാണ് ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന എസ്. എം.എസ്.ജെ.ഹൈസ്ക്കൂൾ കെട്ടിടവും പൂച്ചാക്കൽ തോടും പഴയ ഗവൺമെൻെറ് സ്ക്കൂളും. തരകൻെറ കാലത്ത് മലയാളം ഹയർസെക്കൻററിവരെയുള്ള ക്ലാസുകൾ മലയാളം സ്ക്കൂളിലും, ഫോർത്ത്ഫാറം വരെ യുള്ള ക്ലാസ്സുകൾ ഇംഗ്ലീഷ് സ്ക്കൂളിലും നടന്നിരുന്നു. കുട്ടികളുടെ അഭാവത്തിൽ മലയാളം എട്ടും, ഒൻപതും നിന്നുപോയി. ഇംഗ്ളീഷ് സ്ക്കൂൾ തിരുമല ദേവസ്വത്തിന് അനുവദിച്ചതിനാൽ ഇവിടുത്തെ ഹൈസ്ക്കൂൾ മിഡിൽ സ്ക്കൂളായി തരംതാണു. പിന്നീട് സ്വാതന്ത്ര്യപിറവിയെ തുടർന്നുണ്ടായ വിദ്യാഭ്യാസ മുന്നേറ്റത്തിൽ 3 ഹൈസ്ക്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്.

ചേർത്തല താലൂക്കാശുപത്രി കഴിഞ്ഞാൽ ആശുപത്രി ഉണ്ടായിരുന്ന അപൂർവ്വം ചില ഗ്രാമങ്ങളിലൊന്നാണ് തൈക്കാട്ടുശ്ശേരി. പണ്ട് പള്ളിയുടെ പടിഞ്ഞാറുവശത്ത് പള്ളി വക കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിച്ചിരുന്നത്. ഹൈസ്ക്കൂൾ നിലച്ചതോടെയാണ് ആശുപത്രി ഹൈസ്ക്കൂൾ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചത്.

സ്വതന്ത്ര്യത്തിനുമുമ്പുണ്ടായിരുന്നതിൽനിന്നും വളരെമാറ്റം, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഉൽപാദനമേഖല മുരടിച്ച് വിറങ്ങലിച്ച് നിൽക്കുകയാണ്. നിലങ്ങൾ വളരെയധികം തരിശായിക്കിടക്കുന്നു."കക്കുന്തോറും മുടിയും മുടിയുന്തോറും കക്കും" എന്ന ചൊല്ലിനെ അന്വർത്ഥമാക്കുമാറ് ഉൽപാദനം കുറയുന്തോറും കൃഷിപ്പണി കുറയുന്നു, കൃഷിപ്പണി കുറയുന്തോറും ഉൽപാദനം കുറയുന്നു, എന്നരീതിയിലാണിപ്പോഴത്തെ കർഷകവൃത്തി. ഇതിന് കർഷക- കർഷകതൊഴിലാളികൾ ഒരുമിച്ച് പരിഹാരം കണ്ടെത്തണം.

| ഭൂപ്രകൃതി | പടിഞ്ഞാറെ കായലോരം | അല്പം ഉയർന്ന പ്രദേശം | കിഴക്കേ കായലോരം |
|---|---|---|---|
| മണ്ണ് | ചെളികൂടിയമണ്ണ് | മണൽ | മണൽ |
| സസ്യാവരണം | നെല്ല് തെങ്ങ് കമുക് | തെങ്ങ്-നെല്ല് കശുമാവ് കമുക് ഇടവിളകൾ | തെങ്ങ് ഇടവിളകൾ |
| പരിസ്ഥിതി | ജനസാന്ദ്രതകൂടുതൽ താഴ്ന്ന പ്രദേശം വെള്ളക്കെട്ടുകൾ, കക്കൂസുകൾ സ്ഥാപിക്കുക വിഷമം. എല്ലാക്കാലത്തും ശുദ്ധജല ക്ഷാമം | കായലോരത്തെ അപേക്ഷിച്ച് ജനസാന്ദ്രത കുറവ്. വെള്ളം ലഭിക്കും ആരോഗ്യകരമായ ജീവിതത്തിന് ഉതകുന്ന പ്രദേശം | ജനസാന്ദ്രത കൂടുതൽ പീലിംഗ് ഷെഡുകൾ മലിനീകരണം കൂട്ടുന്നു |

കാർഷിക മുരടിപ്പ്, വ്യവസായ വളർച്ച യില്ലായ്മ,ദുർബലവിഭാഗങ്ങളുടെ ദാരിദ്ര്യം ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരത്തകർച്ച ഇവയൊക്കെയാണ് ആധുനിക കേരളം നേരിടുന്ന വെല്ലുവിളികൾ. ഇതുവരെ സ്വീകരിച്ചുപോന്നസമീപനം ഇവയ്ക്കുപരിഹാരമായിരുന്നില്ല. അതിൻെറ അടിസ്ഥാനത്തിലാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപപ്പെട്ടത്.

വികസനാസൂത്രണപ്രക്രിയകളിൽ ജനങ്ങളുടെ മുഖ്യപങ്കാളിത്തം അനിവാര്യമാണ്. തീരുമാനമെടുക്കുന്നതിൽ നിർണ്ണായകമായ അധികാരം ജനതയ്ക്കുപകരിക്കുവാനുള്ള തുടക്കം ജനാധിപത്യ പ്രക്രിയയുടെ നേരായ മാർഗ്ഗത്തിലേയ്ക്കു വെളിച്ചം വീശുന്നു. കക്ഷിഭേദമന്യേ ഒരു പുത്തൻ വികസന രാഷ്ട്രീയത്തിൻെറ ശംഖുനാദം ജനകീയാസൂത്രണപ്രക്രിയയിൽ മുഴങ്ങിക്കേൾക്കുന്നു. തദ്വാര നമ്മുടെ ഗ്രാമത്തിൽ നവോന്മേഷം പകരുമെന്നും നാം ശ്രേയസ്സിൻെറ വഴിത്താരയിലേയ്ക്കുപ്രവേശിക്കുമെന്നും വിശ്വസിക്കാം.

## പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര് – തൈക്കാട്ടുശ്ശേരി Istഗ്രേഡ്
2. വില്ലേജ് – തൈക്കാട്ടുശ്ശേരി
3. ബ്ലോക്ക് പഞ്ചായത്ത് – തൈക്കാട്ടുശ്ശേരി
4. ബ്ലോക്ക് ഡിവിഷൻ – 5, 6
5. താലൂക്ക് – ചേർത്തല
6. ജില്ല – ആലപ്പുഴ
7. അസംബ്ലി മണ്ഡലം – ചേർത്തല
8. പാർലമെൻറ് മണ്ഡലം – ആലപ്പുഴ
9. വിസ്തീർണ്ണം – 13. 82 ച.കി.മി
10. ജനസംഖ്യ – 19,287 (91–ലെ സെൻസസ്സ്)
11. പഞ്ചായത്താഫീസ് – തൈക്കാട്ടുശ്ശേരി (സ്വന്തം കെട്ടിടം)
12. പ്രസിഡൻറ് – എബ്രഹാം ജോർജ്ജ്
13. വൈസ് പ്രസിഡൻറ് – നളിനി വത്സലൻ
14. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ – പി. കെ തോമസ്സ്.
15. മെമ്പർമാർ – കൈരളി അശോകൻ
    എം.കെ ഉത്തമൻ
    പത്മവല്ലി വാസുദേവൻ
    കെ.വാസു
    മാത്തച്ചൻതൈക്കൂട്ടത്തിൽ
    അംബികാ ശശിധരൻ
    കെ.സി. മുഹമ്മദ് കുഞ്ഞ്

ബ്ലോക്ക് മെമ്പർമാർ ചെല്ലമ്മാനടരാജൻ
സാജൻ കെ.കോളുതറ

ജില്ലാപഞ്ചായത്ത് അംഗം ഡി. സുരേഷ്ബാബു

അസംബ്ലി മണ്ഡലം എ.കെ ആൻറണി
പാർലമെൻറ് മണ്ഡലം വി.എം. സുധീരൻ

ഗവൺമെൻറ് സ്ഥാപനങ്ങൾ

- ഡയറി ഡവലപ്പ്മെൻറ് ഓഫീസ്
- ഗവൺമെൻറ് ആശുപത്രി
- ഗ്രാമപഞ്ചായത്ത് ആഫീസ്
- വില്ലേജ് ആഫീസ്
- മൃഗാശുപത്രി
- കൃഷിഭവൻ
- ഫിഷറീസ് ആഫീസ്
- ഐ.സി.ഡിസ്. ആഫീസ്
- ആയുർവേദ ആശുപത്രി





# ചരിത്രം

18-ാംനൂറ്റാണ്ടിൽ മൗട്ടൻ (മുട്ടം) എന്നറിയപ്പെട്ടിരുന്ന പ്രദേശം ഉൾപ്പെടുന്നകരപ്പുറം ദേശത്തിൻെറ ചരിത്രവുമായി ബന്ധപ്പെടുന്നതാണ് നമ്മുടെ പ്രദേശം.

72 നായർ മാടമ്പിമാരുടെ അധീനതയിലായിരുന്ന കരപ്പുറം കൊച്ചി രാജ്യത്തിൻെറ കൈവശമായിരുന്നു. 1762 ൽ മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ ഭരണത്തിലായി. മാടമ്പിമാരുടെ സ്വാധീനത്തെ ഒഴിവാക്കി ഉദ്യോഗസ്ഥരെ ഭരണം ഏൽപ്പിച്ചു. പ്രദേശത്തെ പകുതികളാക്കി (വില്ലേജ്) തിരിച്ച് ഭരണസംവിധാനത്തിന് പ്രവർത്യാർമാരെ നിയമിച്ചു. വ്യാപാരം,തുറമുഖം ഉൾപ്പടെയുള്ള വികസനം വന്നു തുടങ്ങി. 1859ൽ കയർ വ്യവസായം ആലപ്പുഴയിൽ ആദ്യമായി ജയിംസ്ഡാറ എന്ന സായിപ്പ് ആരംഭിച്ചു.

കരപ്പുറം പ്രദേശത്തെ ഒരു കരയായിരുന്നു തൈക്കാട്ടുശ്ശേരി. കുറ്റിക്കാടുകളും മണൽപ്രദേശങ്ങളും നിറഞ്ഞ ഭൂപ്രകൃതിയായിരുന്നു. കാലാന്തരത്തിൽ കൃഷിയായി മണൽ പ്രദേശങ്ങൾതാഴ്ത്തി പാടങ്ങൾ രൂപപ്പെടുത്തി (പൊടിപാടം). അന്ന് താഴ്ത്തിയെടുത്ത മണ്ണാണ് ഇന്നത്തെ സിലിക്കാമണൽ. കുന്നുകൾ പടിഞ്ഞാറേ തീരപ്രദേശം കൂടുതലും കൃഷിയ്ക്കായി നികത്തിയെടുത്തതും, ചിറകൾ പിടിപ്പിച്ച് ഉണ്ടാക്കിയതുമാണ്. (കരിപ്പാടം) പടിഞ്ഞാറേകടവ് പ്രധാന വാണിജ്യകേന്ദ്രമായിരുന്നു. ഏകദേശം 20 പ്രധാന കടകൾ അവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ജനവാസമില്ലാത്ത മണൽ പ്രദേശത്തുകൂടി പകൽ പോലും യാത്ര ചെയ്യാൻ ആളുകൾ ഭയപ്പെട്ടിരുന്നു. കഴുവിടാംവെളി, നഗരിവെളി, പരിമണത്തുവെളി, എലിക്കാട്ടുവെളി, ആശാരിവെളി, കണിയാംവെളി എന്നീ സ്ഥലങ്ങൾ വിശാലമായ മണൽ പരപ്പുകളായിരുന്നു, ഉളവയ്പ് കഴുവിടാൻതറ കണ്ടൽക്കാടുകൾ നിറഞ്ഞ പ്രദേശമായിരുന്നു. പകർച്ചവ്യാധികൾ പിടിപെട്ട് മരിച്ചവരെ മറവുചെയ്തിരുന്ന സ്ഥലങ്ങളാണ് കഴുവിടാംവെളി, കഴുവിടാംതറ. മണൽപ്പരപ്പുകൾ താഴ്ത്തിയും തീരപ്രദേശങ്ങൾ ചിറകെട്ടി ഉയർത്തിയും മണ്ണിൽ പൊന്ന് വിളയിക്കാൻ അടിമപ്പണി ചെയ്ത തലമുറയെ നമുക്ക് മറക്കാൻകഴിയില്ല.

1920ൽ കയർവ്യവസായം നമ്മുടെ നാട്ടിൽ ആരംഭിച്ചു. അക്കാലത്തെ വ്യവസായ സ്ഥാപനങ്ങളെല്ലാം പിന്നീട് നിന്നുപോയി എങ്കിലും ഇന്ന് നാട്ടിലുള്ള കയർ വ്യവസായ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും അക്കാലത്തെ വ്യവസായവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടതാണ്.

കാലാകാലങ്ങളിൽ മാറിക്കൊണ്ടിരുന്ന പ്രവണതകൾ നാട്ടിലും ജീവിതത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. പ്രത്യയശാസ്ത്രങ്ങളുടെ അറിവ് സമൂഹത്തെ ചിന്തിപ്പിച്ചു. ദിവാൻ ഭരണത്തിനെതിരെ ഉത്തരവാദഭരണത്തിനുവേണ്ടി തൊഴിൽശാല വിട്ടിറങ്ങിയ തൊഴിലാളികൾ, ജൻമിത്വത്തിനെതിരെ പടപൊരുതിയ കർഷകതൊഴിലാളികൾ, പുരോഗമന പ്രസ്ഥാനങ്ങൾ എല്ലാം പുതിയ ഒരു സമൂഹത്തെ വാർത്തെടുക്കാൻ സഹായകമായി. 1947ലെ സ്വാതന്ത്ര്യം, 1949ലെ തിരുക്കൊച്ചി സംയോജനം, 1956 ലെ ഐക്യകേരളം, 1957ലെ ആദ്യത്തെ ഗവൺമെൻറ്, 1970ലെ കുടികിടപ്പുസമരം ഇതെല്ലാം ഈ ഗ്രാമത്തെ പുരോഗതിയിലേയ്ക്കു നയിക്കാൻ പ്രേരകങ്ങളായിട്ടുണ്ട്. 1953ൽ ഭോപ്പാലിൽ നിന്നും എത്തിച്ചേർന്ന ശ്രീ. ശേഖരമേനോൻെറ നേതൃത്വത്തിൽ യംഗ്മെൻസ് ഹിന്ദു അസോസിയേഷൻ എന്ന സംഘടനയ്ക്ക് രൂപം കൊടുത്തു. പ്രസ്തുത സംഘടനയാണ് ഈ ഗ്രാമത്തിൽ പിൽക്കാലത്ത് കർഷകതൊഴിലാളി പ്രസ്ഥാനത്തിന് ഉത്തേജകമായത്.

അടിമത്തം അനുഭവിച്ചിരുന്ന ഒരു സമൂഹത്തെ സാമൂഹ്യജീവിതത്തിൻെറ പൊതുധാരയിലേയ്ക്ക് കൈപിടിച്ചുയർത്താനും, അണിനിരത്താനും ജീവിതം ഉഴിഞ്ഞുവച്ചവരെ സ്മരിക്കേണ്ടതാണ്.

4-12-1950ൽ ആദ്യമായി വില്ലേജ് യൂണിയൻ നിലവിൽവന്നു. 1951ൽ G.O.No.11893/51 കത്തുപ്രകാരം പഞ്ചായത്തെന്നുപേരുമാറ്റി. പഞ്ചവത്സരപദ്ധതികളിലൂടെയും, സർക്കാർ ഗ്രാൻറ് ഉപയോഗിച്ചും വികസനപ്രവർത്തനങ്ങൾ നടത്തിവന്നു.

ഒട്ടേറെ രാഷ്ട്രീയസമരങ്ങളും വർഗ്ഗസമരങ്ങളും നടന്ന നാടാണ് നമ്മുടേത്. പൊതു ജീവിതരംഗത്ത് ഗുണകരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം.

പാഴായിപ്പോയ അവസരങ്ങളെക്കുറിച്ച് ദു:ഖിക്കാതെ വരാനുള്ള നല്ല നാളേയ്ക്കായി നമുക്ക് ഒരുമിച്ച്മുന്നേറാം.

പി.കെ മാത്യു

കെ.സി മുഹമ്മദ്കുഞ്ഞ്





## പഞ്ചായത്ത് ഭരണസമിതികൾ

4-12-1950 5-7-1953

അയ്യനാട്ട്പാറായിൽ പി.കെ. എബ്രഹാംതരകൻ (പ്രസിഡൻറ്)
മേനാംപറമ്പിൽ എം.ജെ.വർഗ്ഗീസ്
മൂലംകുഴി എസ് പത്മനാഭകർത്താവ്
മാക്കേക്കടവ് പി.കെ. നാരായണൻവൈദ്യർ
കടമ്മാട്ടിൽ കെ.ഇ.ഗോപാലൻനായർ

10-9-1953 13-12-1962

പി.ചാക്കോ — വൈസ്പ്രസിഡൻറ്
പി.റ്റി.കുര്യൻ
ഏ.ദാമോദരൻ
വി.എൻ ദിവാകരൻ
കെ.ശ്രീധരൻപിള്ള — പ്രസിഡൻറ്
സി.പി. പൂവാടി
കെ.സി.മുഹമ്മദ്കുഞ്ഞ്

17-1-1964 7-8-1979

സുകുമാരകർത്താവ് — വൈസ്പ്രസിഡൻറ്
എം.വി.ജോസഫ്
പി.രാഘവൻ
ഏ. നാരായണൻ
സി.കെ. കരുണാകരൻപിള്ള
സി.പി. പൂവാടി
കെ.സി. മുഹമ്മദ്കുഞ്ഞ് — പ്രസിഡൻറ്
മേരി അലക്സാണ്ടർ (നോമിനി)

28-9-1979 20-10-1984

കെ.പി.കൃഷ്ണൻനായർ — വൈസ്പ്രസിഡൻറ്
പി.കെ. തോമസ്
സി.ആർ രാമകൃഷ്ണൻ
പി.കൃഷ്ണൻനായർ
വി.ജെ അന്തോച്ചൻ — പ്രസിഡൻറ്
പി.കെ. ലക്ഷ്മണൻ
എൻ.പി. സരസമ്മ
പി.കെ മാത്യു
കെ.സി മുഹമ്മദ്കുഞ്ഞ്

28-9-1979 20-10-1984

കെ.പി.കൃഷ്ണൻനായർ — വൈസ്പ്രസിഡൻറ്
പി.കെ. തോമസ്
സി.ആർ രാമകൃഷ്ണൻ
പി.കൃഷ്ണൻനായർ
വി.ജെ അന്തോച്ചൻ — പ്രസിഡൻറ്
പി.കെ. ലക്ഷ്മണൻ
എൻ.പി. സരസമ്മ

29-1-1988 25-9-1995

പി.സി. ഗോമതിയമ്മ
പി.കെ. തോമസ് — വൈസ്പ്രസിഡൻറ്
പി.ഡി. ശിവദാസൻ
പി.കൃഷ്ണൻനായർ
കെ.ധനഞ്ജയൻ
കെ.കേശവൻ
എസ്. സരോജനിയമ്മ
ടി.ആർ. മുകുന്ദൻനായർ
കെ.സി. മുഹമ്മദ്കുഞ്ഞ് — പ്രസിഡൻറ്

30-9-1995

എബ്രഹാം ജോർജ്ജ് — പ്രസിഡൻറ്
പി.കെ. തോമസ്
കൈരളി അശോകൻ
നളിനി വത്സലൻ — വൈസ് പ്രസിഡൻറ്
എം.കെ. ഉത്തമൻ
പത്മവല്ലി വാസുദേവൻ
കെ. വാസു
മാത്തച്ചൻ തൈക്കൂട്ടത്തിൽ
അംബികാശശിധരൻ
കെ.സി. മുഹമ്മദ്കുഞ്ഞ്

## പഞ്ചായത്തുവാർഡുകളുടെ വിവരണം.

വാർഡ് 1.
അതിരുകൾ. വടക്ക് കോപ്പായിക്കായൽ, പടിഞ്ഞാറ് തൈക്കാട്ടുശ്ശേരിക്കായൽ, തെക്ക് മാക്കേക്കടവ് റോഡ് കിഴക്ക് കോച്ചേരിത്തോട്. പ്രധാനമായുംതെങ്ങുകൃഷിവൻകിടഭൂവുടമകൾ താമസിക്കുന്നു. കാർഷിക തൊഴിലും മത്സ്യബന്ധനതൊഴിലാളികളും ഉണ്ട്.
വാർഡ്. 2
വടക്ക് മാക്കേക്കടവ് റോഡ്,പടിഞ്ഞാറ് തൈക്കാട്ടുശ്ശേരിക്കായൽ,തെക്ക് പള്ളിപ്പുറം പഞ്ചായത്ത് കിഴക്ക് മണ്ണാറ–കാനമുറ്റം പാടശ്ശേഖരം തെങ്ങുകൃഷിയും മത്സ്യകൃഷിയും ഉണ്ട്.
വാർഡ് 3.
വടക്ക് മാക്കേക്കടവ് റോഡ്, പടിഞ്ഞാറ് മണ്ണാറ–കാനമുറ്റം പാടശ്ശേഖരം,തെക്ക് പള്ളിപ്പുറം പഞ്ചായത്ത് കിഴക്ക് എം.എൽ.എ റോഡ്.പ്രധാനകൃഷി നെല്ല് തെങ്ങ്.
വാർഡ് 4.
അതിരുകൾ. വടക്ക് കണിയംവെളിറോഡ് കിഴക്ക് അരൂക്കുറ്റിറോഡിൻെറ പടിഞ്ഞാറവശം മാക്കേക്കടവുവരെ, തെക്ക് പള്ളിപ്പുറം പഞ്ചായത്ത്. പടിഞ്ഞാറ് ശ്മശാനം ശാന്തിക്കവല റോഡ്.സിലിക്കാമണലുവവ്യസായം തെങ്ങ് നെല്ല് പച്ചക്കറി ഇവ കൃഷിചെയ്യുന്നു.
വാർഡ് 5.
ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശം ഭൂരിഭാഗം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു.വടക്ക് മണപ്പുറം റോഡ് പടിഞ്ഞാറ് അരൂക്കുറ്റി റോഡ് തെക്ക് മാക്കേക്കടവ് റോഡ് കിഴക്ക് വേമ്പനാട്ടുകായൽ.
വാർഡ് 6.
പഞ്ചായത്തിലെ പട്ടണം എന്നുവിശേഷിപ്പിക്കുന്ന പൂച്ചാക്കൽ ഉൾപ്പെടുന്നപ്രദേശം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു. വടക്ക് പൂച്ചാക്കൽ തോട് പടിഞ്ഞാറ് കോടവേലിത്തോട് ,തെക്ക് നഗരിനളന്ദ നടപ്പാത കിഴക്ക് ഭാഗം വേമ്പനാട്ടുകായൽ കിഴക്കുഭാഗം തെക്ക് മണപ്പുറം റോഡ്.
വാർഡ് 7.
കിഴക്ക് കോടവേലിത്തോട് തെക്ക് കുട്ടോമ്പുറം ചാത്തനാട് നടപ്പാത പടിഞ്ഞാറ് ചിരയ്ക്കൽ റോഡ് വടക്ക് പൂച്ചാക്കൽ തോട്.പ്രധാന കൃഷി നെല്ല് തെങ്ങ്

വാർഡ് 8.
പടിഞ്ഞാറ് കോച്ചേരിത്തോട് തെക്ക് മാക്കേക്കടവു റോഡ് ചീരാത്തുകാടുവരെ കിഴക്ക് ശ്മശാനം ചാത്തനാടുകോളനി നടപ്പാത വടക്ക് പരിമണം റോഡും പൂച്ചാക്കൽതോടും നെൽകൃഷി മത്സ്യകൃഷിഎന്നിവ ചെയ്യുന്നു.
വാർഡ് 9.
പഞ്ചായത്തിൽനിന്നും വിട്ടുനിൽക്കുന്നപ്രദേശം പഞ്ചായത്തിൻെറ നെല്ലറ കോപ്പായിപ്പാടം ഉഷാതുരുത്ത് കരീത്തറ ഇളംകുളം നെല്ലുശ്ശേരിമൂവേരി ആറവേലി എന്നീ പാടശ്ശേഖരങ്ങൾ സ്ഥിതിചെയ്യുന്നു ആകെ 269 ഏക്കർ നെൽകൃഷിയും മത്സ്യകൃഷിയും ചെയ്യുന്നു. കാർഷിക മേഖലയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടപ്രദേശമാണ് ഉളവയ്പ്പ്.
വാർഡ് 10.
വ്യക്തമായഅതിരുകൾ പറയാൻകഴിയാത്ത,എം.എൽ.എ റോഡുമുതൽ അരൂക്കുറ്റി റോഡു വരെ വ്യാപിച്ചുക്കിടക്കുന്നപ്രദേശം.നെല്ലും പച്ചക്കറിയും കൃഷിചെയ്യുന്നു. കൈത്തറിനെയ്തും ഉണ്ട്.



# വനിത

ഭൂമിയിലെ സകലതും തുല്ല്യമായി അനുഭവിക്കാൻ, ആസ്വദിക്കാൻ അവകാശപ്പെട്ട വർഗ്ഗം തന്നെയാണ് സ്ത്രീ. സ്ത്രീയെപ്പറ്റി പ്രത്യേകം ചിന്തിക്കേണ്ട കാര്യം തന്നെയില്ല. എന്നാൽ ലോകത്തിൽ സ്ത്രീ പുരുഷനോടൊപ്പം നിൽക്കുന്നില്ല. മറ്റൊരർതത്ഥത്തൽ പറഞ്ഞാൽ പുരുഷ മേധാവിത്ത്വത്തിൽ സത്രീ പിൻതള്ളപ്പെടുന്നു. ഈ പൻതള്ളൽ കൂടുൽ പറകോട്ടുമാൻ സത്രീയെ പ്രേരിപ്പിക്കുന്നു. സത്രീയെ മുൻനിരയിലെത്തിക്കാൻ നിരവധി ശ്രമങ്ങൾ നടക്കുന്നു.

ഇന്ത്യയിൽ 73,74 ഭരണഘടനാ ഭേതഗതിയലൂടെ ജനാധപത്യ അധികാരസ്ഥാനങ്ങളിൽ സത്രീയെ എത്തിച്ചുരിക്കുന്നു. സംവരണത്തുലൂടെയാണെങ്കിലും എത്തിച്ചേരാൻ കഴിഞ്ഞമേഖല പരമാവധി ഉപയോഗിക്കുന്നുണ്ടോയെന്ന് സ്വയം പരിശോധിക്കണം.

ആധുനിക കമ്പോളവ്യവസ്ഥയിൽ സത്രീ ഒരു പ്രദർശവസ്തുവും ആർഷണമാധ്യമവുമായി മാറിയിരിക്കയാണ്. അതിൻെറഅലയടികൾ ഗ്രാമപ്രദേശത്തുവരെയെത്തനിൽക്കുന്നു. പുതിയ തലമുറ മൂല്യവത്തായ സത്രീത്വത്തിൻെറ മഹനീയതകൾ ഉൽക്കൊള്ളുന്നുണ്ടേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. നാടിനെ, ലോകത്തെനൻമയിലേയ്ക്ക് നയ്ക്കാൻ സത്രീയക്ക് വളരെ പങ്കു വഹിക്കാൻ കഴിയും.

നമ്മുടെ നാട്ടിൽ പൂരിഭാഗം സത്രീകളും കർഷിക, കയർ മത്സ്യ മേഖലകളിൽ പണിയെടുക്കുന്ന സാധാരണ സത്രീകളാണ്. അവർ കൂടി ഉൾപ്പെടുന്ന സമൂഹത്തന് മെച്ചപ്പെട്ട സാമൂഹ്യ പദവി നേടിക്കൊടുക്കാനുള്ള ശ്രമത്തോടൊപ്പം സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

തൊഴിൽ ചെയ്യുന്ന ഭാര്യ, ഭർത്താവിൻെറ അലസതമൂലം കുടുംബത്തിൻെറ നെടുംന്തൂണായി മാറുന്ന സ്ഥിതി ഒഴിവാക്കാണ്ടതാണ്. കുടുംബപ്ലാനിങ്ങിൽ ഭാര്യ ഭർത്താ സഹകരണം അത്യന്താപേഷികമാണ്.

ജനജീവിതത്തിൻെറ വിവിധ മേഖലകളിൽ ഇടപെടാൻ സത്രീയ്ക്ക് കൈവന്നിരിക്കുന്ന അവസരമാണ് പുതിയ ജനകീയപദ്ധതി. ഉല്പാദ സേവനമേഖലയിൽ തനതു പങ്ക് വളരെ പ്രധാനപ്പെട്ടമാണ്. കൃഷി, മൃഗസംരംക്ഷണം, ചെറുകിടവ്യവാസം, ഊർജ്ജം, പൊതുജാനാരോഗ്യം, വിദ്യാഭ്യാസം, സംസ്ക്കാരം എന്നീ മേഖയിൽ സ്ത്രീയ്ക്ക് വളരെയേറെ പങ്ക് വഹിക്കുവാനുണ്ട്. അതിനായി ഓരോരുത്തരും മുന്നോട്ടുവരേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

പൊതുവായകാര്യങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവ്. സംഘടനകളിൽനിന്നുള്ള പ്രോത്ഹനമില്ലായ്മ. സമൂഹത്തിൻെറ തെറ്റായ കാഴ്ച്ചപ്പാട്. തൊഴിൽ മേഖലയിലെ അസമത്വം. പുരുഷമേധാവിത്വം, നീതിരഹിതമായ സമീപനം, സ്ത്രീധനത്തിൻെറ പേരിലും മറ്റു വിധത്തിലുമുള്ള പീഢനം. വിധവകൾ, ഉപേക്ഷിക്കപ്പെട്ടതോ, വിവാഹം കഴിക്കത്തതോ ആയ അമ്മമാരുടെപ്രശ്നങ്ങൾ.

## പരിഹാരങ്ങൾ

നിരാലമ്പരായ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കുക. സ്ത്രീധനക്കനെതിരെ ബോധവത്ക്കരണം നടത്തുക. മദ്യം മയക്കുമരുന്ന് എന്നിവയ്ക്കെതിരെ സ്ത്രീകളെ സംഘടിപ്പിക്കുക. സ്ത്രീ പീടനം ഗൗരപരമായ കുറ്റമായിക്കാണുക. ദാമ്പത്തികജീവിതം ഭലപ്രദമാക്കാനുള്ള കൗൺസിലിങ്ങ് പഠനക്ലാസുകൾ ഇവ യുവതികൾക്കും ദമ്പതിമാർക്കും വേണ്ടി നേടത്തുക. വനിതാവ്യസായസഹകരണസംഘങ്ങൾ സ്ഥാപിക്കുക. കന്നുകാലവളർത്തൽ പച്ചക്കറിത്തോട്ടം സോപ്പുനർമാണം തുടങ്ങിയതൊഴിലുളിൽ താൽപ്പര്യമുണ്ടാകുവാൻ ഉതകുന്ന പദ്ധതികൾ തുടങ്ങണം.



# കൃഷി ജലസേചനം

ഈനൂറ്റാണ്ടിലെ കാർഷിക രംഗത്തെ ഏറ്റവും പ്രധാനപ്പെട്ടജനകീയഇടപെടൽ ഭൂപരിഷ്ക്കരണത്തിനുവേണ്ടിയുള്ളതായിരുന്നുവല്ലോ. കർഷകരുടെ സംഘടിത സമരങ്ങളും നിരന്തര ജാഗ്രതയുമാണ് ഇൻഡ്യയിൽ ഏറ്റവും വിജയപ്രദമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭൂപരിഷ്ക്കരണം നടപ്പിലാക്കാൻ കേരളത്തെ സഹായിച്ചത്. എന്നാൽ ഭൂപരിഷ്ക്കരണത്തെ തുടർന്ന് കാർഷികരംഗത്ത് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കരാൻ കർഷകരുടെകൂട്ടായ ഇടപെടലുകൾ വേണ്ടത്രയുണ്ടായില്ല. പഴയകാർഷിക വ്യവസ്ഥയുടെ ഭാഗമായി നിലനിന്നിരുന്ന സ്ഥല - ജല പരിപാലന സമ്പ്രദായങ്ങളും നാട്ടുനടപ്പുകളും ഭൂപരിഷ്ക്കരണത്തോടെ അപ്രത്യക്ഷമായി. ജലസേചനത്തിനും നീർവാഴ്ചയ്ക്കും വേണ്ടി ഉപയോഗിച്ചിരുന്ന കുളങ്ങളും തോടുകളും എല്ലാം അറ്റകുറ്റപ്പണിനടത്തുന്നതിന് പണ്ടുണ്ടായിരുന്ന സമ്പ്രദായങ്ങൾ ഇല്ലാതെയായി. പുതിയവയ്ക്കു രൂപം കൊടുക്കുവാൻ കഴിഞ്ഞതുമില്ല. ഇത്തരം പ്രശ്നങ്ങൾ നോക്കിക്കണ്ടുനടത്താൻ ബാധ്യതപ്പെട്ട ജലസേചനം, കൃഷി, മണ്ണുസംരക്ഷണം തുടങ്ങിയ ഉദ്യോഗസ്ഥ സംവിധാനത്തിനാകട്ടെ അവയുടെ കേന്ദ്രീകൃതവും ജനപങ്കാളിത്തം ഇല്ലാത്തതുമായ ഘടനമൂലവും പരസ്പരസഹകരണത്തിൻേറയും സംയോജനത്തിൻേറയും സമീപനത്തിൽ വന്ന പ്രശ്നങ്ങളുംനിമിത്തം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞതുമില്ല.

ചെളികൂടിയ മണലുള്ളതും ചതുപ്പുനിലങ്ങളുള്ളതുമായ പടിഞ്ഞാറെ കായലോര തീര സമതലവും ചൊരിമണലും മണൽകുന്നുകളുമുള്ള അല്പംഉയർന്ന മദ്ധ്യഭാഗവും മണൽപ്രദേശമായ കിഴക്കെ കായൽ ഓരവും ചേർന്നതാണീ ഗ്രാമത്തിൻറ ഭൂപ്രകൃതി. പ്രധാനകൃഷി നെല്ല്, തെങ്ങ് എന്നിവയും ഇടവിളകൾ കശുമാവ്, വാഴ, കവുങ്ങ്, കുരുമുളക്, മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കാച്ചിൽ, പപ്പായ, പൈനാപ്പിൾ, വെറ്റിലക്കൊടി, അപൂർവ്വമായി റബറുമാണ്. കൃഷിയാവശ്യത്തിനായി താഴ്ത്തിയെടുത്ത പൊടിപ്പാടങ്ങളും ഉയർത്തിയെടുത്ത കരിപ്പാടങ്ങളും നിറഞ്ഞതാണീപ്രദേശം. ഇവിടുത്തെജനങ്ങൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ കഴിയുമാറുള്ള പ്രദേശമാണെങ്കിലും പല കാരണങ്ങൾ കൊണ്ട് അത് സാധിക്കാതെ വരുന്നു. ഇരിപ്പു കൃഷിയുള്ള കൃഷിനിലങ്ങളിൽ വേനൽക്കാലത്ത് പച്ചക്കറികളും പയർ, എള്ള് എന്നിവയും കൃഷി ചെയ്തുവരുന്നു. പഴയകാലത്ത് കർഷകരുടെ മുഖ്യവരുമാന മാർഗ്ഗം തെങ്ങുകൃഷിയായിരുന്നു. അക്കാരണത്താൽതന്നെ കയറുല്പന്നങ്ങളുടെ തൊഴിൽ ഇവിടെ പുരോഗതി പ്രപിച്ചിട്ടുണ്ട്. കള്ള് ചെത്ത് വ്യവസായവും ഇവിടെ നിലനിൽക്കുന്നതിൻറ കാരണവും മറ്റൊന്നല്ല.

അറുപതുകളുടെ അവസാനം വരെ 2700 പേരുടെ കൈവശമായിരുന്ന ഭൂമി ഇന്ന് 9137 പേരുടെ കൈവശമാണ് 10 സെൻറ് വരെ ഭൂമിയുള്ളവർ 6767 ഉം 10 മുതൽ 25 സെൻറ് വരെ ഉള്ളവർ 1192ഉം 25 സെൻറു മുതൽ 50 സെൻറ് വരെ 411 ഉം 50 മുതൽ 100 വരെ 375 പേരും 1ഏക്കർ മുതൽ 2 ഏക്കർ വരെയുള്ളവർ 267 പേരും രണ്ടര ഏക്കറിനു മുകളിൽ 15 ഏക്കർവരെ 113 പേരും അതിന് മുകളിൽ 12 പേരും ഉൾപ്പെടെ ഉള്ളവർ ആകെയുള്ള ഭൂമി കൈവശം വച്ചിരിക്കുന്നു. അദ്യ കാലത്ത് കൃഷി ചെയ്തിരുന്ന നെല്ലിനങ്ങൾ വിരിപ്പ്, മുണ്ടകൻ, ഓരുമുണ്ടകൻ, ചെട്ടിവിരിപ്പ്, കറുത്തമുണ്ടകൻ, എന്നിവയായിരുന്നു. രോഗകീടബാധയെ അതിജീവിക്കുന്നതും മെച്ചപ്പെട്ട വിളനൽകുന്നവയുമാണിയിനങ്ങൾ. പഞ്ചായത്തിലെ ജനങ്ങളുടെ ഭക്ഷ്യ ആവശ്യത്തിന്ഏറക്കുറെ ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് അന്ന് തികയുമായിരുന്നു. കാലക്രമത്തിൽ കൃഷിച്ചിലവിനുണ്ടായ വർദ്ധനയും കർഷകതൊഴിലാളികളുടെ ലഭ്യതയിലുണ്ടായ കുറവും നെൽകൃഷിയെ അധപ്പതിപ്പിച്ചു. എൺപതുകളുടെ പൂർവ്വാർദ്ധത്തിൽ നാളികേരത്തിനുണ്ടായ വില വർദ്ധനവും നെൽവയലുകളുടെ തിരോധാനത്തിനു വേഗത കൂട്ടി. പല ആവശ്യങ്ങൾക്കുമായി വയലുകൾ നികത്തപ്പെട്ടു. ലാഭകരമായികൃഷിചെയ്യാമായിരുന്ന കരി നിലങ്ങൾ കുടി തരിശ്ശിടുകയുംമീൻവളർത്തൽപോലുള്ള ലാഭകരമായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിയ്ക്കപ്പെടുകയും ചെയ്യുകയാണ്.

പരമ്പരാഗത കൃഷിരീതീയായിരുന്ന തെങ്ങിൻ്റ സ്ഥിതിയും ഇന്ന് പരിതാപകരമാണ്. അന്നത്തെ തെങ്ങുകൾ രോഗപ്രതിരോധ ശക്തിയുള്ളവയായിരുന്നു. എന്നാൽ ഇന്ന് കാലാവസ്ഥയിലുള്ളമാറ്റവും പരിപാലനരീതിയിലുള്ള അശ്രദ്ധയും തെങ്ങുകളെ രോഗഗ്രസ്ഥമാക്കി. നിലം നികത്തുന്നതുവഴിയും മറ്റുള്ള പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയും മണ്ണിൻ്റ സ്വതവേയുള്ള ജലഗ്രഹണശക്തിക്കു കോട്ടം വരുത്തി. തൻമൂലം ഉല്പാദനമേഘല മുരടിയ്ക്കുകയും കർഷകന് കൃഷിയോടുള്ള താല്പര്യം നഷ്ടപ്പെടുകയും മറ്റുതൊഴിലുകളോട് അവന് അഭിനിവേശം തോന്നുകയും കാർഷിക വൃത്തി ഭൂരിഭക്ഷത്തിനും അന്യമാവുകയും ചെയ്തു.

ഗ്രാമത്തിൻെറ ചൊരി മണൽ പ്രദേശത്തുള്ള പൊടിനിലങ്ങളിൽ ജല ലഭ്യതയുടെ കുറവും വളാംശത്തിൻെറ ഇല്ലയ്മയും നെൽകൃഷിയെ അവഗണിയ്ക്കുവാൻ കർഷകരെ പ്രരിപ്പിക്കുന്നു. ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ലാത്തതും വർഷ കാലങ്ങളിലെ ജലനിർഗ്ഗമനത്തിനുള്ള സൗകര്യമില്ലായ്മയും കൃഷി ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും ഈ അവഗണനയ്ക്ക് ആക്കം കൂട്ടുന്നു. എന്നാൽ വേനൽക്കാലത്ത് പലയിടത്തും പയർ, എള്ള്, മത്തൻ, വെള്ളരി, കുമ്പളം, ചീര, എന്നിവ കൃഷി ചെയ്യുന്നുണ്ട്.

## വിള-വിസ്തീർണ്ണം കൃഷിഭവൻ രേഖകൾ

ഏകദേശം 650 ഏക്കറോളം വരുന്ന പൊടി നിലങ്ങളിലും പ്രകൃതിയെ മാത്രം ആശ്രയിച്ചാണ് നെൽ കൃഷി നടത്തിയിരുന്നത്. എന്നാൽ ഇതിൽ ഏറിയഭാഗവും ഇന്ന് തരിശായിക്കിടക്കുകയാണ്. 1490-99 ഏക്കർ വരുന്ന കര ഭൂമിയിലും ജലസേജനസൗകര്യം അപര്യപ്തമാണങ്കിൽ പോലും തെങ്ങു കൃഷി നിലനിൽക്കുന്നുണ്ട്. ഇവയിൽ 80-90 ശതമാനം തെങ്ങുകളും രോഗബാധിതമാണ്. വരുമാനം കുറഞ്ഞതോടെ തെങ്ങിനെ ശ്രദ്ധിയ്ക്കുവാനും പരിചരിയ്ക്കുവാനും കർഷകൻ വിമുഖത കാട്ടുന്നു. പണ്ട് ജലസേചനത്തിനു വേണ്ടി കുളങ്ങളും തോടുകളും ആണ്ടു തോറും വെട്ടുകയും അവയിൽനിന്നുമുള്ള ജൈവ വളം തെങ്ങിന് ലഭ്യമാവുകയും ചെയ്തിരുന്നു. ഇന്ന് ആ പതിവും ഒന്നിടവിട്ട ദിവസങ്ങളിലെ കോരി നനയും അന്യം നിന്നുകഴിഞ്ഞു.

കർഷക തൊഴിലാളികളുടെ കൂലി നിരക്കും പുരുഷൻമാർക്ക് 50 രൂപാമുതൽ 90 രൂപ വരെയും സ്ത്രീകൾക്ക് 25 രൂപ മുതൽ 40 രൂപ വരെയുമാണ നിലവിലുള്ളത്. എങ്കിൽ തന്നെയും ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയാണ്. അദ്ധ്വാനം കുറഞ്ഞതും കൂടുതൽ വേതനം ലഭ്യമായതുമായ മേഖലകളിലേയ്ക്ക് പുതിയ തലമുറ മാറിക്കൊണ്ടിരിയ്ക്കുന്നതും കാർഷികരംഗത്തിൻെറ തളർച്ചയ്ക്ക് ഒരുപരിധിവരെ കാരണമായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. തെങ്ങു കൃഷിയെ ബാധിച്ചിരിക്കുന്ന കൂമ്പ്ചീയൽ, വേരുചീയൽ, കാറ്റുവിഴ്ച, എന്നീ രോഗങ്ങളും കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ അക്രമണം മൂലം തെങ്ങുകൾ ഉല്പാദനക്ഷമല്ലാതാവുകയും രോഗ ഗ്രസ്ഥമാകുകയും ചെയ്തിട്ടുണ്ട്.
2. അത്യുല്പാദന ശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള നടീൽ വസ്തുക്കളുടെ അപര്യപ്തത.
3. ചൊരിമണൽ പ്രദേശങ്ങളിൽ ജലലഭ്യതയുടെ കുറവും മണ്ണിൻെറ വളാംശംത്തിലുള്ള കുറവും വിളവ് മോശമാക്കുന്നു.
4. ജൈവ വളത്തിൻെറ പ്രയോഗത്തിലുള്ള കുറവും ലഭ്യതയ്ക്കുള്ള ബുദ്ധിമുട്ടും.
5. കൃഷിഭവൻ വഴി ലഭ്യമാകുന്ന സഹായങ്ങൾക്കും സബ്സിഡികൾക്കും കൈവശ ഭൂമിയുടെ പരിധി പ്രശ്നമാകുന്നു.
6. സാമൂഹ്യ ജലസേചന പദ്ധതി ഫലപ്രദവും വ്യപകവുമായി പ്രയോജനം ചെയ്യുന്നില്ല.
7. കർഷക തൊഴിലാളികളെ ആവശ്യത്തിന് യഥാസമയം ലഭ്യമല്ല.
8. മണ്ണ് പരിശോധന, കാർഷിക വിദഗ്ദരുടെ സേവനം എന്നീ കാര്യങ്ങൾ കർഷകർക്ക് പ്രപ്യമാവുന്നില്ല.
9. ഉല്പന്നങ്ങൾക്ക് വിപണന സൗകര്യവും ന്യായവിലയും ലഭിയ്ക്കുന്നില്ല.
10. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിയ്ക്കുന്നതിനുള്ള ബദ്ധിമുട്ടുകൾ.

11. കരിനിലങ്ങളുടെ പുറം ബണ്ടുകൾ തകർന്നു പോയിരിയ്ക്കുന്നു. ചിലയിടങ്ങളിൽ ഇല്ല.
12. വേനൽ കാലത്ത് കായലുമായി ബന്ധമുള്ളതോടുകളിൽഒരുവെള്ളം കയറുന്നു.
13. ഉൾപ്രദേശങ്ങളിലെ പൊടിനിലങ്ങളിൽനിന്നും പ്രധാനതോടുകളിലേയ്ക്കുള്ള ചെറുതോടുകൾ നികന്നു പോയിരിക്കുന്നു.
14. ഏലാ കമ്മറ്റികൾസജീവമായി പ്രവർത്തിക്കുന്നില്ല.
15. വളം ഇറക്കിക്കൊണ്ടുപോകുന്നതിന് ആവശ്യമായ പൊതുസ്ഥലങ്ങളില്ല.
16. കാർഷികോപകരണങ്ങൾ വേണ്ടസമയത്ത് കുറഞ്ഞകൂലിയ്ക്ക് കിട്ടുന്നില്ല.
17. നൂതനകൃഷിരീതികളെക്കുറിച്ച് കർഷകർ ബോധവാൻമാർ അല്ല.
18. വിള ഇൻഷുറൻസ് രീതി പര്യാപ്തമല്ല.
19. കാർഷികരംഗത്ത് ഗ്രൂപ്പുപ്രവർത്തനം പ്രായോഗികമായിട്ടില്ല.
20. പച്ചക്കറികൃഷിയ്ക്ക് സംഘടിതസ്വഭാവമില്ല.
21. വിദൂരങ്ങളിൽ നിന്നുംനിയമിക്കപ്പെടുന്ന കൃഷി ഉദ്യോഗസ്ഥർ, ഗ്രാമീണകൃഷി സമ്പ്രദായങ്ങളേയോ വിളകളേയോപറ്റി ചിന്തിക്കുന്നില്ല.
22. പഴം, പച്ചക്കറികൃഷി, പുഷ്പകൃഷി, ഔഷധസസ്യകൃഷി എന്നിവയ്ക്ക് പ്രോത്സാഹനവും വിപണന സൗകര്യവും കിട്ടുന്നില്ല.
23. കർഷകന് അർഹമായ അംഗീകാരം ലഭിക്കുന്നില്ല.
24. സംഘടിതമായകൃഷിരീതികളുടെ അഭാവം.

**പരിഹാര നിർദ്ദേശങ്ങൾ.**

1. രോഗ ഗ്രസ്ഥവും ഉൽപാദകക്ഷമവുമല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 500 രൂപാ വെച്ച് തെങ്ങൊന്നിന് കർഷകന് നഷ്ടപരിഹാരം നൽകുക. തെങ്ങുകൃഷിയിൽ കർഷകർക്കു താൽപര്യം ഉണ്ടാകുന്നതിലേയ്ക്കയി ജൈവവളപ്രയോഗം മരുന്നുതളി എന്നിവയ്ക്കായി ധനസഹായം ചെയ്യുക. പഞ്ചാത്തിൻെറ മേൽനോട്ടത്തിലും ചിലവിലുംരോഗപ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തുക.
2. അത്യുല്പാദനശേഷിയും രോഗപ്രധിരോധശക്തിയുമുള്ള നാടൻനടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
3. ചൊരിമണൽ പ്രദേശങ്ങളിലും പൊടിനിലങ്ങളിലുംമണ്ണിൻെറ ഘടനമെച്ചപ്പെടുത്തുന്നതിന് ചെളി പൂഴിഎന്നിവ ഇടുകയും ജലസേചന സൗകര്യങ്ങൾവർദ്ധിപ്പിക്കുകയും ചെയ്യുക. കുളങ്ങളും തോടുകളും വെട്ടിസംരക്ഷിക്കുന്നതിന് ധന സഹായം ലഭ്യമാക്കുക.
4. മണ്ണിൻെറ ഘടന മെച്ചപ്പെടുന്നതിലേയ്ക്കായി ജൈവവളപ്രയോഗത്തിന് സബ്സീഡി നൽകുക.
5. കൈവശഭൂമിയുടെ പരിധികുറവായതിനാൽ കാർഷികവൃത്തിയിൽ താത്പര്യമുള്ള കർഷകർക്ക് പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു. ഭൂപരിധി എടുത്തുകളഞ്ഞുകൊണ്ട് സാധാരണക്കാർക്കും കാർഷിക ധന സഹായ പദ്ധതികൾ പ്രാപ്യമാക്കുക. നെൽപ്പാടങ്ങൾ നികത്തുന്നതുതടയുക.
6. സാമൂഹ്യജലസേചന പദ്ധതിയുടെ പ്രയോജനം എല്ലാപ്രദേശത്തും ലഭ്യമാകത്തക്കരീതിയിൽ ഫലപ്രദമായ പുന.ക്രമീകരണം നടത്തുക.
7. കർഷകതൊഴിലാളികളേയും തെങ്ങുകയറ്റതൊഴിലാളികളേയും യഥാസമയം ആവശ്യാനുസരണം ലഭ്യമാക്കുവാൻ വേണ്ടി ടി വിഭാഗം തൊഴിലാളികളുടെ ഒരുകേന്ദ്രം ഉണ്ടാക്കുകയും അവർക്കുള്ളകൂലിയും മറ്റാനുകൂല്യങ്ങളും കേന്ദ്രത്തിൽ അടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. കർഷക കർഷകതൊഴിലാളി സമിതി രൂപീകരിച്ച് തൊഴിൽ ബന്ധം മെച്ചപ്പെടുത്തുകയും തൊഴിൽ തർക്കങ്ങളിൽ യഥാസമയം തീർപ്പുണ്ടാക്കുകയും ചെയ്യുക ബന്ധപ്പെട്ടതൊഴിലുകലിൽ പരിശീലനം നൽകുക.
8. യഥാസമയം മണ്ണുപരിശോധന നടത്തി റിപ്പോർട്ടുലഭ്യമാക്കുകയും അത്യാധുനിക കൃഷിരീതികൾ രോഗപ്രതിരോധ നടപടികൾ, വളപ്രയോഗം,മരുന്നുപ്രയോഗം എന്നിവയെക്കുറിച്ച് വിധക്തോപദേശം കർഷകർക്ക് വിഞ്ജാനം പകർന്നുകൊടുത്ത് അവരെ കൃഷിയിൽ തൽപരരാക്കുവാൻ ആരോഗ്യവകുപ്പിനെപ്പോലെ ഫീൽഡുവർക്കേഴ്സിനെ നിയമിക്കുകയും വിദഗ്ദ്ധോപദേശം ലഭ്യമാക്കുകയും ചെയ്യുക.
9. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഉല്പന്നങ്ങൾ ശേഖരിച്ച് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. ഉപവ്യവസായങ്ങൾ ആരംഭിച്ച് പ്രാവർത്തികമാക്കുക. ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുക.

10. ധനകാര്യ സ്ഥാപനങ്ങൾവഴിയും കൃഷിഭവൻ വഴിയും ഉള്ള വായ്പകളും സഹായങ്ങളുംയഥാസമയം എല്ലാ കർഷകർക്കും ലഭ്യമാക്കുക. നടപടിക്രമങ്ങൾ ലഘൂകരിക്കുക. കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
11. കരിനിലങ്ങളുടെ പുറം ബണ്ടുകൾ നിർമ്മിക്കുകയും അത്യാവശ്യം സ്ഥലങ്ങളിൽ തോടുകളും പമ്പിംഗ്മോട്ടോറുകളും സ്ഥാപിക്കുകയും നിലവിലുള്ള പുറം ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.കോപ്പായിചാൽ കൃഷിക്ക്അനുയോജ്യമാക്കുക.
12. ഓരുവെള്ളം കയറുന്ന ഇടങ്ങളിൽ സ്ലൂയിസുകൾ നിർമ്മിക്കുകയോ മുട്ടുകളിടുകയോ ചെയ്യുക.
13. പൊടിനിലങ്ങളിലെ ജലനിർഗമനത്തിനുള്ള ഒഴുക്ക് തോടുകൾ കല്ലുകെട്ടിയും വെട്ടിയും സംരക്ഷിക്കുക
14. നിലവിലുള്ള ഏലാകമ്മിറ്റികൾ പുനരുജ്ജീവിപ്പിക്കുകയും പുതിയ സമിതികൾ രൂപീകരിച്ച് കർഷകതാത്പര്യത്തിന് അനുസൃതമായി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
15. വളം ഇറക്കുന്നതിനുള്ള പൊതുസ്ഥലങ്ങൾ നിർണ്ണയിക്കുകയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
16. ട്രാക്ടർ, ഡ്രില്ലർ, സ്പ്രേയറുകൾ, തെങ്ങുകയറ്റയന്ത്രങ്ങൾ എന്നിവ സാർവ്വത്രികമായും കുറഞ്ഞ ചെലവിലും കർഷകർക്ക് ലഭ്യമാക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.
17. നൂതന കൃഷിരീതികൾ, ആധുനിക യന്ത്രോപകരണങ്ങൾ, രോഗപ്രതിരോധ നിവാരണമാർഗ്ഗങ്ങൾഎന്നിവയെക്കുറിച്ച് കർഷകരെ ബോധവത്കരിക്കാൻ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, ലഘുലേഘകൾ, എന്നിവ പ്രയോജനപ്പെടുത്തുക.
18. നിലവിലുള്ള വിള ഇൻഷ്വറൻസ് രീതി കാലോചിതമായി പരിഷ്കരിക്കുകയും രോഗകീടബാധമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം കൂടി ഇൻഷ്വറൻസ്പരിധിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
19. എല്ലാത്തരം കൃഷികൾക്കും ഗ്രൂപ്പ് ഫാമിംഗ് പ്രാവർത്തികമാക്കുക.
20. പച്ചക്കറികൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി ഓരോ വാർഡിലും തല്പരരായ കർഷകരെരുമിച്ചുകൂട്ടി കൃഷിഓഫീസറുടെ മേൽനോട്ടത്തിൽ പരിശീലനം നൽകുകയും മെച്ചപ്പെട്ട നടീൽവസ്തുക്കളും വളം, കീടനിയന്ത്രണഉപാധികൾ, ഉൽപ്പന്നത്തിൻെറ വിപണനം എന്നീകാര്യങ്ങളിൽസംഘടിതവും സഹായവും നൽകുകയും ചെയ്യുക.
21. കൃഷി ഉദ്യോഗസ്ഥർ കർഷകരുമായി നിരന്തരം ബന്ധപ്പെടുകയും രോഗപ്രതിരോധശക്തിയും ഉയർന്ന ഉത്പാദനക്ഷമതയുമുള്ള നാടൻ കൃഷിരീതികളെക്കുറിച്ച് അവരുടെ അനുഭവം പങ്കു വയ്ക്കുകയും നൂതന കൃഷിരീതിയെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുകയും എല്ലാ കർഷകർക്കും സഹായം എത്തിക്കുകയും ചെയ്യുക.
22. വ്യാവസായികാടിസ്ഥാനത്തിൽ പഴം,പച്ചക്കറി, ഔഷധകൃഷി എന്നിവ നടത്തി തൊഴിൽ സംരംഭങ്ങളുണ്ടാകേണ്ടതിൻെറ ആവശ്യകതയെപ്പറ്റി കർഷകരെ ബോധവത്കരിക്കുകയും ലാഭകരമായ രീതിയിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംഘടിതശ്രമങ്ങൾ നടത്തുകയും ചെയ്യുക.
23. കാർഷികവൃത്തി മാന്യമായ തൊഴിലാണെന്നും കർഷകർ നാടിൻെറ നട്ടെല്ലാണെന്നും പുതിയ തലമുറയെ ബോധ്യപ്പെടുത്തുവാനുമുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. എല്ലാത്തരം കൃഷികളെയും പ്രോത്സാഹിപ്പിക്കുകയും നേട്ടമുണ്ടാക്കുന്ന അർഹരായകർഷകരെ ആദരിക്കുകയും അവർക്ക് അംഗീകാരം നൽകുകയും വേണം. എല്ലാ കൃഷികൾക്കും വാർഡ് തലത്തിലും പഞ്ചായത്തുതലത്തിലും ഉത്പാദനനേട്ടം കൈവരിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും അവാർഡുകളും സാമ്പത്തികസഹായങ്ങളും നൽകുക. ഉത്പാദനബോണസ് എല്ലാ വിളകൾക്കും ബാധകമാക്കുക.

## ജലസേചനം

കാലാവസ്ഥയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുക എന്നത് അപ്രായോഗികമായ സാഹചര്യത്തിൽ പുതിയ ജലസേചന സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. ചൊരിമണൽ പ്രദേശമായ ഈ ഗ്രാമത്തിൽ ജലസേചന സൗകര്യമില്ലാതെ കൃഷി അസാദ്ധ്യമാണ്. ഉപരിതല ജലത്തിൻെറ ലഭ്യതയെയും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ പൊതുവേ സ്വീകാര്യമല്ല.

പ്രാചീന ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ, എന്നിവ മുൻകാലങ്ങളിലേതുപോലെ വെട്ടി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.വേമ്പനാട് കായലിലെ ജലംജലസേചനത്തിന് ഉപയുക്തമാക്കുവാൻ കഴിയുമോ എന്നുള്ള കാര്യവും പരീക്ഷിച്ചറിയേണ്ടതാണ്.മണ്ണിന്റെ ജലക്ഷമത നിലനിർത്തുവാനുള്ള പരീക്ഷണങ്ങളും പ്രാധാന്യമർഹിക്കുന്നു.ഈ രംഗത്ത് അനുഭവജ്ഞാനമുള്ള പഴയ തലമുറയിലെ വിദഗ്ദ്ധരെയും ആധുനിക സാങ്കേതിക വിദഗ്ദ്ധരേയുംകൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പരീക്ഷണനിരീക്ഷണങ്ങളിലൂടെപുതിയ ജലസ്രോതസ്സുകൾ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേകാർഷിക രംഗത്തെ ഉത്പാദനക്ഷമതയിലൂടെ പുരോഗതിയുടെ നാളുകളിലേയ്ക്കുള്ള പ്രയാണത്തിന് ഗതിവേഗം വർദ്ധിപ്പിക്കുവാൻ കഴിയൂ. അതിനുള്ള സംഘടിത ശ്രമത്തിന് ഇനിയും കാത്തിരിക്കേണ്ടതില്ല.

വേമ്പനാട്ട് കായലുമായി പൊടിപാടശേഖരത്തെ ബന്ധിപ്പിക്കുക.

നെൽകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി കോൾനില കർഷകസമിതിയുടെ മാതൃകയിൽ പൊടിപാടശേഖര സമിതി, കരിപാടശേഖര സമിതി എന്നിവ രൂപീകരിക്കുക.

പരീക്ഷണാടിസ്ഥാനത്തിൽ താത്പര്യമുള്ള കർഷകർക്ക് കൃഷി ഇറക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

കശുമാവ് കൃഷി നടത്തുക.

നിലവിലുള്ള തെങ്ങ് തോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

കർഷകതൊഴിലാളിയെ ഒരു ഭൂവുടമയുടെ മാത്രം തൊഴിലാളിയായി കാണാതെ എല്ലാ തൊഴിലാളികളുടെയും സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തത്തക്ക നിലയിൽ ലേബർ ബാങ്കുകൾ സ്ഥാപിക്കുകയും അതിന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്ക്എല്ലാവിധ സഹായങ്ങളും നൽകുക.

പട്ടികജാതി വിഭാഗങ്ങളുടെ പാരമ്പര്യതൊഴിലായ പായ്നെയ്ത്ത് ഏതാണ്ട് അന്യം നിന്നു വരികയാണ്. ആ വിഭാഗത്തിന്റെ പാരമ്പര്യതൊഴിലായ പായ്നെയ്ത്ത് പുനരുജ്ജീവിപ്പിക്കുന്നതിന് കൈത നട്ടു പിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കുക.

പഞ്ചായത്തുതല കാർഷിക വികസന സമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക.

കർഷകതൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു പഞ്ചായത്തുതല സമിതി രൂപീകരിക്കുക.

പൊടിപാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഓവർഹെഡ് ടാങ്കുകൾ സ്ഥാപിച്ച് ജലസേചനസൗകര്യം സാധ്യമാക്കുക.

കായലോര ചതുപ്പു പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക.



## തെക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്
## ഭൂമി, വിള, സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉല്പാദനം ടൺ | ഉല്പാദന ക്ഷമത ടൺ |
|---|---|---|---|
| നിലം | 254 ഹെക്ടർ | | |
| പുരയിടം | 876 " | | |
| പുറമ്പോക്ക് | .176 | | |
| കൃഷിയോഗ്യതരിശ് | 2.188 | | |
| നെല്ല് (1- ാംവിള) | 160ഹെ | 400ടൺ | 600 |
| നെല്ല് (2 -ാം വിള) | 93 | 232.5 | 350 |
| പയർ | 14 | 745 | 1200 |
| പച്ചക്കറികൾ | 15 | | |
| തെങ്ങ് | 793 | | |
| വാഴ | 24 | 8 k.g./Plant | |
| മരച്ചീനി | 10 | 500/H | |
| കുരുമുളക് | 5 | 4445/H | |
| കശുമാവ് | 16 | 800/H | |

തെങ്ങ് എണ്ണം

| കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗംബാധിച്ചവ എണ്ണം |
|---|---|---|---|
| 79300 | 39750 | 119050 | 11107 |

കല്ലുകെട്ടി സംരക്ഷിക്കേണ്ടുന്ന തോടുകളുടെ വിവരം

| ക്ര.നമ്പർ | പേര് |
|---|---|
| 1. | പനക്കാംതോട് |
| 2. | പള്ളിത്തോട് |
| 3. | കലേക്കാട്ട്തോട് |
| 4. | കോച്ചേരിത്തോട് |
| 5. | എലിക്കാട്ടുതോട് |
| 6. | കോടവേലിത്തോട് |
| 7. | കൊക്കരയൻതോട് |
| 8. | പൂച്ചാക്കൽതോട് |
| 9. | നരിക്കുഴിതോട് |
| 10. | പൂക്കൈതതോട് |
| 11. | മണിയാത്യക്കൽതോട് |
| 12. | ഉൻറികാട്ടിൽതോട് |
| 13. | പരിമണത്ത്തോട് |
| 14. | അയ്യനാട്ട്തോട് |
| 15. | പനിയാത്ത-മേക്കരതോട് |





# മൃഗസംരക്ഷണം

മനുഷ്യൻെറ ഘടനാപരമായ വളർച്ചയ്ക്കാവശ്യമായ മാംസ്യാഹാരങ്ങൾ, പാൽ, മുട്ട എന്നിവയുടെ ഉൽപാദനമാണ് പ്രധാനമായും ഈ മേഖല കൊണ്ട് ഉദ്ദേശിക്കുന്നത്.കൂടാതെ വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ട തുകൽ, രോമം, കൊഴുപ്പ്, ജലാറ്റിൻ, ഓസീൻ എന്നീ ഉത്പന്നങ്ങളും ഹോർമോണുകൾ, ഹൈപ്പർ ഇമ്യൂൺ സീറം, എൻസൈമുകൾ തുടങ്ങിയ ഔഷധഉൽപ്പന്നങ്ങളും, ബയോ ഗ്യാസ്, ജൈവവളങ്ങൾ തുടങ്ങിയവയും ഈ മേഖലയുടെ സംഭാവനകളാണ്.പേ വിഷബാധ തുടങ്ങിയ ജന്തുരോഗങ്ങളുടെ നിയന്ത്രണം, മാംസപരിശോധനയിലൂടെ സംശുദ്ധമായ മാംസവിതരണം തുടങ്ങിയ സേവനങ്ങളും ഈ മേഖലയിൽ നിന്നും ലഭ്യമാക്കുന്നു.

ഈ മേഖല ഗ്രാമീണ തൊഴിൽ മേഖലയിൽ ഒട്ടേറെ തൊഴിലവസരങ്ങളും, ഗ്രാമീണരുടെ പ്രതിശീർഷ വരുമാനമുയർത്തുന്നതിനും ഒട്ടേറെ സഹായിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഈ മേഖല വളരെയേറെ പരിഗണന അർഹിക്കുന്നുണ്ട്.

4800 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിൽ ചെറുകിട കർഷകരും, കർഷകതൊഴിലാളികളും, കയർതൊഴിലാളികളുമാണ് ജനസംഖ്യയിൽ ഭൂരിഭാഗവും. ഈ വിഭാഗങ്ങളുടെ തൊഴിലവസരം, വരുമാനം എന്നിവ വർദ്ധിപ്പിക്കുവാൻ മൃഗസംരക്ഷണ മേഖല പരിപോഷിപ്പിക്കേണ്ടതുണ്ട്. പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. കോഴിയും, താറാവും വളർത്തുന്നവരും കുറവല്ല. കൂടാതെ 9 ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റും, 3 ചെറിയ പന്നി വളർത്തൽ യൂണിറ്റും, സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഒരു എഗർ നഴ്സറിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മൃഗസംരക്ഷണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ മൃഗാശുപത്രിയാണ്. രോഗചികിത്സ, പ്രതിരോധകുത്തിവയ്പുകൾ, കൃത്രിമബീജസങ്കലനം, പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പുകൾ, കർഷകർക്കാവശ്യമായ സാങ്കേതികോപദേശം മുതലായവയാണ് മൃഗാശുപത്രിയിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ.

മൃഗങ്ങളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ, ദഹനക്കേട്, പൂപ്പൽ വിഷബാധ, വയറിളക്കം, അകിടു വീക്കം, വിരശല്യം, ത്വക്കുരോഗങ്ങൾ എന്നിവയാണ്. കോഴികളിൽ കോഴിവസന്തയും, ഇറച്ചിക്കോഴികളിൽ കോഴിവസന്തയും ബങ്കാനോരോഗവും കണ്ടുവരുന്നു.

**8-ാം പദ്ധതിയിൽ നടപ്പാക്കിയ പദ്ധതികൾ**

1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി.
2. പട്ടികജാതി വികസന പദ്ധതി
3. വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി
4. പേവിഷ ബാധ നിർമ്മാർജ്ജന പരിപാടി
5. എഗർ നഴ്സറി
6. കന്നുകാലി പ്രദർശനം

ഈ പദ്ധതികൾ പ്രകാരം വളരെ പരിമിതമായ രീതിയിലേ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. വ്യാപകമായും തുടർ പദ്ധതികളുമായി ഈ പ്രവർത്തനങ്ങൾ നടത്തുവാനായാൽ വളരെയേറെ പ്രയോജനം ലഭിക്കുമായിരുന്നു.

**ഉൽപാദനവർദ്ധനവിനായി ഊന്നൽ നൽകേണ്ട പദ്ധതികൾ**

1. **പാലുൽപാദനം**

പഞ്ചായത്തിലെ പാലുൽപാദനം പ്രതിദിനം 1623 ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു. ഇത് പ്രതിദിനം ആവശ്യമായി വരുന്ന അളവിനേക്കാൾ തുലോം കുറവാണ്. ഈ കുറവ് പരിഹരിക്കുന്നതിനായി അത്യുൽപാദനശേഷിയുള്ള പശുക്കിടാങ്ങളെ കർഷകർക്ക് ലഭ്യമാക്കുക. കുറഞ്ഞ ചിലവിൽ കാലിത്തീറ്റ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക. രോഗപ്രതിരോധമാർഗ്ഗങ്ങൾ വ്യാപകമാക്കുകയും മോഡൽ ഡയറി ഫാം, വനിതകൾക്കായി മിനി ഡയറി യൂണിറ്റ് (3 പശുക്കളുള്ള), എന്നീ പദ്ധതികൾ ആവിഷ്കരിക്കുകയുമാണ്.

പാൽ വിപണനത്തിനായി പാൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും അതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുകയും ചെയ്യുകയാണെങ്കിൽകർഷകരുടെ വിപണനത്തിനുള്ള ആശങ്ക ഇല്ലാതാക്കുകയും ചെയ്യാം.

പട്ടിക 3

പാൽ സഹകരണസംഘങ്ങൾ

| സ്ഥാപനത്തിന്റെ പേര് | ആരംഭിച്ചത് | അംഗങ്ങൾ | പ്രതിദിന ശേഖരം |
|---|---|---|---|
| ക്ഷീരോല്പാദക സഹകരണസംഘം തൈക്കാട്ടുശ്ശേരി | 1988 | 139 | 250 ലി. |

2.മുട്ട ഉത്പാദനം

മുട്ട മനുഷ്യാരോഗ്യ പരിപാലനത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു പോഷകാഹാരമാണ്. മുട്ട ഉത്പാദനവിഷയത്തിൽ നാം സ്വയം പര്യാപ്തരല്ല. പഞ്ചായത്തിന്റെ പ്രതിദിന ഉത്പാദനം 1581 എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രതിദിന ഉപഭോഗവുമായി തുലനം ചെയ്യുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്.

ഇതിനായി ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽ നിന്ന് മുട്ട ഉത്പാദിപ്പിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയാണ് 4 പിടക്കോഴി, 1 പൂവൻഎന്ന ഒരു ചെറിയ യൂണിറ്റ് എല്ലാവീടുകളിലും ഉണ്ടാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന എഗർ നേഴ്സറിയിൽ യിൽനിന്ന് ഇതിനാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം നടത്തിയാൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാവുന്നതാണ്.

കൂടാതെ കോഴികൾക്ക് വ്യാപകമായി കണ്ടുവരുന്ന കോഴിവസന്തരോഗം ഫലപ്രദമായി തടയുന്നതിന് കാലാകാലങ്ങളിൽ വാർഡുകൾ തോറും പ്രതിരോധനടപടികൾ സ്വീകരിക്കുക.

3. മാംസോല്പാദനം

ഏകദേശം 90% ജനങ്ങളും മിശ്രഭുക്കുകളാണ്. നമ്മുടെ നാട്ടിൽ ഒരാൾക്ക് ഏകദേശം 154ഗ്രാം മാംസം പ്രതിദിനം ആവശ്യമുണ്ടെന്നാണ് കണക്ക്. ഈ കണക്കനുസരിച്ചാണെങ്കിൽ പോലും 260 കിലോഗ്രാം മാംസം നമുക്ക് പ്രതിദിനം ആവശ്യമായി വരുന്നു. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഇറച്ചിക്കോഴി വളർത്തൽ, ആടുവളർത്തൽ, പന്നി വളർത്തൽ, എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതാണ്.

4ഇറച്ചിക്കോഴിവളർത്തൽ

പഞ്ചായത്തിൽ 9 ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഗുണനിലവാരം കുറഞ്ഞ കോഴിക്കുഞ്ഞുങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ടി വരിക, അടിക്കടിയുള്ള കോഴിത്തീറ്റ വില വർദ്ധന, കോഴിരോഗങ്ങൾ എന്നിവ ഈ കേന്ദ്രങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

പഞ്ചായത്തുതലത്തിൽ കർഷകർ കൂടി സഹകരണസംഘങ്ങൾ രൂപീകരിച്ച് സർക്കാർ തലത്തിലുള്ള ഫാമുകളിൽ നിന്നും ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളേയും അവയ്ക്കാവശ്യമായ തീറ്റകളും മരുന്നുകളും സംഭരിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം നടത്തുകയും ഉല്പാദിപ്പിക്കുന്ന കോഴികളെ ശേഖരിച്ച് വിപണനസൗകര്യം ഉണ്ടാക്കുകയും ചെയ്താൽ ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ശാത്രീയമായ രീതിൽ ആരുംതന്നെ ആടുവളർത്തുന്നില്ല. ശാസ്ത്രീയമായ രീതിയിൽ ആടുവളർത്തൽ വളരെ ആദായകരമായൊരുതൊഴിലാണ്. ചെറിയമുതൽ മുടക്കും നമ്മുടെഅദ്ധ്വാനശേഷിയും ഉപയൊഗിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ നിർദ്ദേശാനുസരണം ഈ പദ്ധതി വിജയകഹരമായി നടപ്പിലാക്കാവുന്നതാണ്.

5.പന്നിവളർത്തൽ

നിലവിൽ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 3 പന്നിവളർത്തൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അവ ശാസ്ത്രീയമായരീതിയിലല്ല നടത്തിവരുന്നത്. നല്ലയിനം പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും കുറഞ്ഞനിരക്കിൽ തീറ്റലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ ഈ രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

ഇവയ്ക്ക് ഗ്രാമതലത്തിൽ സഹകരണസംഘങ്ങൾ രൂപികരിച്ച് കർഷകനാവിശ്യമായ പന്നിക്കുഞ്ഞുങ്ങൾ, തീറ്റകൾ മരുന്നുകൾ എന്നിവ സംഭരിച്ച് വിതരണം ചെയ്യുകയും പരിസ്ഥിതിപ്രശ്നങ്ങൾ തരണംചെയ്യുന്നതിനാവിശ്യമായ സഹായം നൽകുകയും മൃഗസംരക്ഷണവകുപ്പിന്റെ നിർദ്ദേശങ്ങൾ യഥാവിധി പ്രയോജപ്പെടുത്തിയും ഈ രംഗത്ത് നേട്ടമുണ്ടാക്കാവുന്നതാണ്.

## കാലിത്തീറ്റഉല്പാദനം.

മൃഗസംരക്ഷണമേഖലയിലെ ഒഴിച്ചുകൂടാനാവാത്ത ഒരുഘടകമാണ് കാലിത്തിറ്റ ഉല്പാദനവും വിതരണവും, ലഭ്യതയും. പലുലുല്പാദന ചെലവിന്റെ 80 ശതമാനവും തീറ്റചെലവിനായിട്ടാണ് വേണ്ടിവരുന്നത്. നെൽകൃഷി വളരെ പരിമിതമായതിനാൽ നാടൻ കാലിത്തിറ്റയായ വൈക്കോൽ ആവശ്യത്തന് ലഭ്യമല്ല. ഈ സാഹചര്യത്തൽ കൂടുതൽ സാമ്പത്തിക ബാദ്ധ്യതയില്ലത്ത തീറ്റപുൽകൃഷി വ്യപിപ്പിക്കുകയാണാവശ്യം. വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചുട്ടുള്ള തണൽ മരങ്ങൾക്ക് പകരമായി കാലിത്തിറ്റയ്ക്ക് പറ്റിയകൃഷിയിനങ്ങൾ വ്യപകമായി നട്ടുപിടിപ്പിക്കുക. കൂടാതെ പഞ്ചായത്തിന്റെ ആവശ്യത്തനുതകുന്ന ഒരു ശാസ്ത്രീയ കാലിത്തീറ്റ യൂണിറ്റ് സഹകരണ അടസ്ഥാനത്തിൽ സ്ഥാപിക്കുക.

## പേവഷനിർമ്മാർജ്ജനം.

മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരാവുന്ന മാരകമായ വൈറസ് രോഗമാണ് പേവിഷബാധ. ഈ വിഷബാധ പകരുന്നത് 99 ശതമാനവും നായ്ക്കളിലൂടയാണ്. അതുകൊണ്ടു തന്നെ തെരുവു നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് പ്രതിരോതകുത്തിവെയ്പ്പ് നടത്തുകയുമാണ് പരിഹാരമാർഗ്ഗം.

പേവിഷബാധയെപ്പറ്റി ജനങ്ങളെ ബോധവ്തക്കരിക്കുകയും, പ്രതിരോധമരുന്നുകൾ കുറഞ്ഞവില്ക്ക് ലഭ്യമാക്കുകയും ചെയ്യുക.

## ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. ന്യായവിലയ്ക്ക് ഗുണമേൻയുള്ള കാലിത്തിറ്റ ലഭിക്കുന്നില്ല.
2. പാൽവിപണസൗകര്യം പഞ്ചായത്തിൽ പരിമിതമാണ്.
3. പരുഷാഹാരമായ പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
4. പാലിന് ന്യായമായവില ലഭിന്നിക്കുല്ല.
5. ഭാരിച്ച ചികിത്സാ ചെലവുകൾ
6. ക്ഷീരകർഷർകർക്കും, കന്നുകാലികൾക്കും ഇൻഷ്വറസ് പരിരക്ഷയില്ല.
7. ന്യായവിലയ്ക്ക് മേൽത്തരം കോഴിക്കുഞ്ഞിന്റെയും കോഴിത്തീറ്റയുടെയും ലഭ്യതക്കുറവ്.
8. വ്യത്തിയായാ അറവുശാലയില്ല.
9. മാംസപരിശോധനയില്ല.
10. മേൽത്തരം വർഗ്ഗത്തിൽപ്പെട്ട ഇറച്ചിക്കോഴി ആട്ടിൻ കുട്ടികൾ, പന്നിക്കുട്ടികൾ എന്നിവ ലഭിക്കുന്നില്ല.
11. മേൽത്തരത്തിൽപ്പെട്ട ബീജം കൃത്രിമ ബീജസങ്കലനത്തിന് ലഭിക്കുന്നില്ല.
12. ആശുപത്രിയിൽ ആവിശ്യമായ മരുന്നുകൾ ലഭ്യമല്ല.
13. ആശുപത്രി സമയം 8.30 മുതൽ 2 മണി വരെയായി പരിമിതപ്പെടുത്തിയിരിക്കുന്നു.
14. മൃഗസംരക്ഷണമേഖലയിലെ വിവിധ പദ്ധതികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് ധനകാര്യസ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നു.
15. മൃഗസംരക്ഷണമേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് സർക്കാർ മുതൽ മുടക്ക് വളരെ കുറവാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1. ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തിറ്റയും കോഴിത്തിറ്റയും കർഷകർക്ക് ലഭ്യമാക്കുന്നതിന് സഹകരണസ്ഥാപനങ്ങൾ മുൻകൈയെടുക്കുക.
2. പാൽ വിതരണത്തിനായി പഞ്ചായത്തിൽ 2 പാൽ സൊസൈറ്റികൾ കൂടി സ്ഥാപിക്കുക, പാലിന് അർഹമായ വിലയുറപ്പാക്കുക.
3. പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും മാസ്റ്റർ പ്ലാൻ പദ്ധതിയിൽ ഇൻഷ്വർ ചെയ്യുക.
4. തരിശ്ശു ഭൂമികളിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക, ഇടവിളയായി ഈ കൃഷി നടത്താവുന്നതാണ്
5. മൃഗാശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. മേൽത്തരം ജനിതകഗുണമുള്ള 15-20 ലിറ്റർ പാല് ഉല്പാദശേഷിയുള്ള ബീജം ആശുപത്രിയിൽ ലഭ്യമാക്കുക.
6. വികസന ധനസഹായ സ്ഥാപനങ്ങളിൽ നിന്നും അർഹമായ കർഷർക്ക് സാമ്പത്തിക സഹായം ഉറപ്പാക്കുക.
7. മൃഗസംരക്ഷണസമതി പഞ്ചായത്ത്തലത്തിൽ രുപവൽക്കരിക്കുക.
8. പഞ്ചായത്ത് തലത്തിൽ സഹകരണ സംഘങ്ങൾ ഉണ്ടാക്കി അടുവളർത്തൽ, ഇറച്ചികോഴി വളർത്തൽ, പന്നി വളർത്തൽ പ്രത്സാഹിപ്പിയ്ക്കുക

9. മാംസോൽപാദനത്തിന് സ്വീകരിക്കുന്ന പ്രാകൃത രീതി മാറ്റി ആധുനിക അറവുശാല സ്ഥാപിക്കുക, മാംസ പരിശോധ നിർബന്ധമാക്കി ഗുണമേൻമയുള്ള മാംസ്യം ലഭ്യമാക്കുക
10. പഞ്ചായത്തുതല കന്നുകാലിപ്രദർശനങ്ങളും മേളകളും സംഘടിപ്പിച്ച് കർഷകരെ പ്രത്സാഹിപ്പിക്കുകയും വിവിധമേഖലയിലെ നല്ല കർഷകർക്ക് അവാർഡുകളും ഏർപ്പെടുത്തുകയും ചെയ്യുക.
11. തെരുവുനായ്ക്കളെ നശിപ്പക്കുക. നായ്ക്കൾക്ക് ലൈസെൻസ് നിർബന്ധമാക്കുക.

## <u>തൈക്കാട്ടുശ്ശേരി പഞ്ചായത്തിൻെറ മൃഗസംരക്ഷണ രംഗം ചുരുക്കത്തിൽ.</u>

| | |
|---|---|
| 1. വിസ്തൃതി | 13.82 ച.കി.മി. |
| 2. ജനസംഖ്യ | 19287 |
| 3. നെൽകൃഷിപ്പാടം | 250 ഹെക്ടർ |
| 4. കറവപ്പശുക്കൾ | 367 |
| 5. കറവവറ്റിയവ | 148 |
| 6. പാലുല്പാദനം | 1623 ലി.പ്രതിദിനം |
| 7. ശാരാശരി പാലുല്പാദനം | 4.43 ലിറ്റർ |
| 8. സങ്കരയിനം കാലികൾ | 97.8 ശതമാനം |
| 9. നാടൻ കാലികൾ | 2.2 ശതമാനം |
| 10. കന്നുകുട്ടികൾ | 306 |
| 11. കിടാകരികൾ | 332 |
| 12. ആടുകൾ | 706 |
| 13. പന്നികൾ | 18 |
| 14. എരുമകൾ | ഇല്ല |
| 15. ആന | 3 |
| 16. താറവ് | 417 |
| 17. ഇറച്ചിക്കോഴി | 9 യൂണറ്റ് |
| 18. മുട്ടക്കോഴികൾ | 11548 |
| 19. കാട | ഇല്ല |
| 20പൂച്ചകൾ | 312 |
| 21. നായ്ക്കൾ | 212(കുത്തിവച്ചത്) |
| 22. നായ്ക്കൾ | 139(കുത്തിവെയ്ക്കാത്തത്) |





# മത്സ്യബന്ധനം

തൈക്കാട്ടുശ്ശേരി പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും അതിർത്തികൾ വേമ്പനാട്ടു കായലാണ്. 1, 2, 9 വാർഡുകളിലായി 4 കിലോമീറ്ററും 4, 5, വാർഡുകളായി 2 കിലോമീറ്ററും കായലോരമുണ്ട്. തൈക്കാട്ടുശ്ശേരി പഞ്ചായത്തിൻെറയും പാണാവള്ളി പഞ്ചായത്തിൻെറയുംഅതിർത്തിയിലൂടെയുള്ള പൂച്ചാക്കൽ തോട്കിഴക്കും പടിഞ്ഞാറുമുള്ള കായലിനെ ബന്ധിക്കുന്നു.

പഞ്ചായത്തിൽ 1,2,9,4,5,6,7,വാർഡുകളിലാണ് മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്നത്.പ്രധാനമായും ധീവര സമുദായത്തിൽപ്പെട്ടവരാണ് മത്സ്യതൊഴിലാളികൾ. ഒരു ദിവസം ശരാശരി 400-500കിലോഗ്രാം മത്സ്യം ശേഖരിക്കുന്നു.വേമ്പനാട്ട് കായലാണ്പ്രധാനമത്സ്യബന്ധനമേഖല. പിടിക്കപ്പെടുന്ന മത്സ്യം കൂടുതലും മറ്റു മേഖലകളിൽ വിപണനം നടത്തുന്നു. ഒരു ദിവസം പഞ്ചായത്തിൽ 600-700 കിലോഗ്രാം മത്സ്യം വിപണനം നടത്തുന്നു. വിൽക്കപ്പെടുന്നത് ഏറിയപങ്കും കടൽ മത്സ്യമാണ്.മത്സ്യബന്ധന മേഖലയിൽ ഏറിയ പങ്കും ജോലിചെയ്യുന്നത് പുരുഷൻമാരാണ്. എങ്കിലും വിപണനമേഖലയിൽ സ്ത്രീകൾക്കാണ് മുഖ്യസ്ഥാനം.

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്,ജൂൺ,ജൂലൈ ആഗസ്റ്റ് മാസങ്ങളിലാണ് പ്രധാനമായും മത്സ്യബന്ധനം നടക്കുന്നത്.സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ കായൽ ആഫ്രിക്കൻ പായലാൽ മൂടപ്പെടുന്നതിനാൽ മത്സ്യബന്ധനത്തിനു തടസ്സം നേരിടുന്നു.

ഇന്ന് കൃഷിയിടങ്ങളിൽ പലതിലും ശാസ്ത്രീയമായ മത്സ്യം വളർത്തൽ ആരംഭിച്ചിട്ടുണ്ട്. എങ്കിലും പരമ്പരാഗത മത്സ്യമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ശാസ്ത്രീയ മത്സ്യകൃഷികൊണ്ട് പ്രയോജനം ലഭിക്കുന്നില്ല. എന്നുമാത്രമല്ല പാടശേഖരങ്ങളിലെ നെൽകൃഷി ഇല്ലാതായതോടുകൂടി മത്സ്യസമ്പത്ത് പെരുകുവാനുള്ള സാധ്യതകൾ ഇല്ലാതായി. ഇത് പരിഹരിച്ചുകൊണ്ട് നെൽകൃഷിയും മത്സ്യകൃഷിയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു കൃഷിരീതിയാണ് നമുക്കാവശ്യം.

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ നാരൻചെമ്മീൻ കരിമീൻ എന്നിവയും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തെള്ളിച്ചെമ്മീൻ, ചൂടൻചെമ്മീൻ, കൂരി, കൊഴുവ, ആറ്റുകൊഞ്ച് എന്നിവയും ലഭിക്കുന്നു.

മത്സ്യത്തിൻെറ ലഭ്യത മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വളരെ കുറവാണ്. തണ്ണീർമുക്കം ബണ്ട് നവംബർ മുതൽ ജൂൺവരെ ഷട്ടറുകളടച്ചിടുന്നു. തൻമൂലം ഈ കാലങ്ങളിൽ കടൽവെള്ളം കായലുകളിലെയും പുഴകളിലേയും ശുദ്ധജലവുമായി സംയോജിക്കുന്നില്ല. ഇക്കാരണത്താൽ പല മത്സ്യങ്ങളുടെയും പ്രജനനം നടക്കുന്നില്ല. കൃഷിയിടങ്ങളിലെയും മത്സ്യംവളർത്തൽ കേന്ദ്രങ്ങളിലെയും വൻതോതിലുള്ള കീടനാശിനി പ്രയോഗവും, ചകിരിച്ചോർ കായലിൽ തള്ളുന്നതും മലിനജലം ഒഴുക്കുന്നതും മത്സ്യസമ്പത്തിൻെറ നാശത്തിനു വഴി തെളിക്കുന്നു.



### പ്രശ്നങ്ങൾ

1. മത്സ്യങ്ങളുടെ വംശനാശം
2. വാറ്റ്കെട്ടുകളിൽ ഉപയോഗിക്കുന്ന ഇലക്ട്രിക്ലൈറ്റ്
3. വേലിയേറ്റസമയത്ത് ഊന്നിവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം, മറ്റ് അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ.
4. പൊതുമാർക്കററിന്റെ അപര്യാപ്തത
5. ധനകാര്യസ്ഥാപനങ്ങളുടെ നിഷേധാത്മകമായ നിലപാടുകൾ.
6. മത്സ്യതൊഴിലാളികളുടെ ക്ഷേമകാര്യങ്ങളിലുള്ള പോരായ്മ.

### പരിഹാരങ്ങൾ

1. തണ്ണീർമുക്കംബണ്ട്എല്ലാകാലത്തും തുറന്നിടുക.
2. ജലമലിനീകരണം കർശനമായി തടയുക.
3. മത്സ്യരോഗത്തിന് ശാത്രീയമായ പ്രതിവിധി കാണുക.
4. മൺസൂൺ കാലങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നിരോധിക്കുക.
5. മത്സ്യതൊഴിലാളി ക്ഷേമസംഘങ്ങൾ രൂപികരിച്ച് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യം വിപണനം നടത്തുന്നതിനും. തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കുക.
6. മത്സ്യമേഖലയിലെ വിവിധവകുപ്പുകൾ സംയോജിപ്പിക്കുക.
7. പ്രാധമിക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക. (കുടിവെള്ളം,കക്കൂസ്,വീട്,വൈദ്യുതി, യാത്രാസൗകര്യം).
8. കായലോരങ്ങളിൽ ഫിഷ്ലാൻറിങ് സെൻററുകൾ നിർമ്മിക്കുക.
9. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ മത്സ്യതൊഴിലാളി കോളനിയായി പ്രഖ്യാപിക്കുക. എല്ലാ മത്സ്യതൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗമാക്കുക. 60 കഴിഞ്ഞ എല്ലാവർക്കും പെൻഷൻ ഏർപ്പെടുത്തുക, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
10. മത്സ്യത്തിന്റെ വംശനാശത്തിന് ഇടയാക്കുന്ന അശാത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ നിരോധിക്കുക മത്സ്യസമ്പത്ത് നിലനിർത്താനും മണ്ണൊലിപ്പുതടയാനുമായി കണ്ടൽ കാടുകൾ ഉണ്ടാക്കുക.
11. ശാത്രീയമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
12. എല്ലാജലാശയങ്ങളിലും മത്സ്യം വളർത്തൽ ആരംഭിക്കുക.
13. വിപണനകേന്ദ്രങ്ങൾനിർമ്മിക്കുക.

### കറുത്തകക്ക

വേമ്പനാട്ടുകായലിൽ നിന്നും കറുത്തകക്കാ ലഭിക്കുന്നു. അശാസ്ത്രീയമായ കക്കാ വാരൽ കക്കയുടെ വംശനാശത്തിന് ഇടവരുത്തും.

കക്കായിറച്ചി പോഷകഗുണമുള്ള ആഹാരമാണ്. ചെമ്മീൻ തീറ്റയ്ക്കായും മറ്റാവിശ്യങ്ങൾക്കായും കയറ്റുമതിയും ചെയ്യുന്നു. കക്കയുടെതോട് പല ആധുനിക വ്യവസായങ്ങൾക്കും അഭവാജ്യഘടമാണ്.



## ഗതാഗതം

ഏതൊരു ഗ്രാമത്തിൻേറയും വികസനത്തിന് അടിസ്ഥാനപരമായി വേണ്ടത് ഗതാഗതസൗകര്യമാണ്. പ്രകൃതിയുടെ പ്രത്യേകതമൂലം നമ്മുടെ പഞ്ചായത്തിൽ റോഡുനിർമ്മാണം വളരെയധികം ക്ലേശകരമാണ്. സംരക്ഷണവും അതുപോലെ തന്നെ. 50 വർഷം മുമ്പ് നമുക്ക് റോഡ് സ്വപ്നം മാത്രമായിരുന്നു. പള്ളിപ്പുറം ദ്വീപ് പ്രദേശത്തേയ്ക്കു് റോഡുണ്ടാക്കുക അസാദ്ധ്യം ആയിരുന്നു. അന്നു കുത്തുവഴികളാണ് ഉണ്ടായിരുന്നത്. വേമ്പനാട്ടുകായൽവഴി ബോട്ടുകളിലും, വള്ളങ്ങളിലും യാത്രചെയ്തിരുന്നു. ചരക്കു ഗതാഗതത്തിന് വലിയ കേവുവള്ളങ്ങൾ ഉപയോഗിച്ചിരുന്നു.

ചെങ്ങണ്ടപാലം നിർമ്മിക്കുന്നതിനു് മുമ്പുതന്നെ ചേർത്തല അരൂക്കുറ്റി റോഡുണ്ടായിരുന്നു. ബസ്സ് കോസ്റ്റ് സിൻറിക്കേറ്റിൻെറ വക കരി ഗ്യാസ് വണ്ടി ഓടിയിരുന്നു. നമ്മുടെ പഞ്ചായത്തിലെ പ്രധാന റോഡായ തുറവൂർ ഉദയനാപുരം എന്ന പേരിലറിയപ്പെടുന്ന തൈക്കാട്ടുശ്ശേരി-ഫെറി മാക്കേകടവു റോഡ് നിർമ്മിച്ചത് 1947 ൻെറ ആരംഭകാലത്താണ്. കേരളത്തിൽ ഗ്രാമ പ്രദേശത്ത് 3 കിലോമീറ്റർ ദൈർഘ്യമുള്ള നേർരേഖറോഡ് അപൂർവ്വമാണ്. 2-ാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തിയാണ് 1954 - 55 ൽ ചിറയ്ക്കൽനിന്നുംതെക്കോട്ടുപഞ്ചായത്തതിർത്തി വരെയുണ്ടായിരുന്ന നടവഴി റോഡാക്കിയത് (എം.എൽ.എ റോഡ്). അതുപോലെ പ്രൈമറി സ്ക്കൂൾ കവല (പി എസ്സ് കവല ) വടക്കോട്ടുസഞ്ചാരത്തിന് ചുടുകാട്ടുംപുറം റോഡും നിർമ്മിച്ച് പ്രസ്തുത റോഡിൻെറ ഭൂമി പൂർണ്ണമായും തൈക്കാട്ടുമന വകയാണ്. പി.എസ്സ് കവല- മുട്ടത്തിപറമ്പ് ഈ കാലത്തു നിർമ്മിച്ചു. ഉളവയ്പ്, ചെളിയും പാടങ്ങളും നിറഞ്ഞപ്രദേശമായിരുന്നു. ഡോക്ടർ മൈക്കിൾ തരകൻെറ നേതൃത്വത്തിൽ നാട്ടുകാരും ഐക്കഫുംചേർന്ന് നിർമ്മിച്ച നടപ്പാതയാണ് പിന്നീടു് പൂച്ചാക്കൽ കോടംതുരുത്ത് ഫെറി റോഡായത്.1959-ൽ ചെങ്ങണ്ടപ്പാലം പൂർത്തിയാക്കിയതോടെ നമ്മുടെ പ്രദേശത്ത് വികസനത്തിൻെറ ആദ്യകിരണം കണ്ടുതുടങ്ങി. റോഡുനിർമ്മാണവുമായിബന്ധപ്പെട്ടു നമ്മുടെ മുതിർന്ന തലമുറ നടത്തിയ കഠിനാദ്ധ്വനം, സഹകരണം, തുറന്ന മനസ് എന്നിവ അനുകരണീയങ്ങളാണ്. കഴിഞ്ഞ 15 വർഷമായി റോഡുനിർമ്മാണത്തിൽ വളരെയധികം മുമ്പോട്ടുപോയിട്ടുള്ള പഞ്ചായത്താണ്നമ്മുടേതെങ്കിലും പല റോഡുകളുംഅപൂർണ്ണമായതിനാൽലക്ഷ്യം കൈവരിക്കാൻകഴിഞ്ഞിട്ടില്ല.

ചെറുകിട വ്യവസായ മേഖലയിൽ കയർ വ്യവസായ വികസനത്തിന് ഗ്രമീണ റോഡുകൾ സഹായകമായിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ടിൻെറ സിംഹഭാഗവും കഴിഞ്ഞ കാലങ്ങളിലുപയോഗിച്ചിരുന്നത് റോഡിന് വേണ്ടിയാണ് എന്നിട്ടും ചില വാർഡുകളിൽ റോഡുകളുടെ അപര്യാപ്തത നിലനിൽക്കുന്നു.ഭൂരിഭാഗം ജനങ്ങൾക്കുംഉപകാരപ്പെടുക എന്ന ചിന്തയിൽ നിന്നും മാറി "എനിക്ക് ലഭിച്ചാൽ അവിടെനിൽക്കട്ടെ" എന്ന ചിന്തയിലേയ്ക്ക് റോഡു വികസനം മാറി എന്ന ദു:ഖ സത്യം ഇവിടെ പറയാതെ തരമില്ല.

ഇത് പരിശോധിയ്ക്കപ്പെടേണ്ടതാണ്. ഇനിയും നിരവധി പ്രദേശങ്ങളിൽ റോഡുകൾ എത്തേണ്ടതുണ്ട് പൂർത്തീകരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ റോഡുകളുടെ പ്രയോജനം എല്ലാവർക്കും ലഭിയ്ക്കുകയുള്ളു.

### പ്രശ്നങ്ങൾ

റോഡു നിർമ്മാണത്തിന് സ്ഥലംലഭ്യമല്ല.പൂർത്തികരിക്കാത്തറോഡുകൾ. വെള്ളകെട്ടുകൾ നികത്തി പോകാൻ ചെലവുകൾ ഏറുന്നു. സ്ഥാപിതതാല്പര്യങ്ങൾ സംരക്ഷിക്കൽ അശാസ്ത്രീയ നിർമ്മാണരീതിറോഡിൻെറ ഗുണത്തെപ്പറ്റിയുള്ള ബോധത്തിൻെറ കുറവ്. അനുവദിക്കപ്പെട്ടതിൽ കൂടുതലായ ഉപയോഗം. ഉയർന്ന പ്രദേശത്തെ അറ്റ കുറ്റപ്പണികളുടെ ഭാരിച്ച ചെലവ്.

### ഗ്രാമസഭാ ആവശ്യങ്ങൾ

പൂർത്തിയാക്കേണ്ടതും നിർമ്മിക്കേണ്ടതുമായ റോഡുകൾ

വാർഡ് - 1 പഞ്ചായത്ത് - മുരിങ്ങോത്ത് റോഡ്,തൈക്കാതൃക്കൽക്ഷേത്രം-ചോളത്തറ റോഡ്, പി.എസ.കവല് - ചുടുകാട്ടുംപുറംറോഡ്, കട്ടക്കുഴി-ചന്ദ്രശ്ശേരിറോഡ്,കോണത്തുകവല-ചൂരമന റോഡ്, വല്യാറകടവു റോഡ്,വല്യറ-കോപ്പായി പാലം നിർമ്മിയ്ക്കുക.

വർഡ് – 2.

കുരിശുകടവ് – സ്രാമ്പി റോഡ് പൂർത്തിയാക്കുക. മൃഗാശുപത്രി- പനക്കാംതോട് റോഡ് നിർമ്മിയ്ക്കുക. പി.എസ് കവല – പോളേക്കടവ് റോഡിൽനിന്നും നിർദ്ദിഷ്ട സ്രാമ്പി കുരിശുകടവ് റോഡിലേക്കും കായൽതീരത്തിലേയ്ക്കുംറോഡുകൾ നിർമ്മിയ്ക്കുക. മൈത്രി റോഡുപൂർത്തിയാക്കുക.

വാർഡ് – 3

മാവേലി – മേക്കരവെളി റോഡ് പൂർത്തികരിക്കുക. പനിയാത്ത് – കോട്ടംപറമ്പ് റോഡ് നിർമ്മിയ്ക്കുക. മേനാംപറമ്പ് – ചക്കാലയ്ക്കൽ മാവേലി വരെയും, കുഴിപ്പറമ്പ് – ചീരാംപറമ്പ് റോഡുകൾ പൂർത്തീകരിയ്ക്കുക.

വാർഡ് – 4

ശ്മശാനം – വാട്ടർ ടാങ്ക് റോഡ് പൂർത്തീകരിയ്ക്കുക. ചീരാത്തുകാട് – പൂച്ചാക്കൽ റോഡ് പൂർത്തീകരിക്കുക. ട്രൈബൽ കോളനി – മാക്കേക്കടവ് റോഡ് നിർമ്മിയ്ക്കുക.

വാർഡ് 5

മാക്കേക്കടവ് – മണപ്പുറം ഫിഷർമെൻ കോളനി റോഡ്, ചേർത്തല അരൂക്കുറ്റി റോഡിൽ നിന്നും കിഴക്കോട്ട് ഫിഷറീസ് സ്ക്കൂളുവഴിയും വാട്ടർ ടാങ്കുവഴിയും റോഡ് നിർമ്മിക്കുക.

വാർഡ് – 6

നഗരി – പൊൻപുറം റോഡ് നിർമ്മിക്കുക. കന്നുകുളം – തുകലുകുത്തും കടവ് റോഡ് പൂർത്തിയാക്കുക. വേലംവെളി – നളന്ദ റോഡ് പൂർത്തിയാക്കുക.

വാർഡ് – 7

കണ്ണാടി – ചാലുനികർത്ത് റോഡ് പൂർത്തിയാക്കുക. ചാലുനികർത്തിൽ ചിറയ്ക്കൽ റോഡ് പൂർത്തിയാക്കുക. ഏലുക്കോട് – ചിറയ്ക്കൽ റോഡ്, തേവർവട്ടം അടുവയിൽ കോളനിറോഡ് പൂർത്തിയാക്കുക.

വാർഡ് – 8

കുളങ്ങര ശ്മശാനം – പരിമണം റോഡ്നിർമ്മിക്കുക. അടുവയിൽ പഴയമനയ്ക്കൽ റോഡ്.

വാർഡ് – 9

കോപ്പായി – ചുടുകാട്ടുംപുറം, അപ്പോളോ പുളുക്കി റോഡ്, പൂക്കൈതെ – പുളുക്കി, കോടംതുരുത്ത് കോപ്പായി റോഡ് പൂർത്തിയാക്കുക.

വാർഡ് – 10

മണപ്പുറം – പെരിങ്ങലം – മറ്റത്തിവെളി റോഡ് പൂർത്തിയാക്കുക. ചാത്തനാട് – അടുവയിൽ റോഡ് പൂർത്തീകരിയ്ക്കുക. കുഞ്ചൻകുഴി – വേലംവെളി നിർമ്മിക്കുക.

<u>സാധ്യതകൾ</u>

റോഡിന് സ്ഥലം നൽകുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നു എന്ന വിവേകപൂർവ്വമായ ചിന്ത ഉണ്ടാക്കുക. നാടിന്റെ നൻമയ്ക്കുവേണ്ടി വിട്ടുവീഴ്ചാ മനോഭാവം ഉണ്ടാകുക. നിർമ്മാണം ആരംഭിക്കുമ്പോൾ തന്നെ പൂർത്തിയാക്കാം എന്ന് ഉറപ്പുവരുത്തുക. നിർമ്മാണത്തിൽ അവികസിത മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുക. 300 മീറ്റർ അകലത്തിലെങ്കിലും റോഡ് സൗകര്യം ഉറപ്പു വരുത്തുക. പൊതു ജലാശയങ്ങൾ നികത്തിയുള്ള റോഡ് നിർമ്മാണം നിരുത്സാഹപ്പെടുത്തുക. നിർമ്മാണത്തിലെ വിവിധ ഏജൻസികളെ സംയോജിപ്പിക്കുക. വാർഡുതല സമിതികൾ ഉണ്ടാക്കുക.

മുൻഗണന നിശ്ചയിക്കുമ്പോൾ ഉപഭോക്താക്കളുടെ എണ്ണം, വികസനസാധ്യതകൾ, ചെലവുകുറവ്, പ്രദേശവാസികളുടെ സഹകരണം എന്നിവ പരിശോധിക്കണം.

പ്രദേശികമായി നിരവധി നിർദ്ദേശങ്ങളും,ആശകളും ഉണ്ടെങ്കിലും അവ നടപ്പിലാക്കുവാൻ ഓരോരുത്തരുടേയും സജീവ പങ്കാളിത്തവും, സഹകരണവും, അധ്വാനശക്തിയും ആവശ്യമാണ്.

തൈക്കാട്ടുശ്ശേരി ഫെറിവരെ ബസുകൾ എത്തിച്ചേരുക, അരൂക്കുറ്റിയ്ക്ക് സർവീസ് ആരംഭിക്കുക. ഉളവയ്പ് ചേർത്തല സർവീസ് ആരംഭിക്കുക. പടിഞ്ഞാറും കിഴക്കും ഫെറികളിൽ ചങ്ങാട സർവീസ് ആരംഭിക്കുക. എം.എൽ.ഏ റോഡിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുക, ചിറയ്ക്കൽ പാണാവള്ളി പാലം നിർമ്മിക്കുക, ഐ.എച്ച്ഡി.പി കോളനി – അംബേദ്കർ കോളനി പാലം നിർമ്മിക്കുക. അല്പം കടന്ന ആഗ്രഹമാണെങ്കിലും തൈക്കാട്ടുശ്ശേരി – തുറവൂർ പാലം ഈ നാടിന്റെ വികസനത്തിന് മുതൽക്കൂട്ടാകും.

നിലവിലുള്ള റോഡുകളുടെയും തോടുകളുടെയും പാർശ്വഭാഗങ്ങൾ കയ്യേറുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പൂച്ചാക്കൽ ടൗൺ, പി.എസ് കവല എന്നിവിടങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. പൂച്ചാക്കൽ ഒരു പെട്രോൾ ബങ്ക് അനുവദിക്കുക.

C

| നിലവിലുള്ള റോഡുകൾ | നീളം | വീതി | ഗ്രാവൽ | ടാർ | ടാർചെയ്യേണ്ടത് | വൈദ്യുതീകരിക്കേണ്ടത് |
|---|---|---|---|---|---|---|
| പഞ്ചായത്ത്ഓഫീസ് – കോച്ചേരി | 500മീ. | 3.5മീ | X | | | X |
| പി.എസ് കവല – ചുടുകാട്ടുംപുറം | 1300മീ. | 6മീ | | X | X | |
| വല്യാറ – കോപ്പായി | 110മീ. | 3.5മീ | X | | X | |
| കുരിശുകവല – സ്രാമ്പി | 225മീ. | 3മീ. | X | | X | X |
| ദേവീക്ഷേത്രം – മുട്ടുംപുറം | 276മീ. | 3മീ. | X | | X | X |
| സ്രാമ്പി – കുരിശുകവല | 540മീ. | 3മീ. | X | | X | X |
| പി.എസ്. കവല – ശാന്തിക്കവല | 2600മീ. | 6മീ. | | X | X | |
| കുഴിപ്പറമ്പ് – ചീരാംപറമ്പ് | 370മീ. | 3.5മീ. | X | | X | X |
| മണിയാതൃക്കൽ – പനിയാത്ത് | 750മീ. | 3.5മീ. | | X | X | |
| പനിയാത്ത് – ഈച്ചരംകാട് | 450മീ. | 3.5മീ. | X | | X | X |
| പനിയാത്ത് – കോട്ടംപറമ്പ് | 450മീ. | 4മീ. | X | | X | X |
| ഈച്ചരംകാട് – കോളനി | 500മീ. | 4മീ. | X | | X | X |
| മാക്കേക്കടവ് – കോളനി | 500മീ. | 4മീ. | X | | X | |
| മാക്കേക്കടവ് – കോപ്പായി | 300മീ. | 3മീ. | X | | X | X |
| ശ്മശാനം – വാട്ടർടാങ്ക് | 260മീ. | 3മീ. | X | | X | |
| മണപ്പുറം – കണിയാംവെളി | 700മീ. | 4മീ. | X | | X | X |
| മണപ്പുറം – മാക്കേക്കവല | 800മീ. | 3.5മീ. | X | | X | |
| മണപ്പുറം – ക്രിസ്തുപാൽ | 400മീ. | 4മീ. | | X | X | |
| നളന്ദ – പൊൻപുറം | 270മീ. | 3.5മീ. | X | | X | X |
| കൊല്ലേക്കാട് – വേമ്പനാട്ടുകായൽ | 260മീ. | 3മീ. | X | | X | X |
| വരേകാട് – വേമ്പനാട്ടുകായൽ | 230മീ. | 3മീ. | X | | X | X |
| കുന്നുകുളം – വേമ്പനാട്ടുകായൽ | 260മീ. | 3മീ. | X | | X | X |
| പുളിക്കൽ – കണിയാംവെളി | 1300മീ. | 4മീ. | X | | X | X |
| പൂച്ചാക്കൽ – ചിറയ്ക്കൽ | 1200മീ. | 4മീ. | | X | X | X |
| എച്ച്.എസ് ജംഗ്ക്ഷൻ – എലിക്കാട്ടുക്ഷേത്രം | 375മീ. | 3.5മീ. | X | | X | X |
| കണ്ണാടി ജംഗ്ഷൻ – എലിക്കാട്ടുകോളനി | 200മീ. | 3മീ. | X | | X | X |
| ചീരാത്തുകാട് – ശ്മശാനം | 630മീ. | 4മീ. | X | | X | X |
| മുരിഞ്ഞോത്ത് – പരിമണം | 1000മീ. | 3മീ. | X | | X | X |
| ചുരമന – വല്യാറ | 300മീ. | 4മീ. | X | | X | X |

| | | | | | |
|---|---|---|---|---|---|
| പൂക്കൈത – കൊല്ലശ്ശേരി | 1400മീ. | 4മീ. | X | | X |
| കൂട്ടുങ്കൽ – കോപ്പായി | 500മീ. | 3.5മീ. | X | | X |
| ഉളവയ്പ് – ചുടുകാട്ട്പുറം | 900മീ. | 4മീ. | X | | X |
| പൂച്ചാക്കൽ – കോടംതുരുത്ത് | 1600മീ. | 6മീ. | | X | |
| അപ്പോളോജംഗ്ഷൻ – പുളുക്കി | 245മീ. | 4മീ. | X | | |
| ടെലികോം – വേലംവെളി | 900മീ. | 3.5മീ. | X | | |
| വേലംവെളി – വരേകാട് | 100മീ. | 3.5മീ. | X | | |
| മണപ്പുറം – പെരിങ്ങലം | 385മീ. | 3.5മീ. | X | | |
| കുഞ്ചൻകുഴി – വേലൻവെളി | 125മീ. | 3.5മീ. | X | | |
| അടുവയിൽ – കൂട്ടുപുറം കോളനി | 150മീ. | 3.5മീ. | X | | |

## മാർക്കറ്റ്

ഗ്രാമത്തിനു പൊതുവായി വാണിജ്യകേന്ദ്രം ഉണ്ടാവുക എന്നത് വികസനത്തിന്റെ ഭാഗമാണ്. ഉല്പാദനമേഖലയിലൂടെ കാർഷിക മേഖല വികസിക്കുമ്പോൾ വിളകൾ ഉൾപ്പടെയുള്ള ഉല്പന്നങ്ങളുടെ വിപണനത്തിന് മാർഗ്ഗങ്ങൾ കണ്ടെത്തിയേതീരൂ.

നിലവിൽ പഞ്ചായത്തിൽ ഒരു സ്വകാര്യ മാർക്കറ്റും പൂച്ചാക്കൽ ടൗണിൽ പഞ്ചായത്തു വക മാർക്കറ്റുമാണ് ഉള്ളത്. എന്നാൽ സ്വകാര്യ മാർക്കറ്റ് കാലാകാലങ്ങളായി (ഇറച്ചി വിൽപ്പനയൊഴികെ) പ്രവർത്തിക്കുന്നില്ല. അംഗീകൃതമല്ലാത്ത അന്തിച്ചന്തകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്.പി.എസ് കവല, മാക്കേക്കവല, എന്നിവിടങ്ങളിലെ മാർക്കറ്റുകൾ അംഗീകൃതമല്ലാത്തവയാണ്. ഈ മാർക്കറ്റുകൾ അടിയന്തിരമായി ഒഴിവാക്കി പുതിയ സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

പൊതു വിപണന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളില്ല. പഞ്ചായത്ത് വക മാർക്കറ്റിൽ അനധികൃത കൈയേറ്റം, റോഡരികിലെ കച്ചവടം, വാഹനാപകട സാധ്യത ഉണ്ടാക്കുന്നു. മലിനീകരണം സൃഷ്ടിക്കുന്നു. വിവിധ വകുപ്പുകളുടെ അശ്രദ്ധ, നിലവിലുള്ള മാർക്കറ്റിന്റെ ശോച്യാവസ്ഥ, മാലിന്യങ്ങളുടെ അശാസ്ത്രീയമായ നിക്ഷേപം.

### സാധ്യതകൾ

പടിഞ്ഞാറേകായൽതീരത്ത് പഞ്ചായത്തു വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് കം മാർക്കറ്റുണ്ടാക്കുക. മാക്കേക്കവലയിൽ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കുക. പൂച്ചാക്കൽ മാർക്കറ്റ് നവീകരിക്കുക, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു ചരക്കിറക്ക് സ്ഥലങ്ങൾ ഉണ്ടാക്കുക. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പരിശോധന കർശനമാക്കുക. മീൻ, പച്ചക്കറി, ഇറച്ചി എന്നിവ അനധികൃത ചന്തകളിൽ വിൽക്കുന്നത് കർശനമായി നിരോധിക്കുക വിവിധ ഡിപ്പോർട്ടുമെന്റുകളുടെ പരിശോധന കർശനമാക്കുകയും, ബോധവത്കരണം നടത്തുകയും ചെയ്യുക. കുറച്ച് സ്ഥലത്ത് കൂടുതൽ സൗകര്യം എന്ന രീതിയിൽ നിർമ്മാണം നടത്തുക.

## വനം

നമ്മുടെ നാട്ടിൽ വനവത്കരണത്തിന്റെ ആവശ്യകത ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കഴിഞ്ഞ തലമുറ വച്ചുപിടിപ്പിച്ച മരങ്ങളെല്ലാം വിവിധ ആവശ്യങ്ങൾക്കായി നാം ഉപയോഗപ്പെടുത്തിയിരിക്കുന്നു. പകരം മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ നാം ശ്രദ്ധിക്കാറില്ല. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനും അടുത്ത തലമുറയ്ക്കായി നമുക്ക് നൽകുവാൻ കഴിയുന്നതുമായ രീതിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്. അങ്ങിങ്ങു കാണുന്ന സർപ്പക്കാവുകളും വൻമരങ്ങളും സംരക്ഷിക്കപ്പെടേണ്ടവയാണ്. ഒരു മരം മുറിയ്ക്കുമ്പോൾ പകരം പത്ത് മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നതാകട്ടെ നമ്മുടെ പ്രകൃതിസ്നേഹത്തിന്റെ അടയാളം. നമ്മുടെ കുട്ടികളെ ഇക്കാര്യത്തിൽ ബോധവത്കരിക്കുവാൻ നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം.



# ഊർജ്ജം

ഊർജ്ജരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് തൈക്കാട്ടുശ്ശേരി.

വൈദ്യുതിയുടെ അപര്യാപ്തത പഞ്ചായത്തിൻെറ മൊത്തം വികസനത്തെ സാരമായി ബാധിക്കുന്നു. വ്യാവസായിക കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉള്ള വൈദ്യുതിപോലും പരിമിതമെന്നിരിക്കെ ഗാർഹിക ആവശ്യത്തിനുള്ള ഊർജ്ജം മറ്റു മാർഗ്ഗങ്ങളിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമല്ല.
2. കണക്ഷൻ ലഭിക്കുന്നതിന് ഭൂവുടമകളുടെ അനുവാദംകിട്ടായ്ക.
3. പ്രസരണ നഷ്ടവും അനാവശ്യമായ ഉപയോഗവും.
4. ബോധവത്കരണത്തിൻെറ അഭാവം.
5. വിറക്, മണ്ണെണ്ണ ഇവയുടെ അപര്യാപ്തത.

നമ്മുടെ പഞ്ചായത്തിൽ മാക്കേക്കവലയിൽ 110കെ.വി. സ്റ്റേഷൻ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തു പരിധിയിൽ 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. തൈക്കാട്ടുശ്ശേരി, വല്യാറ,ചൂരമന, ഉളവയ്പ്, 1CM, ലാവണ്യ, മാക്കേക്കടവ്, മണിയാതൃക്കൽ, പുതിയേടത്ത്, ശാന്തിക്കവല എന്നിവിടങ്ങളിൽ അവ സ്ഥാപിച്ചിരിക്കുന്നു. വൈദ്യുതി കണക്ഷനുവേണ്ടി ധാരാളം ആളുകൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും അനുവദിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിൻെറ കീഴിൽ സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും എത്തിപ്പെട്ടിട്ടില്ല. കുറെ ബൾബുകൾ ഉണ്ടെന്നല്ലാതെ മെർക്കുറി വേപ്പർ, സോഡിയം വേപ്പർ എന്നിവ സ്ഥാപിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ 7ഹരിജൻകോളനികളാണ് ഉള്ളത്. ഭാഗികമായിപ്പോലും ഈ കോളനികൾ വൈദ്യുതീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ കടുത്ത വൈദ്യുതി പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ ഗാർഹിക ആവശ്യത്തിനുള്ള ഊർജ്ജം മറ്റു തരത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

## പരിഹാര മാർഗ്ഗങ്ങൾ

1. പഞ്ചായത്തിൻെറ കൂടുതൽ ഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. അനാവശ്യമായ ഉപഭോഗം കർശനമായി നിയന്ത്രിക്കുകയും ദുരുപയോഗം ചെയ്യുന്നവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
3. ഗാർഹികാവശ്യത്തിനുള്ള ഊർജ്ജം വൈദ്യുതിയെ ആശ്രയിക്കാതെ പാരമ്പര്യ ഊർജ്ജസ്രോതസ്സുകളേയും ബയോഗ്യാസ്, ദക്ഷത കൂടിയ അടുപ്പ്, സൗരോർജ്ജം എന്നിവയെ പ്രോത്സാഹിപ്പിക്കുക.
4. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക, പ്രധാന കവലകളിൽ മെർക്കുറി വേപ്പർ, സോഡിയം വേപ്പർലാമ്പുകൾ എന്നിവ സ്ഥാപിക്കുക.
5. എല്ലാ ഹരിജൻകോളനികളും വൈദ്യുതീകരിക്കുക.
6. വ്യാവസായികാവശ്യത്തിനും കാർഷികാവശ്യത്തിനുമല്ലാതെ 3 Phase കണക്ഷൻഅനുവദിക്കാതിരിക്കുക.
7. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.
8. അലങ്കാരദീപങ്ങൾ പോലുള്ള അനാവശ്യ ഉപയോഗം നിയമം മുഖേന തടയുക.
9. C.F.L ലാമ്പുകൾ സ്ഥാപിക്കുക.
10. വിൻറ്മില്ല് പരീക്ഷണാടിസ്ഥാനത്തിൽ കായൽത്തീരത്ത് സ്ഥാപിക്കുക.
11. വൈദ്യുതി പ്രസരണനഷ്ടം ഒഴിവാക്കാൻ വാർഡുതല കമ്മറ്റികളുടെ നേതൃത്വത്തിൽ ടെച്ച് വെട്ടുക.
12. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.
13. മത്സ്യംവാറ്റിന് വൈദ്യുതിവിളക്ക് ഒഴിവാക്കുക..

## പുകയില്ലാത്ത അടുപ്പുകൾ

വിറക്ക്ഷാമം ബാധിച്ചിട്ടുള്ള നമ്മുടെ ഗ്രാമത്തിൽ പുകയില്ലാത്ത പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുകയും ഇവ സ്ഥാപിക്കുകയും ചെയ്യുകവഴി ഇന്ധനക്ഷാമം പരിഹരിക്കുകയും വീടിൻെറ ശുചീകരണവും വീട്ടമ്മയുടെ ആരോഗ്യരക്ഷയും ഉറപ്പുവരുത്തുകയും ചെയ്യുക.



# വിദ്യാഭ്യാസം

സ്വാതന്ത്ര്യം ലഭിക്കുന്നതിനു വളരെ മുമ്പു തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിൽ സൗകര്യമുണ്ടായിരുന്നു. വർണ്ണ – വർഗ്ഗ വ്യത്യാസമന്യേ പരസ്പരം ഇടപെടുന്നതിനും സ്നേഹിക്കുന്നതിനും ഇത് കാരണമായിരുന്നു. എന്നാൽ പ്രാഥമിക വാദ്യാഭ്യാസത്തിൻെറ പ്രാരംഭ ദശയിൽ ഏകാശ്രയമായിരുന്ന കുടിപ്പള്ളിക്കുടങ്ങളിൽ നിലനിന്നിരുന്ന വർണ്ണ വ്യത്യാസങ്ങൾ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് കൂടുതൽ പ്രേരകമായി ഭവിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നേടിയവർ തുടർവിദ്യാഭ്യാസത്തിനായി അയൽ പ്രദേശങ്ങളിലെ ഹൈസ്ക്കൂ ളുകളെയാണ് ആശ്രയിച്ചിരുന്നത്.

1950ന് മുമ്പ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയവർ കേവലം 2%വും മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസം നേടിയവർ 10%വും പ്രാഥമിക വിദ്യാഭ്യാസം നേടിയവർ 25%വും മാത്രമായിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം തേവർവട്ടം എൽ.പി. സ്ക്കൂളാണ്. ഈ വിദ്യാലയം 1898ലാണ് സ്ഥാപിച്ചത്. ഇന്ന് 3 ലോവർ പ്രൈമറി സ്ക്കൂളുകളും 2 യു.പി. സ്ക്കൂളുകളും, 3ഹൈസ്ക്കൂളുകളുമടക്കം ആകെ 8 സ്ക്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. 2 ഹൈസ്ക്കൂളുകളിൽ എൽ.പി,യു.പി,എച്ച്.എസ് വിഭാഗങ്ങളും ഒരു ഹൈസ്ക്കൂളിൽ യു.പി,എച്ച്.എസ് വിഭാഗങ്ങളുമുണ്ട്. ഇവയിൽ സർക്കാർ മേഖലയിൽ ഒരു ഹൈസ്ക്കൂളും ഒരു യു.പി. സ്ക്കൂളും 2 എൽ.പി സ്ക്കൂളുകളും, സ്വകാര്യമേഖലയിൽ 2 ഹൈസ്ക്കൂളുകളും ഒരുയു.പി സ്ക്കൂളും ഒരു എൽ.പി സ്ക്കൂളും ഉൾപ്പെടുന്നു. കൂടാതെ ഒരു അൺ എയിഡഡ് സ്ക്കൂളും 3 മലയാളം നേഴ്സറി സ്ക്കൂളും ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറിസ്ക്കൂളും 2 ഹിന്ദി വിദ്യാലയങ്ങളുമുണ്ട്. അനൗപചാരിക രംഗത്ത് 5 ആശാൻ കളരികളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ ആരോഗ്യ പരിപാലനവും,സംഘബോധവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിലുള്ള 20 അംഗനവാടികളും പ്രവർത്തിക്കുന്നുണ്ട്.

പൊതു വിദ്യാഭ്യാസ മേഖലയിൽ 140 അദ്ധ്യാപകർ സേവനരംഗത്തുണ്ട്. 20 അംഗനവാടികളിലായി 20വർക്കർ 20 ഹെൽപ്പർമാരും (വനിതകൾ) പ്രവർത്തിക്കുന്നു. പൊതു വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു. ഇതിനുകാരണമായി പറയപ്പെടുന്നത് അൺ എയിഡഡ് സ്ക്കൂളുകളുടെ കടന്നുകയറ്റവും സ്വകാര്യമേഖലയിലെ അനാവശ്യമായ പ്രചരണ പ്രവർത്തനങ്ങളും മത്സരങ്ങളുമാണ്. പൊതു വിദ്യാഭ്യാസ മേഖലയെ കൂടുതൽ ആകർഷകമാക്കാനാവശ്യമായ ഇടപെടൽ സ്ക്കൂൾ കോംപ്ലക്സ് പോലെയുള്ള പ്രവർത്തനങ്ങളിലൂടെ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസമുള്ള ഒരു സമൂഹം നാടിൻെറ നാനാവിധമായ പുരോഗതിക്ക് മുതൽ കൂട്ടാണ്. ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്തുവാൻ മുഴുവൻ ജനങ്ങളുടേയും ഫലപ്രദമായ ഇടപെടൽ അത്യാവശ്യമാണ്.

## ഗവ.ഹൈസ്ക്കൂൾ തേവർവട്ടം

1898ലാണ്ഈ വിദ്യാലയം സ്ഥാപിച്ചത്. ആദ്യം എൽ.പി. സ്ക്കൂളായിട്ടാണ് പ്രവർത്തിച്ചിരുന്നത്. 1961ൽ എൽ.പി. സ്ക്കൂൾ യു.പി സ്ക്കൂളായും 1974ൽ ഹൈസ്ക്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ജില്ലയിൽ ഒരു കാലത്ത് ഏറ്റവും മികച്ച ഗവ.ഹൈസ്ക്കൂളായിരുന്ന ഇവിടെ ഇപ്പോൾ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറഞ്ഞു വരികയാണ്. തൊട്ടടുത്ത് 2 ഹൈസ്ക്കൂളുകൾ പുതുതായി ആരംഭിച്ചതും അൺ എയിഡഡ് സ്ക്കൂളിൻെറ ആവിർഭാവവും ദൂരസ്ഥലങ്ങളിലയച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്ന പുതിയ പ്രവണതയും ഈ സർക്കാർ വിദ്യാലയത്തിൻെറ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി വിജയശതമാനം ഇടയ്ക്കൊന്നു കുറഞ്ഞെങ്കിലും ഇപ്പോൾ വിജയശതമാനം വർദ്ധിപ്പിക്കുവാൻ അദ്ധ്യാപകരും സ്ക്കൂൾ പി.റ്റി.എ യും നിരന്തരം പരിശ്രമിക്കുന്നുണ്ട്. പുതിയ ഇരു നില കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിച്ചതിനാൽ സ്ക്കൂളിൻെറ ഭൗതികസാഹചര്യം മെച്ചപ്പെട്ടിട്ടുണ്ട്. തൈക്കാട്ടുശ്ശേരി ബ്ലോക്കിൻെറ ഹൃദയഭാഗത്തുള്ള ഈ ഗവ.ഹൈസ്ക്കൂൾ ഹയർ സെക്കൻററി സ്ക്കൂളാക്കി ഉയർത്തേണ്ടതാവശ്യമാണ്. പി.റ്റി.എ നന്നായി പ്രവർത്തിക്കുന്നു. 35 അദ്ധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു.

### എസ്.എം.എസ്.ജെ.ഹൈസ്ക്കൂൾ

തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ എന്ന ബഹുമതിയുള്ള ഈ മാനേജ്മെൻറ് സ്ക്കൂൾ രാജഭരണത്തിൻെറ ഓർമ്മകൾ ഉണർത്തുന്ന നാമധേയത്തിലാണ് പ്രവർത്തിക്കുന്നത്. ശ്രീമൂലം സിൽവർ ജൂബിലി ഹൈസ്ക്കൂൾ എന്നാണ് മുഴുവൻ പേര്. 28-5-1912ൽ യു.പി. സ്ക്കൂളായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം 1949ൽ ഹൈസ്ക്കൂളാക്കി ഉയർത്തപ്പെട്ടു. 16 വനിതാ അദ്ധ്യാപകർ ഉൾപ്പടെ 30 അദ്ധ്യാപകർ ജോലി ചെയ്യുന്നു. കഴിഞ്ഞ 5 വർഷങ്ങളായി വിദ്യാർത്ഥികളുടെ എണ്ണം ഇവിടെ കുറഞ്ഞുവരികയാണ്. എസ്.എസ്.എൽ.സി വിജയശതമാനത്തിൻെറ കാര്യത്തിൽ ആകർഷണീയമായ ഒരു നിലവാരം പുലർത്തിയിരുന്ന സ്ഥാപനമാണിത്. വിദൂരസ്ഥലങ്ങളിലയച്ച് കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കൽ എന്ന രക്ഷകർത്താക്കളുടെ സങ്കുചിതമായ മനോഭാവം ഈ സ്ക്കൂളിൻെറ നിലവാരം പിന്നോട്ടുപോകുന്നതിന് കാരണമായിട്ടുണ്ട്. സ്ക്കൂളിൻെറ പ്രവർത്തനത്തിൽ പി.റ്റി.എയുടെ സഹകരണം ഉണ്ട്.

### സെൻറ് തെരേസാസ് ഹൈസ്ക്കൂൾ മണപ്പുറം

1938 ൽ എൽ.പി സ്ക്കൂളായി പ്രവർത്തനമാരംഭിച്ച ഈസ്ക്കൂൾ 1964ൽ യു.പി സ്ക്കൂളായും 1982 ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു. സി.എം.ഐ സഭയുടെ നേതൃത്വത്തിലുള്ള കോ-ഓപ്പറേറ്റ് മാനേജ്മെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ക്കൂളിൽ ഹെഡ്മാസ്റ്ററുൾപ്പടെ 33 അദ്ധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. അനദ്ധ്യാപകർ 4 പേർ. 1992ൽ 100% വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വിജയിച്ച ചരിത്രം ഈ സ്ക്കൂളിനുണ്ട്. പക്ഷെ 96 ആയപ്പോൾ വിജയശതമാനം 86 % ആയികുറഞ്ഞിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 5വർഷമായി എസ്.എസ്.എൽ.സി കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്ന പ്രവണത ഈ സ്ക്കൂളിൻെറ മാത്രം പ്രത്യേകതയാണ്. പി.റ്റി.എ യുടെ പ്രവർത്തനം സഹായകരമാണ്.

### ഗവ.യു.പി സ്ക്കൂൾ തൈക്കാട്ടുശ്ശേരി

പെൺപള്ളിക്കൂടം എന്ന് ഒരുകാലത്ത് അറിയപ്പെട്ടിരുന്ന ഒരു എൽ.പി.സ്ക്കൂളും മലയാളം മിഡിൽ സ്ക്കൂൾ എന്ന സ്ഥാപനവും കൂടിച്ചേർന്നുണ്ടായതാണ് ഇന്നത്തെ തൈക്കാട്ടുശ്ശേരി ഗവ. യു.പി സ്ക്കൂൾ. ഇതിൽ പെൺപള്ളിക്കൂടം പി.എസ് കവലയുടെ പടിഞ്ഞാറുഭാഗത്താണ് സ്ഥിതിചെയ്തിരുന്നത്. ഈ സ്ക്കൂളിൻെറ പേരുമായിട്ടാണ് ഈ കവല അറിയപ്പെടുന്നത്. മലയാളം മിഡിൽസ്ക്കൂൾ എസ്.എം.എസ്.ജെ.എച്ച്.എസ്. ൻെറ കോംപൗണ്ടിലാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോഴുള്ള സ്ഥലത്തേയ്ക്ക് പിന്നീട് മാറിയതാണ്. കേവലം ഇരുപത്തൊന്നേമുക്കാൽ സെൻറ് സ്ഥലവും 203 വിദ്യാർത്ഥികളും ഉള്ള 1 മുതൽ 7 വരെയും പഠനസൗകര്യവുമുള്ള ഈ വിദ്യാലയത്തിൽ ആകെ വേണ്ട 8 അദ്ധ്യാപകരിൽ 7 പേർ മാത്രമാണ് ഇപ്പോഴുള്ളത്.

തൈക്കാട്ടുശ്ശേരിയുടെ ഹൃദയഭാഗത്തുള്ള ഈ സർക്കാർ വിദ്യാലയത്തിലെ 203 വിദ്യാർത്ഥികൾക്കു കളിക്കുവാൻ പൊതു നിരത്തല്ലാതെ വേറെ കളിസ്ഥലമില്ല. പഞ്ചായത്തിൽ കളിസ്ഥലമില്ലാത്ത ഏക സ്ക്കൂളും ഇതാണ്.

### എം.ഡി.യു.പി സ്ക്കൂൾ നടുഭാഗം

നടുഭാഗം എൻ.എസ്.എസ്.കരയോഗത്തിൻെറ അധീനതയിലുള്ള ഈ സ്ക്കൂൾ 1953 ലാണ് പ്രവർത്തനമാരംഭിച്ചത്. ഇവിടെ 414 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. 18 അദ്ധ്യാപകർ ജോലിചെയ്യുന്ന ഈ സ്ക്കൂളിൽ കഴിഞ്ഞ 5വർഷമായി കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.

### ഫിഷറീസ് എൽ.പി സ്ക്കൂൾ മണപ്പുറം

1918 ൽ ഫിഷറീസ് വകുപ്പിൻെറ നേതൃത്വത്തിൽ മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കായി ആരംഭിച്ച ഒരു സ്ഥാപനമാണിത്. ആദ്യകാലത്ത് പാണാവള്ളി ഫിഷറീസ് സ്ക്കൂൾ എന്നാണറിയപ്പെട്ടിരുന്നത്. ഇന്ന് പഞ്ചായത്തിലെ ഏറ്റവും മോശമായ ഒരു അവസ്ഥയെ നേരിടുന്ന ഒരു സർക്കാർ വിദ്യാലയമാണ്. 1 മുതൽ 5 വരെ അദ്ധ്യയന സൗകര്യമുള്ള ഈ സ്ക്കൂളിൽ ആകെ കുട്ടികൾ 74 പേർ മാത്രമാണ്. 4 അദ്ധ്യാപകർ മാത്രമുള്ള ഈ സ്ഥാപനം അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നു. 10 വിദ്യാർത്ഥികൾ

മാത്രമാണ് ഈ വർഷം ഒന്നാം ക്ലാസിൽ ചേർന്നത്. തൊട്ടടുത്ത് നേഴ്സറി മുതൽ 10-ാം ക്ലാസ്വരെ പ്രവർത്തിക്കുന്ന സ്വകാര്യസ്ക്കൂൾ ഫിഷറീസ് സ്ക്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതോടൊപ്പം രക്ഷിതാക്കൾക്കും സമീപവാസികൾക്കുമുള്ള താത്പര്യക്കുറവ് എന്നിവ ഈ സ്ക്കൂളിന്റെ പുരോഗതിക്ക് വിഘാതമായിട്ടുണ്ട്.

## സെന്റ് മേരീസ് എൽ.പി.എസ്. ശ്രാമ്പിക്കൽ

1952 ൽ സ്ഥാപിതമായ ഈ വിദ്യാലയം തൈക്കാട്ടുശ്ശേരി പള്ളിയുടെ കീഴിലുള്ള ഒരു മാനേജ്മെന്റ് സ്ക്കൂളാണ്. 3 അദ്ധ്യാപകരും 4 അദ്ധ്യാപികമാരും ഇവിടെ ജോലിചെയ്യുന്നു. 241 വിദ്യാർത്ഥികളുള്ള ഈ സ്ക്കൂളിൽ ഇപ്പോൾ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഈ വർഷം ആവശ്യ പഠനനിലവാര പദ്ധതിയിൽ (എം.എൽ.എൽ) ഉൾപ്പെടുത്തിയിട്ടുള്ള ഒരു സ്ക്കൂളാണിത്.

## ഗവ.എൽ.പി.എസ് ഉളവയ്പ്

പഞ്ചായത്തു പ്രദേശത്ത് ഒറ്റപ്പെട്ടുകിടക്കുന്ന ഒമ്പതാം വാർഡിൽ ഉള്ള സ്ക്കൂളാണിത്. കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവുമൂലം അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നു. 4 അദ്ധ്യാപകരും 67 വിദ്യാർത്ഥികളുമുണ്ട്. വിശാലമായ കോംപൗണ്ടുള്ള ഈ സ്ക്കൂളിൽ പി.റ്റി.ഏ യുടെ സഹകരണത്തോടെ പ്രീപ്രൈമറി ക്ലാസും നടക്കുന്നു. പി.റ്റി.ഏയുടെ പ്രവർത്തനം ശക്തമാക്കിക്കൊണ്ട് സ്ഥാപനത്തെ നിലനിർത്താനുള്ള ശ്രമം ആവശ്യമാണ്.

## സെന്റ് മേരി ഓഫ് ലവൂക്കാ ഇംഗ്ലീഷ് മീഡിയംസ്ക്കൂൾ

സെന്റ് മേരി ഓഫ് ലവൂക്കാ സിസ്റ്റേഴ്സിന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഏക അൺഎയിഡഡ് സ്ക്കൂളാണ്. എൽ.കെ.ജി മുതൽ 5വരെ ക്ലാസുകളിലായി 250 കുട്ടികൾ പഠിക്കുന്നു.

## അക്കാദമിക്രംഗം

പഞ്ചായത്തിൽ 3540 കുട്ടികളാണ് പഠനരംഗത്തുള്ളത്. പെൺകുട്ടികൾ 1685. തോറ്റുപഠിക്കുന്നവരുടെ എണ്ണം കുറവാണ്. ആകെ 245 പേർ മാത്രം. ഇതിൽ ഏറ്റവും കൂടുതൽ പേർ മണപ്പുറം ഹൈസ്ക്കൂളിലാണ്. 111 പേർ. പഞ്ചായത്തുപ്രദേശത്തെ കുട്ടികളിൽ ഒരു ചെറിയ വിഭാഗം മറ്റു സ്ഥലങ്ങളിൽ പോയി പഠിക്കുന്നുണ്ട്. വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നതിനായി മറ്റു പ്രദേശങ്ങളിൽ നിന്ന് 3 വാഹനങ്ങൾ ഈ പഞ്ചായത്തിലെത്തിച്ചേരുന്നു.

സർക്കാർ മേഖലയിലെ 2 എൽ.പി.സ്ക്കൂളുകളും കുട്ടികളുടെ കുറവുമൂലം പ്രയാസപ്പെടുകയാണ്. അതാതു പ്രദേശത്തെ കുട്ടികളെ ഈ സ്ക്കൂളുകളിൽ ചേർക്കാൻ സാമൂഹ്യ ഇടപെടൽ ഉറപ്പുവരുത്താൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം. ഗവ.യു.പി.സ്ക്കൂളിന് സ്വന്തമായി കളിസ്ഥലം വാങ്ങുന്നതിനുള്ള പദ്ധതികൂടി ഉൾപ്പെടുത്തണം.

## പഠനോപകരണങ്ങൾ

പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളിലും ലാബറട്ടറി,ലൈബ്രറി സൗകര്യങ്ങളുമുണ്ട്. ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ എല്ലാ സ്ക്കൂളുകളിലും വേണ്ടത്രയില്ല. എന്നാൽ ലൈബ്രറി എല്ലാ സ്ക്കൂളുകളിലുമുണ്ട്. പി.റ്റി.ഏ യുടെ പ്രവർത്തനം ശക്തമാക്കി ചിട്ടപ്പെടുത്തിയ പരിപാടികൾക്ക് രൂപം നൽകണം.

## പഠനനിലവാരം

കഴിഞ്ഞ 5വർഷത്തെ റിസൾട്ട് പരിശോധിച്ചതായ 3 ഹൈസ്ക്കൂളുകളും വേണ്ടത്ര മുന്നോട്ട് പോകുന്നില്ല എന്നുകാണാം. എസ്.എം.എസ്.ജെ.എച്ച്.എസിൽ 93-94 വരെമുന്നോട്ടു പോയിരുന്ന റിസൾട്ട് 95-96 ഓടെ പുറകിലായതായി കാണാം. മണപ്പുറം ഹൈസ്ക്കൂളിൽ 91-92 ൽ 100% റിസൾട്ടുണ്ടായിരുന്നത് നിലനിർത്തുവാൻ കഴിഞ്ഞില്ല. 95-96 ൽ റിസൾട്ട് 86% ആണ്. തേവർവട്ടം ഹൈസ്ക്കൂളിൽ 93-94 വരെ മുന്നോട്ടു പോയിരുന്ന റിസൾട്ട് 94-95 ൽ അല്പം കുറഞ്ഞെങ്കിലും 95-96 ഓടെ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഇത് എസ്.എസ്.എൽ.സി വിജയശതമാനമാണെങ്കിൽ മറ്റു ക്ലാസുകളിലെ നിലയും പരിശോധിക്കേണ്ടതുണ്ട്. 30%-ൽ താഴെ മാർക്ക് വാങ്ങുന്ന കുട്ടികളുടെ എണ്ണം മണപ്പുറം എച്ച്.എസിലൊഴികെ മറ്റെല്ലായിടത്തും കൂടുതലാണ്.

## സ്ക്കൂളുകളുടെ നിലനിൽപ്

പഞ്ചായത്തിലെ 8 സ്ക്കൂളുകളിൽ എൽ.പി വിഭാഗത്തിൽ താരതമ്യേന ഏറ്റവും മോശമായ നില മണപ്പുറം ഫിഷറി എൽ.പി.എസിൻേറതാണ്. ഉളവയ്പ് ഗവ.എൽ.പി.എസിൻെറ സ്ഥിതിയും വ്യത്യസ്ഥമല്ല. കുട്ടികളുടെ എണ്ണം അടിക്കടി കുറഞ്ഞുവരുന്നു. സ്രാമ്പിക്കൽ എൽ.പി.എസിൽ പുതിയ എം.എൽ.എൽ പരിപാടിയോടെ നിലവാരം ഉയരുമെന്ന് പ്രതീക്ഷിക്കാം. യു.പി.സ്ക്കൂളുകളിൽ തൈക്കാട്ടുശ്ശേരി ഗവ.യു.പി.എസ് സ്ഥലപരിമിതിമൂലം വിഷമിക്കുന്നു. എം.ഡി.വി.പി. എസ്. ൽ ആകട്ടെ ഇതര സൗകര്യങ്ങളുണ്ടെങ്കിലും 30ന് താഴെ മാർക്കുവാങ്ങുന്ന കുട്ടികളുടെ എണ്ണം കൂടുതലാണ്.

ഹൈസ്ക്കൂളുകളിൽ 3 ലും വ്യത്യസ്ഥമായ സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്.പഠന സൗകര്യങ്ങൾ മെച്ചപ്പെട്ട തേവർവട്ടം ഹൈസ്ക്കൂളിൽ ഭൗതിക സാഹചര്യങ്ങൾ മോശമായ കുട്ടികളാണ് അധികവും. എസ്.എം.എസ്.ജെ.എച്ച്.എസിലും ഇതേ അവസ്ഥയുണ്ട്. എന്നാൽ കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളിൽ നിന്നെത്തുന്ന കുട്ടികളാണ് മണപ്പുറം ഹൈസ്ക്കൂളിലുള്ളത്.

## പ്രീ പ്രൈമറി

പ്രീപ്രൈമറി വിദ്യാഭ്യാസത്തിൽ പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപികമാരുള്ള സ്ഥാപനം പഞ്ചായത്തിലില്ല. ഇപ്പോഴുള്ള സ്ഥാപനങ്ങളിലാണെങ്കിൽ പഠനത്തിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. എന്നാൽ പ്രീ പ്രൈമറി ലക്ഷ്യമിടുന്നത് കുട്ടികളുടെ കൂട്ടായ്മയോടെയുള്ള പ്രവർത്തനങ്ങൾക്കും കളികൾക്കുമാണ്.അംഗനവാടികൾ ഉണ്ടെങ്കിലും എല്ലായിടത്തും ഫലപ്രദമായ സംഘാടകസമിതി കളില്ല. ഇപ്പോഴുള്ള മഹിളാ സ്വസ്ത് സംഘങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. ഇപ്പോഴുള്ള അംഗനവാടികളിൽ 8 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല.

## പഞ്ചായത്ത് വിദ്യാഭ്യാസ സമിതി

പഞ്ചായത്തുതല വിദ്യാഭ്യാസസമിതി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഇപ്പോൾ അങ്ങനെയൊന്നില്ല. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകൾ,വിദ്യാഭ്യാസപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. ഈ സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തു വിദ്യാഭ്യാസ കോംപ്ലക്സുകൾ പ്രവർത്തനം ആരംഭിക്കണം.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ സ്ക്കൂളുകളിൽ മണപ്പുറംഎച്ച്.എസ് ഒഴികെയുള്ള സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
2. എൽ.പി. സ്ക്കൂളുകളിൽ മണപ്പുറം ഫിഷറി എൽ.പി.എസും, ഉളവയ്പ് ഗവ.എൽ.പി.എസും കുട്ടികളുടെ കുറവുമൂലം നിർത്തൽ ഭീഷണിയെ നേരിടുന്നു.
3. തൈക്കാട്ടുശ്ശേരി ഗവ. യു.പി. സ്ക്കൂൾ ഭൗതികസാഹചര്യങ്ങളുടെ കുറവുമൂലം വിഷമിക്കുന്നു.
4. കാര്യമായ പ്രീ–പ്രൈമറി സ്ഥാപനങ്ങളുടെ അഭാവം.
5. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ അഭാവം.
6. പി.റ്റി.ഏ, എം.പി.റ്റി.ഏ, ക്ലാസ്റും പി.റ്റി.ഏ.ഇവയുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ.
7. പഠനോപകരണങ്ങളുടെയും–അദ്ധ്യാപക പുനപരിശീലനത്തിൻേറയും അഭാവത്തിൽ വിരസമാകുന്ന ക്ലാസുകൾ.
8. ഹയർ സെക്കൻററി വിദ്യാഭ്യാസത്തിൻെറ സാധ്യതയില്ലായ്മ.
9. അദ്ധ്യാപക–വിദ്യാർത്ഥി ബന്ധങ്ങളിൽ വന്ന മാറ്റം.
10. സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാതിരിക്കൽ.
11. പാഠ്യേതര വിഷയങ്ങളിലുള്ള അശ്രദ്ധ.

## സാധ്യതകൾ

1. പഞ്ചായത്തിൽ നിന്നും മറ്റു പ്രദേശങ്ങളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തുക വ്യക്തമായ കാരണങ്ങളില്ലാതെ സ്ഥലംമാറ്റം (റ്റി.സി) കൊടുക്കുന്നതും ഒഴിവാക്കുക.
2. പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി ഉടൻ രൂപീകരിക്കുക.
3. പി.റ്റി.ഏ., എം.പി.റ്റി.ഏ., ക്ലാസ്റും പി.റ്റി.ഏ. എന്നിവ കാര്യക്ഷമമാക്കുവാൻ പഞ്ചായത്തുവിദ്യാഭ്യാസ സമിതി മുൻകൈയെടുക്കുക.
4. പി.റ്റി.ഏയുടെ ആഭിമുഖ്യത്തിൽ ഫലപ്രദമായ പ്രീ–പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.
5. തൈക്കാട്ടുശ്ശേരി ഗവ. യു.പി.എസിന് സ്വന്തമായി കളിസ്ഥലം വാങ്ങി നൽകുവാൻപഞ്ചായത്ത് മുൻകൈ എടുക്കുക. അതിനുശേഷം ഗ്രൗണ്ട്, മതിൽ കെട്ടുക.
6. അദ്ധ്യാപക പുന പരിശീലനത്തിനായുള്ള വർക്ക് ഷോപ്പുകൾ പഞ്ചായത്തു വിദ്യാഭ്യാസസമിതി മുൻകൈ എടുക്കുക.

7. പഞ്ചായത്തിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള തേവർ വട്ടം ഗവ.എച്ച്.എസിൽ പ്രാദേശിക തൊഴിലുകളുമായിബന്ധപ്പെട്ട് വി.എച്ച്.എസ്.സി തുടങ്ങുക.
8. സ്ക്കൂൾ ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ സയൻസ് ക്ലബ്ബുകൾ, വായനക്ലബ്ബുകൾ, കയ്യെഴുത്തു മാസികകൾ, പ്രസംഗ പരിശീലന പണിപ്പുരകൾ, തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ പി.റ്റി.എ മുൻകൈഎടുക്കുക.
9. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
10. കുട്ടികളുടെ ക്ലാസുകയറ്റത്തിന് നിശ്ചിത ശതമാനം മാർക്കുവേണമെന്ന നിബന്ധന ഉണ്ടാക്കണം.
11. മോറൽ ക്ലാസുകൾ സംഘടിപ്പിക്കണം.
12. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം, ഹിന്ദി വിദ്യാലയങ്ങൾക്ക് പ്രോത്സാഹനം നൽകണം.
13. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തണം.
14. പഞ്ചായത്തിലെ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിൽ പരസ്പര ബന്ധം ഉണ്ടാകത്തക്ക രീതിയിൽ കലാസാംസ്കാരിക കായികമേളകൾ സംഘടിപ്പിക്കുക.
15. എല്ലാ യു.പി.,എൽ.പി. സ്ക്കൂളിലും ഒരു സ്പെഷ്യൽ ടീച്ചറെ നിർബന്ധമായും നിയമിക്കുക.
16. പഞ്ചായത്തിലെ ഭൂമിയുടെ പ്രത്യേകതകളും, ജീവിതരീതികളും മനസിലാക്കാൻ ഉതകുന്ന തരത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും പഠനയാത്രകൾ നടത്തുക.
17. മുഴുവൻ കുട്ടികളും 10-ാംക്ലാസ് പൂർത്തിയാക്കുവാനുള്ള അവസരം ഉണ്ടാക്കുക. സാമ്പത്തിക പ്രശ്നം മൂലം പഠിപ്പു നിർത്തുന്ന വിദ്യാർത്ഥികളെ തുടർ പഠനത്തിന് പ്രോത്സാഹിപ്പിക്കുക. പുതിയ പഠനസൗകര്യങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാഭ്യാസനിധി രൂപീകരിക്കുക.
18. അദ്ധ്യാപകർ അവധിക്കാലങ്ങളിൽ കുട്ടികളുടെ ഭവന സന്ദർശനം നടത്തുക.
19. അദ്ധ്യാപകർ, മാനേജർ, രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ സംയുക്തകമ്മിറ്റി രൂപീകരിച്ച് വിദ്യാഭ്യാസമേഖലയെ സംരക്ഷിച്ച് നിലനിർത്തി നാളത്തെ പൗരൻമാരെ വാർത്തെടുക്കാൻ യത്നിക്കണം.

## അക്കാദമിക്ക് നിലവാരം

### 91 മുതൽ 96 വരെയുള്ള S.S.L.C.വിജയശതമാനം

ഗവൺമെൻറ് ഹൈസ്ക്കൂൾ തേവർവട്ടം

| | |
|---|---|
| 91-92 | 22.8% |
| 92-93 | 29.78% |
| 93-94 | 40.35% |
| 94-95 | 32.05% |
| 95-96 | 53.8% |

എസ്.എം.എസ്.ജെ.എച്ച്.എസ്. തൈക്കാട്ടുശ്ശേരി

| | |
|---|---|
| 91-92 | 42% |
| 92-93 | 47% |
| 93-94 | 50% |
| 94-95 | 43% |
| 95-96 | 38% |

സെൻറ് തെരേസാസ് എച്ച്.എസ്. മണപ്പുറം

| | |
|---|---|
| 91-92 | 100% |
| 92-93 | 98.6% |
| 93-94 | 96% |
| 94-95 | 93.6% |
| 95-96 | 86% |



## തൈക്കാട്ടുശ്ശേരിപഞ്ചായത്ത് സ്ക്കൂളുകളുടെ പൊതുവിവരങ്ങൾ

| സ്ക്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആകെവേണ്ടവർ | നിലവിലുള്ളവർ | ഒഴിവുകൾ |
| എച്ച്.എസ്. തേവർട്ടം | 378 | 320 | 698 | 30 | 30 | |
| എസ്.എം.എസ്.ജെ.എച്ച്.എസ്. | 383 | 333 | 716 | 35 | 35 | |
| സെൻറ് തെരേസാസ് മണപ്പുറം | 578 | 567 | 1145 | 33 | 33 | |
| ഗവ.യു.പി.തൈക്കാട്ടുശ്ശേരി | 99 | 104 | 203 | 8 | 7 | 1 |
| ഗവ.ഫിഷറീസ് എൽ.പി.മണപ്പുറം | 44 | 30 | 74 | 4 | 4 | |
| ഗവ.എൽ.പി.ഉളവൈയ്പ്പ് | 38 | 29 | 67 | 5 | 5 | |
| സെൻറ്മേരീസ് സ്രാമ്പിക്കൽ | 119 | 104 | 223 | 7 | 7 | |
| എം.സി.യു.പി. നടുഭാഗം | 216 | 198 | 414 | 18 | 18 | |
| ആകെ | 1855 | 685 | 3540 | 140 | 139 | 1 |



## തൈക്കാട്ടുശ്ശേരിപഞ്ചായത്ത് കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്ക്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം | | | SC/ST കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എച്ച്.എസ്. തേവർട്ടം | 378 | 320 | 698 | 65 | 62 | 127 |
| എസ്.എം.എസ്.ജെ.എച്ച്.എസ്. | 383 | 333 | 716 | 93 | 75 | 168 |
| സെൻറ് തെരേസാസ് മണപ്പുറം | 578 | 567 | 1145 | 21 | 20 | 41 |
| ഗവ.യു.പി.തൈക്കാട്ടുശ്ശേരി | 99 | 104 | 203 | 16 | 15 | 31 |
| ഗവ.ഫിഷറീസ് എൽ.പി.മണപ്പുറം | 44 | 30 | 74 | 2 | 2 | 4 |
| ഗവ.എൽ.പി.ഉളവൈയ്പ്പ് | 38 | 29 | 67 | 15 | 13 | 28 |
| സെൻെറ്മേരീസ് സ്രാമ്പിക്കൽ | 119 | 104 | 223 | 34 | 33 | 67 |
| ആകെ | 1755 | 1685 | 3440 | 272 | 243 | 515 |





# സംസ്കാരം

നമ്മുടെ സാംസ്കാരിക പൈതൃകം അമ്പേ ക്ഷയോൻമുഖമായിരിക്കുന്നു. ഭക്ഷണം, വസ്ത്രധാരണം, പാർപ്പിടം, എന്തിന് ഭാഷ തന്നെ മലയാളത്തനിമ കൈവെടിഞ്ഞിരിക്കുന്നു. വസ്ത്രധാരണരീതി തന്നെ പഞ്ചാബിനെയോ, ബംഗാളിനെയോ അനുസരിപ്പിക്കുന്ന രീതിയിലായി തീർന്നിരിക്കുന്നു. പാർപ്പിടങ്ങൾ കേരളീയ തനിമ കൈവെടിഞ്ഞുകഴിഞ്ഞിരിക്കുന്നു. പഴയ മാതൃകയിലുള്ള കെട്ടിടങ്ങൾ പുരാവസ്തുക്കളായി അന്യനാടുകളിലേയ്ക്ക് കയറ്റി അയച്ചുകൊണ്ടിരിക്കുന്നു. വേണ്ടിടത്തും വേണ്ടാത്തിടത്തും, അർത്ഥമറിഞ്ഞും അറിയാതെയും ഇംഗ്ലീഷ് വാക്കുകൾ ചേർത്ത് പറയുന്നത് മാന്യതയാണെന്നു കരുതുന്ന ഒരു അന്ധസംസ്കാരത്തിന്റെ വഴിത്തിരിവിലാണ് കേരളീയരിലധികവും.

തൈക്കാട്ടുശ്ശേരി പഞ്ചായത്തും മേൽവിവരിച്ച മാതൃകയിൽ നിന്നും ഭിന്നമല്ല. സ്വാതന്ത്ര്യസമരത്തോടൊപ്പം വളർന്ന നവോത്ഥാനസംസ്കാര ബോധം ഈ പഞ്ചായത്തിലും കുറെയൊക്കെ ഉണ്ടായിത്തീർന്നിരുന്നു. ജൻമിത്വത്തിലൂടെ വളർന്നു നിലവിലിരുന്ന അടിമ-ഉടമ വ്യവസ്ഥിതി സ്വാതന്ത്ര്യലബ്ധിയോടെ അൽപാൽപം മാറിവന്നു. ജൻമിത്വത്തിനെതിരെ നടന്ന സമരങ്ങളുടെ അലയൊലികൾ ഇവിടെയും ചലനങ്ങൾ സൃഷ്ടിച്ചു. പ്രസിദ്ധരായ സാംസ്കാരിക നായകൻമാരുടെ പ്രേരണയോ, പ്രചോദനമോ, പ്രചാരണമോ ഒന്നും കാര്യമായി ഈ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ ബാധിച്ചിട്ടില്ല.

വിദ്യാഭ്യാസത്തോടൊപ്പം കലാസാംസ്കാരിക പ്രവർത്തനങ്ങളുമെല്ലാം ഇവിടുത്തെ ജനതയെ കുറെയൊക്കെ സാമൂഹ്യ വീക്ഷണമുള്ളവരാക്കി മാറ്റിയിട്ടുണ്ട്. ജാതിമത ചിന്തകളുടെ അടിസ്ഥാനത്തിൽ കലഹങ്ങളൊന്നും ഉണ്ടായതായി അറിവില്ല. അമ്പലങ്ങളും പള്ളികളും ഇടകലർന്നുള്ള നില ഇവിടുത്തെ ജനങ്ങളുടെ മതസൗഹാർദ്ദത്തിന്റെ കഥ പറയുന്നു. ഉത്സവങ്ങളും പെരുന്നാളുകളും ജാതി മത ചിന്തകൾ വെടിഞ്ഞുള്ള പാതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. സാംസ്കാരിക സങ്കേതങ്ങൾ എന്ന് അറിയപ്പാടാവുന്ന വിധം ഈ പഞ്ചായത്തിൽ 3 ഗ്രന്ഥശാലകളേയുള്ളൂ. പഞ്ചായത്തുവക ഗ്രന്ഥശാലയും മാക്കേക്കടവിലുള്ള എൻ.പി.പി.എസ്. ഉളവയ്പ്പ് ജയദേവൻ ഗ്രന്ഥശാലയും 60 വർഷങ്ങൾക്കുമുമ്പ് നായർ യയുവജനസമിതിയെന്നൊരു സംഘടനയും, അതിന്റെ വകയായ ഒരു ഗ്രന്ഥശാലയും പ്രവർത്തിച്ചിരുന്നു എങ്കിലും ഉദ്ദേശം 25 വർഷങ്ങൾക്കു മുമ്പ് അതിന്റെ പ്രവർത്തനം നിലച്ചുപോയി. കലാസാംസ്കാരിക സമിതികൾ പലതും താത്കാലികമായി ജനിക്കുകയും ബാലാരിഷ്ടതകൾ കടക്കുന്നതിനു മുമ്പു തന്നെ കഥാവശേഷമാവുകയും ചെയ്തിട്ടുണ്ട്.

ഇന്നത്തെ തൈക്കാട്ടുശ്ശേരി 275-ാം നമ്പർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആദ്യകാലത്തെ പേര് 275-ാം നമ്പർ തിരുക്കുടുംബതിരുനാൾ സഹകരണസംഘം എന്നായിരുന്നു. അക്കാലത്ത് സംഘം നടത്തിയിരുന്ന ഗ്രന്ഥശാലയാണ് 275 സി.എസ്. ഗ്രാമീണ വായനശാല & റീഡിംഗ് റൂം. ടി ഗ്രന്ഥശാല സഹകരണസംഘത്തിന്റെ എം.സി. 109, 110 എന്നീ നമ്പരിലുള്ള കത്തിന്റെ അടിസ്ഥാനത്തിൽ 9-11-1959ൽ ചേർന്ന പഞ്ചായത്തു കമ്മിറ്റി ഏറ്റെടുക്കുകയും ഗ്രന്ഥശാലയുടെ പേര് തൈക്കാട്ടുശ്ശേരി പഞ്ചായത്തു ലൈബ്രറി &റീഡിംഗ് റൂം എന്നാക്കി മാറ്റുകയും ചെയ്തു എന്ന് പഞ്ചായത്തു രേഖകളിൽ കാണുന്നു. നിലവിൽ നിരവധി കലാസാംസ്കാരിക സംഘടനകളുണ്ടെങ്കിലും നല്ല പ്രവർത്തനം കാഴ്ച വെയ്ക്കുന്നവ ഇല്ലെന്ന് തന്നെ പറയാം.

ഓണനാളുകളിൽ മാത്രം പലയിടത്തും സാംസ്കാരിക സമ്മേളനവും, അനുബന്ധമായി കലാപരിപാടികളും നടത്താറുണ്ട്. അവയിൽ മത്സരത്തിനു വേണ്ടി ചുരുക്കം ചില നാടൻ കലാരൂപങ്ങൾ പ്രദർശിപ്പിക്കാറുണ്ട് എന്നതൊഴിച്ചാൽ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സംഭാവനകൾ തെളിയിക്കുന്നതൊന്നും തുടർന്നു വരുന്നില്ല.

ആണ്ടുതോറും നടക്കുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും ജാതിമത ഭേദ ചിന്തകളില്ലാതെ എല്ലാവരും പങ്കെടുക്കുന്നു. അകലെയുള്ള ബന്ധുക്കളും സുഹൃത്തുക്കളും ആണ്ടിലൊരിക്കൽ ഒത്തുചേരുന്നതിനും സൗഹൃദം പങ്കുവെയ്ക്കുന്നതിനും ഇവ അവസരം ഒരുക്കുന്നു.

വിദ്യാഭ്യാസത്തിലും, വസ്ത്രധാരണത്തിലും, ഭക്ഷണരീതിയിലും, ഭാഷയിലും, കാഴ്ചപ്പാടിലും, ശീലത്തിലുമെല്ലാം ആഴത്തിലുള്ള മാറ്റങ്ങൾ വന്നിരിക്കുന്നു. എങ്കിലും സവിശേഷമായ നമ്മുടെ സാംസ്കാരികപൈതൃകം പൂർണ്ണമായും ക്ഷയിച്ചിട്ടില്ല എന്ന് സമാശ്വസിക്കാം.

പത്രങ്ങൾ, മാസികകൾ, റേഡിയോ, ടി.വി തുടങ്ങിയവയിലൂടെ വിവിധ സംസ്കാരവും വിജ്ഞാനവും നേടാൻ നമുക്ക് കഴിയുന്നുണ്ട്. നൻമയിലേയ്ക്കെന്നതിലേറെ തിൻമയിലേയ്ക്കുള്ള വഴി തുറക്കാനേ പലപ്പോഴും അവ സഹായിക്കൂ എന്ന് തുറന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

21-ാം നൂറ്റാണ്ടിന്റെ പടിനടയിൽ എത്തിനിൽക്കുന്ന ഈ സന്ദർഭത്തിൽ സാമ്രാജ്യശക്തികൾക്ക് ഇവിടെ കടന്നു കയറുന്നതിനും നമ്മുടെ സാംസ്കാരിക മേഖലയെ ആക്രമിക്കുന്നതിനും സന്ദർഭങ്ങൾ വർദ്ധിച്ചു വരുകയാണ്.

ലോക സംസ്കാരത്തിനു തന്നെ മാർഗ്ഗ ദർശകമാകുന്ന ഭാരത സംസ്കാരത്തിനു മേൽ നടക്കുന്ന കടന്നാക്രമണത്തെ പരാജയപ്പെടുത്താൻ ജനങ്ങളിൽ പുതിയ അവബോധം ഉണർത്താൻ നാം മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. അതിനുപകരിക്കത്തക്ക ഒരു സാംസ്കാരിക ശൃംഖലതന്നെ നമുക്കുണ്ട്. വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങൾ, മഹിളാ സംഘടനകൾ, എന്നിവ ഈ രംഗത്ത് ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥശാലകളിലൂടെയും വായനശാലകളിലൂടെയും വായനാശീലം വളർത്തി നമ്മുടെ സാംസ്കാരിക പൈതൃകം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശംഖനാദം മുഴക്കാൻ നാം ജാഗരൂകരായിരിക്കണം.

ഈ പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിക്ക് സ്വീകാര്യമായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തുതലത്തിൽ വായനശാലയും കേന്ദ്രീകൃത ഗ്രന്ഥശാലയും ഉണ്ടാകണം. ഗ്രന്ഥശാലയിൽ വിതരണക്ഷമമാംവിധം പുസ്തകങ്ങൾ ക്രമീകരിക്കണം. വാർഡുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉൾക്കൊള്ളുന്ന വായനശാലകൾ ഉണ്ടാകണം. അവ പൊതുസഹകരണത്തിലൂടെയും പഞ്ചായത്ത് മേൽനോട്ടത്തിലുമായിരിക്കണം.

സ്കൂൾ ലൈബ്രറികളിൽ നിന്ന് വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും, വായിച്ചു തീർന്നവയിലെ സംഗ്രഹ കുറിപ്പുകൾ തയ്യാറാക്കുന്നതിനും അവ അദ്ധ്യാപകർ പരിശോധിക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.

പ്രൈമറി തലങ്ങളിലും നമ്മുടെ സ്സാംസ്കാരികത നിമയടങ്ങുന്ന കഥാപുസ്തക ശേഖരം ഉണ്ടായിരിക്കുകയും അവ വായിക്കുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുകയും വേണം.

പഞ്ചായത്ത് അതിർത്തിയിലെ അർഹമായ കലാസമിതികൾക്ക് പ്രോത്സാഹനം നൽകുക. അവ കേരളീയ തനിമ നിലനിർത്തുന്ന കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് നിർദ്ദേശം നൽകുക.

ദേശീയോത്സവങ്ങളിൽ മലയാളത്തനിമ ഉൾക്കൊള്ളുന്ന കലാപ്രദർശനങ്ങളും മത്സരങ്ങളും ഏർപ്പെടുത്തുക.

പ്രധാനപ്പെട്ട ക്ഷേത്രം, പള്ളി ഇവയിലെഉത്സവങ്ങളും, പെരുന്നാളുകളും പ്രാദേശിക ആഘോഷമായി കരുതി ആ സന്ദർഭങ്ങളിൽ നാടിന്റെ തനിമ ഉൾക്കൊള്ളുന്ന വേഷവിധാനങ്ങൾ സ്വീകരിക്കുന്നതിന് പ്രേരിപ്പിക്കുക.

സാംസ്കാരിക അവബോധം വളർത്തുന്നതിനുതകുന്ന ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുക. ഒരു വാർഡിൽ ഒരു കലാസമിതി ഉണ്ടാക്കണം. മുഴുവൻ യുവതീയുവാക്കളും അതിൽ അംഗങ്ങളാകണം. പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത സമിതിക്ക് രൂപം കൊടുക്കണം. കലാസമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സഹായ ധനം നൽകുക. ഗ്രന്ഥശാലകൾ പരിപോഷിപ്പിക്കുക, വാർഡുകളിൽ പൊതു സ്ഥലത്ത് ടിവി സ്ഥാപിക്കുക, മാക്കേക്കവല, തൈക്കാട്ടുശ്ശേരി കടവ്, പി.എസ് കവല, പൂച്ചാക്കൽ എന്നിവിടങ്ങളിൽ മിനി പാർക്ക് സ്ഥാപിക്കുക. കായിക സംസ്കാരത്തിന് കളിക്കളവും ജിംനേഷ്യവും സ്ഥാപിക്കുക. നിലവിലുള്ള കളിക്കളം ഉപേക്ഷിച്ച് ഗതാഗത സൗകര്യം ഉള്ളിടത്ത് ഏകദേശം 3 ഏക്കർ സ്ഥലം വാങ്ങി സ്പോർട്സ് കോംപ്ലക്സ് നിർമ്മിച്ച് കായിക താരങ്ങളെ പരിശീലിപ്പിക്കുക.

ചിത്രകാരൻമാരേയും ശില്പികളേയും പ്രോത്സാഹിപ്പിക്കുക, പഞ്ചായത്തിൽ അത്തരം കലാകാരൻമാരുണ്ടെങ്കിൽ അവർക്ക് പ്രോത്സാഹനത്തിന് ഗ്രാൻറുകൾ നൽകി അവരുടെ കലാരൂപങ്ങൾ പൊതുവേദികളിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

കോൽകളി, പരിശകളി, തിരുവാതിരകളി തുടങ്ങിയ മലയാളത്തനിമകൾ പുനരുജ്ജീവിപ്പിക്കുകയും സർപ്പംപാട്ട് നിലനിർത്തുകയും ചെയ്യുക.



# കായികരംഗം

3 ഹൈസ്ക്കൂളുകളുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. കായികരംഗത്ത് മുന്നേറാനുള്ള അവസരം ഉണ്ട് എന്നാൽ കായിക പരിശീലനം നടക്കുന്നില്ല. ഈ രംഗം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല എന്ന സത്യം തുറന്ന് പറയട്ടെ. ഒരാശ്വാസം ഫുട്ബോൾ രംഗം മാത്രമാണ്. എന്നാൽഇവർക്കാവശ്യമായ പരിശീലനം നൽകുവാനുള്ള പരിശീലകരും, മൈതാനവും ഇല്ലാത്തത് ഈ രംഗത്ത് ഉള്ള മുരടിപ്പിന് കാരണമാകുന്നു. എല്ലാവർഷവും ഡിസംബർ മാസം വളരെ നല്ല രീതിയിൽ നടത്തുന്ന റവ.ഫാദർ സക്കറിയാസ് ട്രോഫി ഫുട്ബോൾ മത്സരം തൈക്കാട്ടുശ്ശേരി ജനതയുടെ കായികാസ്വാദനത്തിനുള്ള ഏക സംരംഭമാണ്. സോക്കേഴ്സ് തൈക്കാട്ടുശ്ശേരി, ലിറ്റിൽ ഫ്ലവർ മണപ്പുറം എന്നീ ടീമുകൾ ഫുട്ബോൾ രംഗത്ത് നമ്മുടെ പേര് ഉയർത്തിക്കാട്ടുന്നു.

ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിച്ച് കായികമേഖലയെ പുനരുജ്ജീവിപ്പിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയായി കണക്കിലെടുക്കേണ്ടതാണ്. ഈ രംഗത്തെ പ്രതിഭകൾ നമ്മുടെ നാടിന്റെ അഭിമാനമാകട്ടെ!

# ടൂറിസം

വളരെയേറെ വികസിച്ചുകൊണ്ടിരിക്കുന്ന ടൂറിസത്തിന്റെ സാധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നു പരിശോധിക്കാം.
കേരളത്തിലെത്തുന്ന വിദേശികളിൽ നല്ലൊരു പങ്ക് ജലയാത്രയും പ്രകൃതിസൗന്ദര്യവും ആസ്വദിക്കുന്നു. നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പ്രദേശം ജലയാത്രകൾക്കും പ്രകൃതി ആസ്വാദനത്തിനും അനുയോജ്യമായ നിരവധി തുരുത്തുകളുള്ളതാണ്. നാഷണൽ വാട്ടർ വേ ആയ വേമ്പനാട്ടു കായലിന്റെ ഒരു സമാന്തരവഴി എന്ന നിലയിൽ പടിഞ്ഞാറേകായലിന് പ്രാധാന്യമേറുന്നു.

<u>പ്രശ്നങ്ങൾ</u>

ടൂറിസ്റ്റുകൾക്ക് താമസസൗകര്യമില്ല, കായൽതീരവും തുരുത്തുകളും സ്വകാര്യവ്യക്തികളുടെ കൈവശമാണ്. ശുദ്ധജലം ലഭ്യമല്ല. ടൂറിസം നെറ്റുവർക്ക് നടത്തുന്ന ഏജൻസികളുടെ അഭാവം.

<u>സാധ്യതകൾ</u>

എറണാകുളം – പാതിരാമണൽ – കുമരകംറൂട്ട് പടിഞ്ഞാറൻ കായൽ വഴിയാക്കുക, സ്വകാര്യഏജൻസികളെ പ്രോത്സാഹിപ്പിക്കുക, കായൽ തീരങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുക, ഹൗസ് ബോട്ടുകൾ വാടകയ്ക്ക് ലഭിക്കുവാനുള്ള സൗകര്യമുണ്ടാക്കുക, നാടൻ വള്ളത്തിൽ പ്രകൃതി ആസ്വാദന യാത്രകൾ സംഘടിപ്പിക്കുക. തുരുത്തുകൾ കേന്ദ്രീകരിച്ച് ആധുനികസൗകര്യങ്ങളുണ്ടാക്കുകയും അപൂർവ്വ പക്ഷികൾ ചേക്കേറുന്ന സ്ഥലങ്ങൾ പക്ഷികേന്ദ്രങ്ങളാക്കുകയും ചെയ്യുക. പൂച്ചാക്കൽ തോട് താഴ്ത്തിമോട്ടോർ ബോട്ട് പോകാനുള്ള സൗകര്യമുണ്ടാക്കുക. പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ശുദ്ധജല സൗകര്യം തീരപ്രദേശത്ത് ഉറപ്പുവരുത്തുക. പ്രാദേശിക ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയ്ക്ക് നല്ല പ്രചരണം കൊടുക്കുക.



# പൊതുജനാരോഗ്യം

ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾവളരെയധികം പങ്കു വഹിക്കുന്നു. ആരോഗ്യസംരക്ഷണമെന്നാൽ ആധുനിക ആശുപത്രികൾ, ഡോക്ടർമാർ, തുടങ്ങിയവ മാത്രമാണ് എന്ന ധാരണ ശരിയല്ല. സമൂഹത്തിന്റെ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ ശുദ്ധജലം, ശുദ്ധവായു, മലവിസർജ്ജന സൗകര്യം തുടങ്ങിയവ ആരോഗ്യകരമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. പരിസരശുദ്ധി, ശരീരശുദ്ധി, പോഷകമൂല്യമുള്ള ആഹാരം തുടങ്ങിയ കാര്യങ്ങളിലുള്ള ശരാശരി കേരളീയന്റെ വളർച്ചയക്ക് ഒപ്പമെത്തുന്ന അവസ്ഥ തന്നെയാണ് നമുക്കും.

ഉത്പാദന മേഖലയിലെ വളർച്ച ആരോഗ്യ സംരക്ഷണം നിലനിർത്താനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. പക്ഷെ ഇനിയും ഉത്പാദനമേഖലയും ആരോഗ്യമേഖലയും പരസ്പരം ഇഴുകിച്ചേരേണ്ടതുണ്ട്. ആരോഗ്യപരിപാലനരംഗത്തും ആതുരശുശ്രൂഷാ രംഗത്തും വളറെയേറെ മുന്നേറാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. നിരവധി പാരമ്പര്യ വൈദ്യൻമാരും, ഗർഭിണികളെയും കുഞ്ഞുങ്ങളെയും പരിചരിക്കുന്നതിനായി പാരമ്പര്യ വൈദഗ്ദ്ധ്യം നേടിയ സ്ത്രീകളും (വയറ്റാട്ടികൾ) ഉണ്ടായിരുന്നു. ഇപ്പോഴും തൈക്കാട്ടുമന പാരമ്പര്യ ചികിത്സാരീതികൾ നിലനിർത്തിപ്പോരുന്നു. ചന്ദ്രശ്ശേരി വൈദ്യൻമാർ തുടങ്ങിയ ഈ രംഗത്ത് ഇന്നും നിലനിൽക്കുന്നവരെ ഓർമ്മിക്കേണ്ടതായിട്ടുണ്ട്. ചീരാത്തുകാട്ടിൽ നാരായണൻ വൈദ്യർ, പവ്വത്തിൽ കുട്ടൻ വൈദ്യർ.

ആയുർവേദ ചികിത്സാരീതിയിൽ നിന്നും അലോപ്പതി ചികിത്സാരീതിയിലേയ്ക്ക് ഭൂരിഭാഗം വരുന്ന ജനവിഭാഗത്തിനും മാറുവാൻ കഴിഞ്ഞത് 1920കളോടെയാണ്. ആരോഗ്യമുള്ള സമൂഹം നാടിന്റെ സമ്പത്താണ്. ആ സമ്പത്ത് നിലനിർത്തുകയും കൂടുതൽ വളർച്ച കൈവരിക്കേണ്ടിയുമിരിക്കുന്നു.

---

### അലോപ്പതി

രണ്ട് സ്വകാര്യ ആശുപത്രികൾ ഉൾപ്പടെ മൂന്ന് ആശുപത്രികൾ പഞ്ചായത്തുപ്രദേശത്ത് പ്രവർത്തിക്കുന്നു.

### ഗവ. ആശുപത്രി തൈക്കാട്ടുശ്ശേരി

1920ൽ ഡിസ്പെൻസറിയായി ചെറിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. 1930 ൽ ഇപ്പോഴത്തെ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. വലിയ കെട്ടിടവും ഭൂമിയും ദാനമായി കിട്ടിയത് തൈക്കാട്ടുശ്ശേരി ജനതയ്ക്ക് ആരോഗ്യ പരിപാലനരംഗത്ത് ഒരു മുതൽ കൂട്ടായി. കാലാകാലങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ മനോഭാവമനുസരിച്ചും സാമൂഹ്യനേതാക്കൻമാരുടെ കൂട്ടായ പ്രവർത്തനവും മൂലം ആശുപത്രി ഇന്ന് വളരെയധികം വളർന്നു കഴിഞ്ഞു. സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചിരുന്ന ലപ്രസി കമ്മിറ്റി ആശുപത്രിയുടെ വികസനത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട്. താലൂക്ക് നിലവാരം കഴിഞ്ഞാൽ ഇത്രയധികം രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന ഗവ. ആശുപത്രികൾ അപൂർവ്വമാണ്.

ഈ ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ കിടക്കൾ | 52 |
| ഡോക്ടർമാർ | 2 |
| ഓ.പി. എണ്ണം (ദിവസം) | 150 – 200 |
| ആകെ ജീവനക്കാർ | 17 |



## പ്രശ്നങ്ങൾ

ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് താമസിക്കുവാനുള്ള ക്വോർട്ടേഴ്സിൻെറ അഭാവം.
ഗൈനക്കോളജിയുൾപ്പടെ മിനി ഓപ്പറേഷൻ തിയേറ്റർ.
E.C.G., X-RAY, LAB സൗകര്യങ്ങൾ.
പഴക്കമേറിയ സാനിട്ടേഷൻ സൗകര്യങ്ങൾ.
വാട്ടർ സപ്ലൈ സിസ്റ്റത്തിലെ തകരാറുകൾ.
കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ.
ഇലക്ട്രിക്കൽ സിസ്റ്റത്തിലുള്ള തകരാറുകൾ.
പ്രവർത്തിക്കാത്ത ഓഫീസ്.
ശുചീകരണ ജീവനക്കാരുടെ അപര്യാപ്തത.
ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യതക്കുറവും, ആധുനിക ചികിത്സാ രീതികളുടെ അഭാവവും.

## പരിഹാര നിർദ്ദേശങ്ങൾ

1. ആശുപത്രി വക സ്ഥലത്ത് വളരെ അടിയന്തിരമായികോർട്ടേഴ്സ് നിർമ്മിക്കുക.
2. ഒരു പുതിയ കെട്ടിടം നിർമ്മിച്ച് ഫാർമസിയും ഒ.പി. ബ്ലോക്കും പ്രത്യേകം സജ്ജമാക്കുക.
3. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് ആവശ്യമായ ഗൈനക്കോളജിസ്റ്റിനെയും, കുട്ടികളുടെ ഡോക്ടർമാരെയും നിയമിക്കുക.
4. നിലവിലുള്ള ബെഡുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
5. കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തുക.
6. രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം നിർബന്ധമാക്കുക.
7. അടിസ്ഥാന സൗകര്യങ്ങളായ ലാട്രിൻ, വാട്ടർ സപ്ലൈ സിസ്റ്റം, ഇലക്ട്രിക്കൽ സിസ്റ്റം തുടങ്ങിയവ നവീകരിക്കുക.
8. ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുക.
9. ജീവനക്കാരുടെ കുറവ് പരിഹരിക്കുക.
10. എച്ച്.ഡി.സി. കമ്മറ്റിയ്ക്ക് കൂടുതൽ അധികാരം നൽകുക.
11. എച്ച്.ഡി.സി യുടെ നിലവിലുള്ള ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാനുള്ള അനുവാദം നൽകുക.
12. ഫ്രണ്ട്സ് ഓഫ് ഹോസ്പിറ്റൽ സജീവമാക്കാനുള്ള നിയമഭേദഗതികൾ കൊണ്ടുവരുക.

5 പഞ്ചായത്തുകളിലെ ജനങ്ങൾക്കുപകരിക്കുന്ന ഈ ആശുപത്രി അടിയന്തിരമായി തന്നെ ഉയർന്ന നിലവാരത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
അലോപ്പതിരംഗത്തെ ആശുപത്രികളുടെ പേര് താഴെ ചേർക്കുന്നു.

ക്രിസ്തുപാൽ ആശുപത്രി മണപ്പുറം

മേഴ്സി ആശുപത്രി പൂച്ചാക്കൽ

## ആയുർവേദം

ആയുർവേദ മേഖലയിൽ ഒരു ഗവ. ആയുർവേദ ഡിസ്പെൻസറിയും 4 സ്വകാര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.

### ഗവ.ആയുർവേദ ഡിസ്പെൻസറി

പഞ്ചായത്തിലെ ഏറ്റവും പിന്നോക്ക പ്രദേശമായ ഉളവയ്പിലാണ് ഈ സ്ഥാപനം. 30-3-73ൽ പഞ്ചായത്തു വിട്ടുകൊടുത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിക്ക് പരാധീനതകൾ മാത്രമാണുള്ളത്.

### പ്രശ്നങ്ങൾ. പരിഹാരങ്ങൾ

തകർന്ന് വീഴാറായ കെട്ടിടം അടിയന്തിരമായി പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുക. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. വൈദ്യുതീകരിക്കുക. ശുദ്ധജലം ലഭ്യമാക്കുക. കഷായങ്ങൾ ഉണ്ടാക്കുവാൻ വിറക് ക്ഷാമം പരിഹരിക്കുക. കിടത്തിചികിത്സിക്കാൻ കഴിയുന്ന ആശുപത്രിയായി ഉയർത്തുക.

## സാധ്യതകൾ

എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളോടുംകൂടി പുതിയ കെട്ടിടം നിർമ്മിക്കുക. കഷായങ്ങൾ നിർമ്മിക്കുന്നതിന് ഗ്യാസ് അടുപ്പുകളും ആവശ്യത്തിനുള്ള പാത്രങ്ങളും നൽകുക. പഞ്ചായത്തിൻെറ മറ്റൊരു പ്രദേശത്ത് കിടത്തി ചികിത്സക്ക് പര്യാപ്തമായ മറ്റൊരു ആശുപത്രി സ്ഥാപിക്കുക.

## ഹോമിയോ

നിലവിൽ ഹോമിയോ ആശുപത്രിയോ ഡിസ്പെൻസറിയോ ഈ പഞ്ചായത്ത് പ്രദേശത്തില്ല. 2 സ്വകാര്യ ക്ലിനിക്കുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഹോമിയോ ആശുപത്രി നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം വിട്ടുകൊടുക്കുവാൻ പഞ്ചായത്ത് സന്നദ്ധമാണ്. ഹോമിയോ ആശുപത്രി നിർമ്മിച്ച് തരുവാൻ ബന്ധപ്പെട്ടവർ തയ്യാറാകണം.

## പൊതുജനാരോഗ്യം

പഞ്ചായത്തിൽ പി.എച്ച് സെൻററില്ല. അരൂക്കുറ്റി പി.എച്ച് സെൻററിൻെറ കീഴിൽ പ്രവർത്തിക്കുന്ന 4 സബ് സെൻററുകൾ ഉണ്ട്. ഒരു എച്ച്.ഐയും രണ്ട് ജൂനിയർ എച്ച്.ഐ മാരും ഒരു ലേഡി എച്ച്.ഐയും നാല് ജെ.പി.എച്ച്.എൻമാരും ഈ രംഗത്ത് സേവനമനുഷ്ടിക്കുന്നു. പഞ്ചായത്തിനെ 4 ഭാഗങ്ങളാക്കി തിരിച്ച് പ്രവർത്തിക്കുന്ന 4 സബ് സെൻററുകളിൽ ഒന്നിനു മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളൂ. മറ്റു 3സബ് സെൻററുകൾക്കും കൂടെ അടിയന്തിരമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

പഞ്ചായത്തു രൂപീകരിച്ച വാർഡ് തല ആരോഗ്യ വേദിയുടെ പ്രവർത്തനം ശുഷ്കമാണ്. പകർച്ച വ്യാധികൾ തടയുന്നതിനുള്ള മുൻകരുതൽ എടുക്കുന്നതിൽ ബന്ധപ്പെട്ടവരുടെ സേവനം തൃപ്തികരമല്ല. എം.എസ്.എസിൻെറ പ്രവർത്തനം ഈ മേഖലയിൽ ഇല്ല.

## പരിഹാരങ്ങൾ

വാർഡ് മെംബറുടെ നേതൃത്വത്തിൽ ജെ.പി.എച്ച് എൻമാരും, എം.എസ്.എസ് പ്രവർത്തകരും, അംഗനവാടി പ്രവർത്തകരും, സാമൂഹ്യ പ്രവർത്തകരും ഉൾപ്പെടുന്ന വാർഡ് തല ആരോഗ്യവേദി കാര്യക്ഷമമാക്കി മാസത്തിലൊരിക്കൽ വീടുകൾ സന്ദർശിച്ച് അവലോകനം നടത്തണം. ഗർഭിണികളായ അമ്മമാർക്ക് ആരോഗ്യ ക്ലാസുകൾ നൽകണം. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്തണം. വാർഡ് തലത്തിൽ 3 മാസത്തിലൊരിക്കൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ ആരോഗ്യക്ലാസുകളും ക്യാമ്പുകളും നടത്തണം. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പ്രഥമ ശുശ്രൂഷാ പരിശീലനം നൽകണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ആരോഗ്യ ബോധവത്കരണക്ലാസുകൾ സംഘടിപ്പിക്കണം. ബോധവത്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ആരോഗ്യ പരിരക്ഷാപദ്ധതികൾക്ക് രൂപം നൽകുക. നേത്രദാനം, രക്തദാനം തുടങ്ങിയവ ആരോഗ്യവേദിയുടെ കീഴിൽ പ്രോത്സാഹിപ്പിക്കുക.

## കുടിവെള്ളം

പഞ്ചായത്തിലെ 1,2,3,6,7,8 വാർഡുകളുടെ തീരപ്രദേശങ്ങളും 9-ാംവാർഡ് പൂർണ്ണമായും കുടിവെള്ളത്തിന് ക്ലേശം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. ഇതര പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തീരപ്രദേശങ്ങളിൽ ചെളിമണ്ണായതിനാൽ കിണർ കുത്തിയാൽ നല്ല വെള്ളം ലഭിക്കില്ല. മാത്രവുമല്ല ഉപ്പു കാലമായാൽ വെള്ളം പൂർണ്ണമായും ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു. ഇതിനൊരു ശാശ്വത പരിഹാരം വാട്ടർ അതോറിറ്റിയുടെ മൂവാറ്റുപുഴ പദ്ധതി നടപ്പിലാക്കുക എന്നതാണ്. അതാകട്ടെ ഇപ്പോഴും കടലാസിൽ തന്നെ.

**പ്രശ്നങ്ങൾ**

പൊതു കിണറുകളിൽ ആവശ്യത്തിനു വെള്ളം ലഭ്യമല്ല. ഉപ്പിന്റെ വരവിനെ തടസം ചെയ്യാൻ ഓരു മുട്ടുകൾ ഇടണം. വളരെ ദൂരം യാത്രചെയ്താൽ മാത്രമേ വെള്ളംകൊണ്ടുവരാൻ കഴിയൂ. ഉള്ള വെള്ളംതന്നെ ഉപയോഗയോഗ്യമല്ല. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ടാപ്പുകൾ കേടായതുമൂലം വെള്ളം ലഭിക്കാറില്ല. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. പൊതുകിണറുകൾ സ്ഥാപിക്കുന്നതിന് സ്ഥലഉടമകൾ സഹകരിക്കുന്നില്ല.

**സാധ്യതകൾ**

നല്ലവെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ കുഴൽ കിണർതാഴ്ത്തി മിനി വാട്ടർ ടാങ്ക് സ്ഥാപിക്കുക.പൊതു കുളങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുക. വാട്ടർ അതോറിറ്റി ടാപ്പുകൾ നവീകരിച്ച് കൂടുതൽ ആവശ്യമായ സ്ഥലങ്ങളിലേയ്ക്ക് നീട്ടി സ്ഥാപിക്കുക. നല്ലവെള്ളം ലഭിക്കുന്ന പ്രദേശത്ത് പുതുതായി കുഴൽ കിണർ സ്ഥാപിച്ച് ടാങ്ക് നിർമ്മിച്ച് പഞ്ചായത്തിലെ വാട്ടർ സപ്ലെ സിസ്റ്റം ഐ. എച്ച്.ഡി.പി കോളനിയുൾപ്പടെ 2 മേഖലയാക്കുക. അറ്റകുറ്റപ്പണികൾ നടത്താനും പുതിയ ടാപ്പുകൾ വാങ്ങുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക. പൊതു ജലാശയങ്ങളുടെ സംരക്ഷണത്തിനായി വാർഡ് തലത്തിൽ സംരക്ഷണസമിതി രൂപീകരിച്ച് മേൽനോട്ടം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ജലസ്രോതസ്സുകൾ നികത്തുകയും മലിനപ്പെടുത്തുന്നതും നിയമം മൂലം തടയുക. വാർഡ്തല സമിതികൾ മാസത്തിലൊരിക്കൽ കുടിവെള്ളം ശേഖരിച്ച് പരിശോധനനടത്തിച്ച് ജലത്തിന്റെ ശുദ്ധത ഉറപ്പു വരുത്തുക. നല്ലവെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ അക്വയർ ചെയ്ത മിനിവാട്ടർ ടാങ്കുകൾ നിർമ്മിക്കുക. മഴവെള്ളം സംഭരിച്ച് സൂക്ഷിക്കുന്ന സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക. ഐ.എച്ച്.ഡി.പി കോളനിക്ക് പ്രത്യേകമായി ഒരു കുടിനീർ പദ്ധതി നടപ്പിലാക്കുക.

ജലം ഒരു അമൂല്യസമ്പത്താണ്. സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ സമീപ ഭാവിയിൽ ജലദൗർലഭ്യം അനുഭവപ്പെടാം. മാലിന്യങ്ങൾ നിക്ഷേപിച്ച് പല ജലാശയങ്ങളും ഇന്ന് നാശമായി കൊണ്ടിരിക്കുന്നു. തോടുകൾ, കുളങ്ങൾ പോലുള്ള ജലാശയങ്ങളിലേയ്ക്ക് കക്കൂസുകൾ തുറക്കുന്നതും മാലിന്യങ്ങൾ ഒഴുക്കിവിടുന്ന ഫാക്ടറികളും നിരോധിക്കേണ്ടതുണ്ട്. വരൾച്ച സമയത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ദീർഘവീക്ഷണമുള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കണം.

**പരിസരശുചീകരണം**

തിരിച്ചറിവാകുന്ന ഒരു കുഞ്ഞുമുതൽ ഓർമ്മിക്കേണ്ട കാര്യമാണ് വ്യക്തിശുചിത്വവും പരിസരശുചീകരണവും. കേരളീയരുടെ ഏറ്റവും ശ്രദ്ധേയമായ ഒരു ജീവിതശൈലിയും അതുതന്നെയാണ്. വളരെയധികം വികാസം പ്രാപിച്ച ഒരു മേഖലയാണിതെന്ന് നാം അഭിമാനിക്കുന്നു. എങ്കിലും അടുത്ത കാലത്ത് പടന്നു പിടിച്ച പകർച്ച വ്യാധികളും ആധുനിക രോഗങ്ങളും ഒരു വീണ്ടുവിചാരത്തിനു നമ്മെ പ്രേരിപ്പിക്കുന്നു. സ്വയം വരുത്തിവെച്ചതും സമൂഹത്തിന്റേതായും, ഭരണകൂടത്തിന്റേതായും നിരവധി കാരണങ്ങൾ നമുക്ക് നിരത്തുവാനുണ്ട്. ഒറ്റയടിക്ക് പരിഹരിക്കുവാൻ കഴിയുന്നതല്ലാ എങ്കിലും ക്രമേണ മാറ്റം വരുത്തുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. വ്യവസായ വത്കരണത്തിന്റെ വൈകല്യങ്ങൾ ശുചീകരണരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ**

മല വിസർജ്ജനത്തിനുള്ള സൗകര്യങ്ങളില്ല. ഇ. എസ്.പി ടൈപ്പ് കക്കൂസുകൾ പരിസരം മലിനമാക്കുന്നു. ജലാശയം കക്കൂസുകളായി ഉപയോഗിക്കുന്നു. കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ. ജലാശയങ്ങളിലെ തൊണ്ടഴുക്കൽ. കയർഫാക്ടറികളിലെ മാലിന്യങ്ങൾ. അനാരോഗ്യകരമായ സാഹചര്യങ്ങളിൽ തയ്യാറാക്കുന്ന ഭക്ഷണം. ഹോട്ടലുകളിലെ ശുചിത്വമില്ലായ്മ. മത്സ്യം, മാംസം എന്നിവയുടെ വിൽപ്പനയിൽ വേണ്ടത്ര നിയന്ത്രണമില്ല. കോളനി പ്രദേശത്തെ മാലിന്യങ്ങൾ.

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ശ്രദ്ധ പതിയേണ്ട പ്രദേശങ്ങൾ 5,6 വാർഡുകളുടെ തീരപ്രദേശങ്ങളാണ്. ആലപ്പുഴ ജില്ലയിലെ തന്നെഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമാണ് ഇത്. മത്സ്യതൊഴിലാളി മേഖലയായതിനാൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മത്സ്യസംസ്കരണവും നടക്കുന്നു. അവശിഷ്ടങ്ങൾ ഉൾ

പ്പടെയുള്ള മാലിന്യങ്ങൾ കുന്നുകൂടി ഈ പ്രദേശങ്ങൾ ഒരു വലിയ വിപത്തിന്റെ നടുവിലാണ്. ഈ മേഖലയിൽ ശ്രദ്ധേയമായ പഠനങ്ങൾ നടത്തി സമഗ്രമായ സംവിധാനങ്ങൾ ഇനിയും ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

<u>സാധ്യതകൾ</u>

മല വിസർജ്ജനത്തിനായി എല്ലാവർക്കും കക്കൂസ് പദ്ധതി നടപ്പിലാക്കുക. ബോധവത്കരണം നടത്തുകയും വേണം.

കോളനികൾ, കായൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ സ്ഥലം അക്വയർചെയ്ത് പൊതുകക്കൂസുകൾ നിർമ്മിക്കുക. ആയതിന്റെ മേൽനോട്ടം പ്രദേശത്തെ വനിതാസംഘടനകളെ ഏൽപ്പിക്കുക.ജലാശയത്തിലേയ്ക്ക് ഇറക്കിയിരിക്കുന്ന കക്കൂസുകൾ നിയമംമൂലം നിരോധിക്കുക

പൊതുതോടുകൾ ഉൾപ്പടെയുള്ള ജലാശയങ്ങൾ താഴ്ത്തി ഒഴുക്കുണ്ടാക്കുന്ന നിലയിലാക്കുക. മാലിന്യങ്ങൾ നിറയ്ക്കാനുള്ള ഒരു കുപ്പത്തൊട്ടിയായി തോടുകളെ ഉപയോഗിക്കാതിരിക്കുക. ഹോട്ടലുകൾ, മറ്റു ഭക്ഷ്യസാധനങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ, ഇവയെ അടിക്കടി പരിശോധനാവിധേയമാക്കുക.പൊതു സ്ഥലങ്ങളിൽനിന്നും ചപ്പു ചവറുകൾ ശേഖരിച്ച് സംസ്കരിക്കാനാവശ്യമായ സൗകര്യം ഏർപ്പെടുത്തുക.



## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ഒരു കാലത്ത് സാമ്പത്തികമായും സാമൂഹ്യമായും വളരെയധികം പിന്നിൽ നിന്ന ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗമായ പട്ടികജാതി പട്ടികവർഗ്ഗം ഇന്ന് സാമൂഹ്യ ജീവിതത്തിൻെറ മുഖ്യധാരയിൽ എത്തിയിരിക്കുന്നു എങ്കിലും ഇനിയും വളരെയേറെ പ്രശ്നങ്ങൾ ഈ വിഭാഗത്തിന് പരിഹരിക്കേണ്ടതായിട്ടുണ്ട്. ലഭിക്കുന്ന ആനുകൂല്യങ്ങളുടെ ഫലപ്രദമായ വിനിയോഗം, പല ആനുകൂല്യങ്ങളുടെ കാര്യത്തിലുമുള്ള അജ്ഞത തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ഇന്നും പ്രശ്നങ്ങളായി അവശേഷിക്കുന്നു. വിദ്യാഭ്യാസരംഗത്തേയ്ക്കു കടന്നു വന്നിരിക്കുന്ന പുതിയ തലമുറയെ പരമാവധി പ്രോത്സാഹിപ്പിക്കണം. പരമ്പരാഗത തൊഴിലുകൾ കുറഞ്ഞുവരുന്നതിനാൽ പുതിയ മേഖലകളൾ കണ്ടെത്താൻ സഹായകമായ നിലപാടുകൾ കൈക്കൊള്ളണം.കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യ പുരോഗതിക്ക് ഗുണകരമായ പലതും ചെയ്തിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ടു താമസിക്കുന്നവരുടെ അവസ്ഥ ദയനിയമാണ്.

പരമ്പരാഗതമായി കൃഷിപ്പണിയും ജന്മിഭൂവുടമകളുടെ സുഖജീവിത സൗകര്യത്തിനുവേണ്ടിയുള്ള ജോലികൾ ചെയ്ത് അടിമതുല്യമായി ജീവിച്ചുവന്നിരുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം. ജന്മി വർഗ്ഗത്തിൻെറ ആവശ്യങ്ങൾക്കുവേണ്ടി അവർ നിർദ്ദേശിക്കുന്ന ഇടങ്ങളിൽ വെട്ടി പൊക്കിയും കൂരകെട്ടിയും പാർത്തിരുന്നു. വിദ്യാഭ്യാസം ചെയ്യുന്നതിനോ, നല്ല വസ്ത്രം ധരിക്കുന്നതിനോ, തങ്ങളുണ്ടാക്കുന്നവ ഉപയോഗിക്കുന്നതിനോ അനുവദിച്ചിരുന്നില്ല. മാത്രമല്ല ജന്മിക്ക് ഹിതമല്ലാത്തത് പറയുകയോ, പ്രവർത്തിക്കുകയോ ചെയ്താൽ കുടിലുകൾ കത്തിച്ചുകളയുക, പൊളിച്ചുകളയുക, കുടിയിറക്കുക തുടങ്ങി കിരാതമായ പ്രവൃത്തികൾക്ക് വിധേയരായവരായിരുന്നു ഈ അധസ്ഥിത വിഭാഗം.

ഈ സ്ഥിതിക്കൊരു മാറ്റം വന്നതം 19-ാം നൂറ്റാണ്ടിൻെറ അവസാനപാദത്തിലും 20-ാം നൂറ്റാണ്ടിൻെറ ആദ്യപാദത്തിലുമുണ്ടായ നവോത്ഥാന പ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടെയാണ്. ശ്രീ നാരായണഗുരുദേവനും ശ്രീ അയ്യങ്കാളിയും നേതൃത്വം കൊടുത്ത പ്രസ്തുത പ്രസ്ഥാനം ഈ അധസ്ഥിത വർഗ്ഗത്തിന് ഒരു മൃതസഞ്ജീവനി ആയിരുന്നു. ഇതിൽ നിന്നും ഊർജ്ജം സംഭരിച്ചുകൊണ്ട് ഒരു വിഭാഗം ചെറുപ്പക്കാർ എല്ലാവിധ പ്രതിബന്ധങ്ങളെയും അതിജീവിച്ചുകൊണ്ട് വിദ്യാഭ്യാസം നേടുകയും പിൽക്കാലത്ത് അധസ്ഥിതരെ സംഘടിപ്പിച്ച് ചെറുത്തുനില്ക്കുകയും ചെയ്തു.

ഐക്യകേരള പിറവിയെതുടർന്ന് 1957ൽ അധികാരത്തിൽ വന്ന ഇ.എം.എസ് ഗവൺമെൻറ് കുടിയൊഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള ഓർഡിനൻസ് പ്രഖ്യാപിച്ചു. ഇത് ഇവരുടെ സംഘടിത ശക്തിക്ക് ആക്കം കൂട്ടി. ഇതിലൂടെ വളർന്നു വന്ന തൊഴിലാളി-കർഷക ഐക്യത്തിൻെറ രൂപം 1970 കളിലെ ജന്മിത്വം അവസാനിപ്പിച്ചുകൊണ്ടുള്ള ഭൂപരിഷ്കരണത്തിന് വഴി തെളിച്ചു.70 കളിൽ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് തൈക്കാട്ടുശ്ശേരിയിതൾ നടന്ന സമരം ചരിത്ര രേഖയിൽ സ്ഥാനം പിടിച്ചു.

ഭരണഘടനാപരമായി ലഭിച്ച അവകാശം അനുഭവിച്ചുകൊണ്ട് മുന്നേറാൻ തുടങ്ങി എങ്കിലും ഇനിയും ഒട്ടേറെ കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്.

തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ മൊത്തം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർ 3500 ആണ്. നമ്മുടെ പഞ്ചായത്തിൽ തേവർവട്ടം, കോടവേലി, ചുടുകാട്ടുംപുരം, പോളേക്കടവ്,നഗരി, ഉളവയ്പ്, ചിറയ്ക്കൽ, പരിമണത്ത്, പോളക്കാട്ടിൽ, എന്നീ 8 ഹരിജൻ കോളനികളാണ് ഉള്ളത്. കൂടാതെ ഹരിജനങ്ങൾ ഉൾപ്പെടുന്ന പനിയാത്ത്, മേക്കരവെളി, കൂട്ടംപുരം, തുടങ്ങിയ കോളനികൾ വേറെയുമുണ്ട്.

9-ാം വാർഡിൽ ഒരു അംബേദ്കർ കോളനിയും 1-ാം വാർഡിൽ ഒരു ഐ.എച്ച്.ഡി.പി.കോളനിയും ഉണ്ട്. ഈ വിഭാഗങ്ങളിൽ പെടാതെ ഒറ്റപ്പെട്ടും ഹരിജനങ്ങൾ താമസിച്ചുവരുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ 8-ാം വാർഡിന്റെ വടക്കേയറ്റവും 7-ാം വാർഡിന്റെ വടക്കേയറ്റവും ചേർത്ത് ഒരു ഐ.എച്ച്.ഡി.പി. കോളനി സ്ഥാപിക്കണം.
2. വീടുകൾ പണിയുന്നതിനു വേണ്ടി നിലവിൽകൊടുത്തു കൊണ്ടിരിക്കുന്ന സഹായം ഇരട്ടിയായി വർദ്ധിപ്പിക്കണം.
3. ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് കോളനികളിൽ താമസിക്കുന്നവർക്ക്ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
4. കേടു സംഭവിച്ച വീടുകൾ പുതുക്കി പ്പണിയുന്നതിന് ആവശ്യമായ ധനസഹായം നൽകുക.
5. എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീട് ഉറപ്പാക്കുക.
6. കൂട്ടുകുടുംബമായി താമസിക്കുന്നവർക്ക് ഭൂമിയും വീടും നൽകുക.
7. മുഴുവൻ പട്ടികജാതിക്കാർക്കും വീടും,വൈദ്യുതിയും കുടിവെള്ളവും, കക്കൂസും ഉറപ്പാക്കുക.
8. കോളനികളിൽ സെപ്റ്റിക് ടാങ്കു കക്കൂസുകൾ നിർമ്മിക്കുകയും അത് സംരക്ഷിക്കുവാൻ അവരെ ബോധവത്കരിക്കുകയും ചെയ്യുക.
9. ഒറ്റപ്പെട്ടു താമസിക്കുന്ന ഹരിജനങ്ങളുടെ വീട് വൈദ്യുതീകരിക്കുന്നതിന് ഭൂവുടമകളുടെ കൺസെൻറിനുള്ള തടസം ഇല്ലാതാക്കുക.
10. അഭ്യസ്ഥ വിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.
11. തീരപ്രദേശത്തു താമസിക്കുന്നവർക്ക് കാലവർഷകെടുതിയിൽ നിന്ന് സംരക്ഷണം നൽകുക.
12. സാക്ഷരതാ സമിതി പുനരുജ്ജീവിപ്പിക്കുകയും, വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ പഞ്ചായത്ത് തലത്തിൽ കമ്മിറ്റി ഉണ്ടാക്കുക.
13. കോളനികൾ പൂർണ്ണമായും വൈദ്യുതീകരിക്കുകയും ടി.വി., റേഡിയോ, കളിസ്ഥലം എന്നിവ സ്ഥാപിക്കുകയും ചെയ്യുക.
14. ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം ഇരട്ടിയായി വർദ്ധിപ്പിക്കുക.
15. ഹരിജൻ സർവ്വീസ് സഹകരണസംഘങ്ങളുടെ പ്രവ്ർത്തന മൂലധനം വർദ്ധിപ്പിക്കുകയും മുഴുവൻ ഹരിജനങ്ങളെയും സംഘത്തിൽ അംഗങ്ങളാക്കുകയും ചെയ്യുക.
16. പട്ടിക ജാതി വർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം സൗജന്യമായി ഏർപ്പെടുത്തുകയും പഠനോപകരണങ്ങൾ സൗജന്യമായി നൽകുകയും ചെയ്യുക.
17. നെൽകൃഷി പുനരാരംഭിക്കുക.
18. ഒരുപൂ മത്സ്യകൃഷി ചെയ്യുക.
19. അർഹരായ മുഴുവൻ കർഷകതൊഴിലാളികൾക്കും പെൻഷൻ നൽകുക.

### പട്ടികജാതി വീടുകൾ

| വാർഡ് | എണ്ണം |
|---|---|
| 1 | 64 |
| 2 | 33 |
| 3 | 42 |
| 4 | 25 |
| 5 | 12 |
| 6 | 26 |
| 7 | 52 |
| 8 | 41 |
| 9 | 74 |
| 10 | 21 |
| ആകെ | 430 |



# പാർപ്പിട പ്രശ്നം

ഒരു രാജ്യത്തിന്റെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക ഭരണനയങ്ങളുടെ മുഖചിത്രമാണ് ആ നാടിന്റെ പാർപ്പിട പ്രശ്നം. ദരിദ്ര ജനവിഭാഗത്തിന്റേതു മാത്രമായ ഗൗരവകരമായ ഒന്നാണിത്. അന്യരുടെ ഭൂമിയിൽ കുടികിടപ്പുകാരനായി കുടിലു കെട്ടി താമസിക്കുമ്പോൾ മുതൽ പാർപ്പിടം ഒരു പ്രശ്നംതന്നെയായിരുന്നു. 1970 നുശേഷം കുടിതാമസക്കാരൻ സ്ഥലത്തിന്റേയും കുടിലിന്റേയും ഉടമയായി മാറി. അതിനുശേഷമാണ് കുറെയെങ്കിലും കുടിലുകൾ വീടായത്.

1960ൽ ഭൂമിയുടെ ഉടമസ്ഥർ 2700പേർ
1996ൽ ഭൂമിയുടെ ഉടമസ്ഥർ 9137പേർ

ഭൂമിയിൽ ഉടമാവകാശം നേടിയതിനുശേഷം സാമ്പത്തിക അടിത്തറയിൽ വന്ന മാറ്റവും പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും ദരിദ്രരുടെ പാർപ്പിട പ്രശ്നം സർക്കാർ ശ്രദ്ധിക്കാൻ ഇടയാക്കി. എങ്കിലും ദരിദ്രരുടെ പാർപ്പിട പ്രശ്നം ഒരു മുഖ്യ വിഷയമായി എടുത്തിട്ടില്ല.

ഒരു വിഭാഗത്തെ അലട്ടുന്ന പ്രശ്നം വിശപ്പും പാർപ്പിടവുമാണെങ്കിൽ മറ്റൊരു കൂട്ടരുടെ പ്രശ്നം ആഹാരത്തിന്റെ സമൃദ്ധിയും സാമ്പത്തിക ശേഷി വീടു നിർമ്മാണത്തിൽ എന്ന ചിന്തയുമാണ്.

1973ൽ തുടങ്ങിവച്ച ലക്ഷംവീട് പദ്ധതിയാണ് പാർപ്പിട പ്രശ്നം പരിഹരിക്കാനുള്ള സംരംഭത്തിന് തുടക്കം കുറിച്ചത്. എന്നാൽ കോളനി സമ്പ്രദായം ഇപ്പോൾ വ്യാപകമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പരിസര മലിനീകരണം, പൊതുവായ സ്ഥലത്തിന്റെ അപര്യാപ്തത, കന്നുകാലി വളർത്തൽ തുടങ്ങിയ കൃഷികൾ ചെയ്യാൻ കഴിയാതെ വരുക എന്നിവയാണ് മുഖ്യ പ്രശ്നങ്ങൾ. കർമ്മശേഷി തളയ്ക്കപ്പെടുന്ന അവസ്ഥ.

കിഴക്കും പടിഞ്ഞാറും ഭാഗത്തുള്ള തീരപ്രദേശത്ത് തിങ്ങിപ്പാർക്കുന്ന കർഷകതൊഴിലാളികൾക്കും മത്സ്യതൊഴിലാളികൾക്കും വെള്ളപ്പൊക്കം ഒരു വലിയ ഭീഷണിയാണ്. വർഷ കാലത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ ജനങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് ശാശ്വതമായ പരിഹാരം കാണണം. തീരപ്രദേശത്ത് ഭൂനിരപ്പ് ഉയർത്തി കല്ലുകെട്ടി സംരക്ഷിക്കേണ്ടതുണ്ട്.

കായലിന്റെ ആഴക്കുറവും തീരപ്രദേശം നികത്തുന്നതും ജലസംഭരണശേഷിയെ കുറയ്ക്കുന്നു. വനനശീകരണം മൂലം കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന മണ്ണാണ് കായലിന്റെ ആഴക്കുറവിനു കാരണം. ഇതൊരു പരിസ്ഥിതി പ്രശ്നമായിത്തന്നെ കാണേണ്ടതുണ്ട്. വീടു നിർമ്മിക്കുന്നതിന് നെൽപ്പാടങ്ങൾ നികത്തുന്നത് വ്യാപകമായിട്ടുണ്ട്. ഇതുമൂലം നെല്ലുല്പാദനം മൂന്നിലൊന്നായി ചുരുങ്ങി.

ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന 758 പേർക്ക് വീട് വേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മൊത്തം വീടുകളിൽ 700 വീടുകൾ പൂർണ്ണമായും കുടിലുകളാണ്. പല സ്കീമുകളിൽ നിർമ്മിച്ച വീടുകളാകട്ടെ ജീർണ്ണാവസ്ഥയിലുമാണ്.

### പ്രശ്നങ്ങൾ

വീട് നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ ലഭ്യതക്കുറവും അമിതവിലയും. നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം നിർമ്മാണതൊഴിലാളികളുടെ അപര്യാപ്തത, ഗവൺമെന്റ് ഏജൻസികളുടെ സമീപനത്തിന്റെ പ്രശ്നങ്ങൾ.

### സാധ്യതകൾ

സ്ഥലം വിലയ്ക്കെടുത്ത് മുൻഗണനാക്രമത്തിൽ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക. ഒരു ഭവനനിർമ്മാണസംഘം പഞ്ചായത്തിൽ ആരംഭിക്കുക. ചെലവു കുറഞ്ഞ വീട് എന്ന സാങ്കേതിക വിദ്യ പ്രചരിപ്പിക്കണം. നിർമ്മാണ വസ്തുക്കളുടെ വിൽപ്പന സംഘംവഴിയാക്കുക. പുറമ്പോക്കിൽ താമസിക്കുന്നവരെ സ്ഥലം കണ്ടെത്തി മാറ്റി പാർപ്പിക്കുക. കൂടുതൽ പേർക്ക് നിർമ്മാണതൊഴിലിൽ പരിശീലനം നൽകുക. ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി ആരംഭിക്കുക. ജെ.ആർ.വൈ, ഐ.എ.വൈ എന്നീ പദ്ധതികളുടെ തുക കാലോചിതമായി പരിഷ്കരിക്കുക. മൈത്രീ ഭവന പദ്ധതിയിൽ നിന്നുള്ള വായ്പകൾ കിട്ടുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഏജൻസി രൂപീകരിക്കുക. ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ സാമ്പത്തിക സഹായം ലഭ്യമാക്കുക. ഭവന നിർമ്മാണത്തിന് വിവിധ ഏജൻസികളെ സംയോജിപ്പിച്ച് എല്ലാവർക്കും പാർപ്പിടം എന്ന പദ്ധതിക്ക് രൂപംകൊടുക്കേണ്ടതുണ്ട്.

### സാമൂഹ്യക്ഷേമം

വികസനമെന്നാൽ സമ്പദ്ഘടനയുടെ വളർച്ചയിലൂടെ പിന്നോക്കാവസ്ഥയുടെ ദൂരീകരണമാണ്.

8 പഞ്ചവത്സര പദ്ധതികളിലായി കോടികൾ ക്ഷേമകാര്യങ്ങൾക്കായി മുടക്കിയിട്ടും ദരിദ്രരുടെ എണ്ണം വർദ്ധിക്കുകയാണ്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 75% പേർ ദാരിദ്ര്യരേഖയ്ക്കു താഴെക്കഴിയുന്നു. നിത്യോപയോഗ സാധനങ്ങളുടെ അമിത വിലയും ജീവിത നിലവാരത്തിലെ മാറ്റങ്ങളും കണക്കിലെടുത്ത് ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തേണ്ടതാണ്.

കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ വിവിധ ഏജൻസികൾ വഴി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർ അറിയുന്നില്ല എന്നതും ധനസഹായം ലഭിക്കുന്നവർ ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്നതും ഒരു പ്രശ്നമാണ്. ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണവും പദ്ധതി നടത്തിപ്പിന് വിഘാതമായിട്ടുണ്ട്. ക്ഷേമപദ്ധതികളിലൂടെ നടപ്പിലാക്കുന്ന വ്യവസായ തൊഴിൽ സംരംഭങ്ങൾ ഒട്ടുമിക്കതും പരാജയപ്പെടുകയാണ്. ഇതിൻെറ കാരണം പരിശോധിക്കേണ്ടതുണ്ട്.ഐ.ആർ.ഡി.പി., ട്രൈസം പദ്ധതി എന്നിവ ഫലപ്രദമാകുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 2 ഡി.ഡബ്ല്യൂ.സി.ആർ.ഐ യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നുണ്ട്. വ്യക്തിഗത തൊഴിൽ സംരംഭത്തേക്കാൾ കൂട്ടായ സംരംഭങ്ങൾ വിജയിക്കുമെന്നത് മേൽയൂണിറ്റുകളുടെ നല്ല പ്രവർത്തനങ്ങൾ കൊണ്ട് മനസിലാക്കാൻ കഴിയുന്നുണ്ട്.

അങ്കൻവാടികളിൽ പലതിൻേറയും പ്രവർത്തനം തൃപ്തികരമല്ല. സ്വന്തമായി കെട്ടിടമില്ലാത്ത 8 അങ്കൻവാടികളുണ്ട്. പൊതുവിതരണ സംവിധാനം പരക്കെ പരാതിയുള്ള മേഖലയാണ്.കൃത്യമായ അളവും തൂക്കവും വിലയും ഉറപ്പുവരുത്തണം. പുതിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൂടുതൽ സാമൂഹ്യ പുരോഗതിക്കായി നമുക്ക് യത്നിക്കാം.

<u>പ്രശ്നങ്ങൾ</u>

പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള ശ്രദ്ധക്കുറവ്, മോണിറ്ററിംഗ് ഏജൻസികളുടെ അഭാവം, ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം, പ്രാദേശിക സാധ്യതയുള്ള തൊഴിലുകളിൽ പരിശീലനം ഇല്ലായ്മ, വിവിധ പെൻഷനുകളെ പ്പറ്റിയുള്ള അറിവില്ലായ്മ, പെൻഷൻ വിതരണത്തിലെ അപാകത.

<u>സാധ്യതകൾ</u>

വിവിധ ക്ഷേമ പദ്ധതികൾ അനുവദിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും ആവശ്യമായ ബോധവത്കരണവും തുടർ പരിശോധനയ്ക്കായി വാർഡ്തല കമ്മറ്റികൾ രൂപീകരിക്കുക. മാസത്തിലൊരിക്കൽ വിലയിരുത്തലുകൾ നടത്തുക. വിവിധ പെൻഷൻ, ക്ഷേമ പദ്ധതികളെപ്പറ്റി വിശദമായ അറിവു നൽകുന്നതിനും ആനുകൂല്യങ്ങളുടെ വിതരണം നടത്തുന്നതിനും പഞ്ചായത്തുതല ഇൻഫർമേഷൻ സെൻററുകൾ തുറക്കുക. അങ്കൻവാടികളുടെ പ്രവർത്തനം വിലയിരുത്താനുള്ള കമ്മറ്റികൾ ഊർജ്ജസ്വലമാക്കുക. നിത്യോപയോഗ സാധനങ്ങൾ കൂടുതലായി റേഷൻകടകൾ വഴി വിതരണം നടത്തുക. വൃദ്ധസദനം, വൈകല്യമുള്ള കുട്ടികളുടെ സ്ക്കൂൾ ഹോസ്റ്റൽ, എന്നിവ സ്ഥാപിക്കുക. അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക. അത്യാവശ്യഘട്ടങ്ങളിൽ സഹായമെത്തിക്കാൻ കഴിയുന്ന രീതിയിൽ വാർഡുതലത്തിൽ സന്നദ്ധസേന രൂപീകരിക്കുക. പഞ്ചായത്തുതലത്തിൽ ആശ്വാസനിധി രൂപീകരിക്കുക. യുവാക്കളും വനിതകളും അർപ്പണമനോഭാവത്തോടെ സംഘടിച്ചാൽ സാമൂഹ്യ ക്ഷേമ, സേവനരംഗത്ത് നിരവധി കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും.

| | |
|---|---|
| ആകെ കുടുംബം | 3864 |
| SC/ST | 380 |
| സഹായം ലഭിച്ചവർ | 1347 |
| ഇതിൽ SC/ST | 371 |
| സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ | 426 |
| സഹായം ലഭിച്ചവർ ഉൾപ്പടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ | 3438 |

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംബന്ധിച്ച ഐ.ആർ.ഡി.പി സർവ്വേ



# വ്യവസായം

തൈക്കാട്ടുശ്ശേരി പഞ്ചായത്ത് വളരെ വർഷങ്ങൾക്കുമുമ്പു തന്ന വ്യവസായമേഖലയിൽ പ്രവേശിച്ചിരുന്നു. എന്നിരുന്നാലും കാര്യമായ പുരോഗതി ഈ രംഗത്ത് കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. 1930കളിൽ കൊപ്രാവ്യവസായവും 1940കളിൽ 4 വൻകിട കയർ ഫാക്ടറികളുംഇവിടെ പ്രവർത്തിച്ചിരുന്നു. കയറ്റുമതി രംഗത്തുവരെ കയർ വ്യവസായം പുരോഗമിച്ചിരുന്നു. ഐ.സി.എം കമ്പനി,കുടകുത്തുംപറമ്പ്, വാര്യംപറമ്പ്, വല്യാറ തുടങ്ങിയ കമ്പനികളായിരുന്നു ഈ രംഗത്ത് പ്രവർത്തിച്ചിരുന്നത്. ഒട്ടേറെ തൊഴിലാളികൾ ഈ രംഗത്തു പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് അവയെല്ലാംതന്നെ നാമമാത്രമായിക്കഴിഞ്ഞിരിക്കുന്നു.

ഇന്ന് കയർഫാക്ടറികൾ ആകെ വികേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. എങ്കിലും കയർ ഫാക്ടറികളിൻമേലുള്ള നിയന്ത്രണംകയറ്റുമതിക്കാരായ കുറെ വൻകിട ഉടമകളുടെ കൈകളിലാണ്. നിരവധി ചെറുകിട കയർ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പൊതുവായുള്ള സ്ഥിതി ആശാവഹമല്ല.

ആധുനിക വൻകിട കയർ ഫാക്ടറികൾ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെങ്കിലും ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന ഹോസ് നിർമ്മാണം, പോളിത്തീൻ കവർ, പെയിൻറ്,, സൈക്കിൾ ടയർ നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായ ശാലകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫർണിച്ചർ നിർമ്മാണം, ഗാർമെൻറ്സ്, തടിഅറുപ്പ് മില്ലുകൾ, കറിപൗഡർ നിർമ്മാണം, ഫ്ലവർ മില്ലുകൾ തുടങ്ങിയ ചെറുകിട ഇടത്തരം വ്യവസായസംരംഭങ്ങളും നടന്നുവരുന്നുണ്ട്. പഞ്ചായത്ത് ജനസംഖ്യയിൽ കുറെയേറെ ജനങ്ങൾ ഈ രംഗങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ സ്ത്രീ തൊഴിലാളികളും ഉൾപ്പെടുന്നു.

പരമ്പരാഗത മേഖലയിൽ കയർ മേഖലയ്ക്ക് തന്നെയാണ് പ്രഥമസ്ഥാനം.എന്നിരുന്നാലും ഈ രംഗത്തും പരിമിതികളും പരാധീനതകളും ഏറെയാണ്. വളരെ കുറഞ്ഞ കൂലിനിരക്കിൽ പ്രവർത്തിക്കുന്ന ചെറുകിട കയർ വ്യവസായ സഹകരണസ്ഥാപനങ്ങൾ പോലും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൻെറ കാരണം വസ്തുനിഷ്ഠമായി പഠിക്കേണ്ടിയിരിക്കുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ കുട്ട, വട്ടി, മുറം മുതലായ വീട്ടുപകരണങ്ങൾ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളും പരിമിതമായ തോതിൽ നടന്നുവരുന്നു.

## കയർമേഖല

ചകിരി പിരിയാണ് ഈ രംഗത്തുള്ള പ്രധാനതൊഴിൽ.ഈ പ്രവർത്തിയിൽ സ്ത്രീകളും പുരുഷൻമാരും പങ്കാളിത്തം വഹിക്കുന്നു.ചെറുകിട തടുക്ക് നിർമ്മാണ യൂണിറ്റ്, കയറ്റുപായ നിർമ്മാണം എന്നീ ഫാക്ടറികളാണ് കയർ മേഖലയിലുള്ള തൊഴിൽ ശാലകൾ. ഒരു ചെറിയ യൂണിറ്റിൽ ശരാശരി 7 തറികളാണുള്ളത്. കൂടാതെ ലോഡിംഗ്, ഫിനിഷിംഗ്, മുതലായ ജോലികൾ ചെയ്യുന്നവരും ഈ രംഗത്തുണ്ട്. മൊത്തത്തിൽ വ്യവസായ മേഖലയുടെ മുഖ്യപങ്ക് കയർ മേഖലയ്ക്കാണ്. അതുകൊണ്ട് തന്നെ ഈ രംഗത്ത് നിലവിലുള്ള പരാധീനതകളും പോരായ്മകളും പരിഹരിക്കുക എന്നത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.

അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിലും, ഉത്പന്നങ്ങളുടെ വിപണനരംഗത്തും ചെറുകിട ഫാക്ടറി ഉടമകൾക്ക് പങ്കില്ലാത്ത വിധം ഇടനിലക്കാർ എന്ന വർഗ്ഗമാണ് രംഗം കയ്യടക്കിയിരിക്കുന്നത്. ഇവരുടെ ചൂഷണത്തിൽ നിന്നും മോചനം കിട്ടുന്നതിന് പരിഹാരം കാണുക എന്നതാണ് പരമ പ്രധാനം. വിരലിലെണ്ണുന്ന ഫാക്ടറി ഉടമകൾമാത്രമേ ഈ രംഗത്ത് മോചിതരാകുന്നുള്ളൂ.

### കയർ രംഗത്തെ പ്രശ്നങ്ങൾ മൊത്തത്തിൽ അപഗ്രഥിച്ചാൽ ഇവകൾ എന്തെന്ന് കാണാം.

1. ഇടനിലക്കാരുടേയും കയറ്റുമതിക്കാരുടേയുംചൂഷണം
2. തെങ്ങു രോഗം മൂലം ഉണ്ടാകുന്ന നാളികേരത്തിൻെറ ഉത്പാദനക്കുറവും തൻമൂലമുണ്ടാകുന്നഅസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും.
3. ആധുനിക സാങ്കേതിക വിദ്യയുടെ അപര്യാപ്തത.
4. ആഭ്യന്തര വിപണിയില്ലായ്മ.
5. ബ്ലീച്ചിംഗ്, ഡൈയിംഗ് വസ്തുക്കളുടെ അപര്യാപ്തത.
6. അനാരോഗ്യകരമായ മത്സരം.

സാധ്യതകൾ

1. ഫാക്ടറികൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ

ശേഖരിക്കുന്നതിനും, സേവനസംവിധാനങ്ങൾക്രമീകരിക്കുന്നതിനും, ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനും ആവശ്യമായ കൂട്ടായ്മ സൃഷ്ടിക്കുക.

2. കയർപിരി, മറ്റുത്പന്ന നിർമ്മാണം, എന്നിവയിൽ ആധുനിക സാങ്കേതിക വിദ്യയും അതിനുള്ള പരിശീലന പദ്ധതികളും നടപ്പിലാക്കുക.
3. ഉത്പാദന വിപണനരംഗത്ത് ഇടനിലക്കാരെ ഒഴിവാക്കുക.
4. ഉത്പാദനരംഗത്ത് വൈവിദ്ധ്യവത്കരണം നടത്തുക. വിപണനരംഗത്ത് ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് പ്രചാരണപ്രവർത്തനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുക.
5. വനിതകൾക്ക് ഈ രംഗത്ത് വേണ്ട വിദഗ്ദ്ധ പരിശീലനം ഏർപ്പാട് ചെയ്യുക. കയർ ബോർഡ് ഈ രംഗത്ത് മുൻകൈ എടുക്കുക.
6. ഈ രംഗത്ത് വ്യവസായികളെ നിലനിർത്താൻ പരമ്പരാഗത വ്യവസായം എന്ന നിലയിലുള്ള സാധ്യമായ എല്ലാ ആനുകൂല്യങ്ങളും നൽകുക.
7. ഉപയോഗശൂന്യമായി തള്ളുന്ന ചകിരിച്ചോറുപയോഗിച്ച് പുതിയ ഉത്പന്നം നിർമ്മിക്കുകയും അതിനുള്ള സാങ്കേതിക വിദ്യ വിദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുക.
8. ഈ രംഗത്ത് വേണ്ട ആധുനിക സാങ്കേതികവിദ്യയും വൈവിധ്യവത്കരണത്തിനുമുള്ള പരിശീലനക്കളരികളും താലൂക്കടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

### വ്യവസായ രംഗത്ത് രണ്ടാമതായി വരുന്ന മേഖലയാണ് കറുത്ത കക്കാ വ്യവസായം

ഈ പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും കായലാണ്. ഇതിൽ പടിഞ്ഞാറു ഭാഗത്തുനിന്നും സുലഭമായും കിഴക്കൻ മേഖലയിൽ നിന്നും പരിമിതമായും കക്കാ ലഭ്യമാണ്. കക്കാവാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുറെ തൊഴിലാളികൾ ഈ പ്രദേശത്തുണ്ട്. സ്ത്രീകളും പുരുഷൻമാരും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവരുടെ ശരിക്കുള്ള അദ്ധ്വാനഫലം ഈ രംഗത്ത് ലഭിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണ്.

ഇപ്പോൾ ലഭിക്കുന്ന കക്കകൾ മുഴുവൻ ഇടനിലക്കാർ മുഖാന്തിരം മറ്റു സ്ഥലങ്ങളിലേയ്ക്ക് കയറ്റിക്കൊണ്ട് പോവുകയാണ്. നിലവിൽ കറുത്ത കക്കാ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘം കക്കായുടെ വിപണനം മാത്രമാണ് നടത്തുന്നത്. കക്കാ ഉപയോഗിച്ച് കുമ്മായം, ബ്ലീച്ചിംഗ് പൗഡർ, കാത്സ്യം അടങ്ങിയ മരുന്നുകൾ എന്നിവ നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള സഹകരണസംഘം ഈ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചാൽ വളരെയേറെ തൊഴിൽ സാധ്യതകൾ ഉണ്ടാവുകയും, കക്കാതൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക പരാധീനതകൾക്ക് പരിഹാരമാവുകയും ചെയ്യും.

#### പ്രശ്നങ്ങൾ

1. മാർക്കറ്റിംഗ് രംഗത്ത് ശരിയായ അറിവില്ലായ്മ.
2. സംസ്കരണത്തിനാവശ്യമായ സാങ്കേതികവിദ്യയുടെ അഭാവം
3. കക്ക നീറ്റുമ്പോഴുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ
4. നിലവിലുള്ള സഹകരണസംഘങ്ങളുടെ വേണ്ടത്ര കൂട്ടായ്മയില്ലാത്ത പ്രവർത്തനം.
5. ഇടനിലക്കാരുടെ ചൂഷണം.
6. അശാസ്ത്രീയമായ കക്കാവാരൽ.

#### സാധ്യതകൾ

1. നിലവിലുള്ള സഹകരണസംഘം വിപുലീകരിച്ച് അതിൻെറകീഴിൽ ചെറു സംസ്കരണ ശാലകൾ സ്ഥാപിച്ച് ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക

### സിലിക്കാമണൽ

പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന അസംസ്കൃത പദാർത്ഥമാണ് സിലിക്കാമണൽ. പല വ്യവസായങ്ങൾക്കും ഇത് അത്യാവശ്യമാണ്. സ്വകാര്യ വ്യക്തികൾക്ക് സർക്കാർ നൽകുന്ന ലൈസൻസ് പ്രകാരവും അല്ലാതെയും മറ്റു സംസ്ഥാനത്തിലേയ്ക്ക് കടത്തിക്കൊണ്ടു പോവുകയാണ്. ഏകദേശം 200 ടൺ മണൽ പ്രതിദിനം ഇവിടെനിന്നും പോകുന്നുണ്ട്. പരിമിതമായ തൊഴിലാളികൾ മാത്രം പ്രവർത്തിക്കുന്ന ഈ മേഖലയിൽ ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ ഉണ്ടായേതീരു. നിയന്ത്രണം ലംഘിച്ചുള്ള മണൽ ഖനനം പരിസ്ഥിതിയെ വളരെ സാരമായിബാധിക്കുന്നുണ്ട്. സംസ്ഥാനഗവൺമെൻറും തദ്ദേശഭരണസ്ഥാപനങ്ങളും സംയുക്തമായി ഈ വ്യവസായവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. സിലിക്കാ മണലിൻെറ വ്യാവസായിക പ്രാധാന്യത്തെപ്പറ്റിയുള്ള അജ്ഞത.
2. വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക വിദ്യയുടെ അഭാവം
3. സാമ്പത്തിക ഏജൻസികളുടെ അഭാവം

**സാധ്യതകൾ**

1. മണൽ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത് നിയന്ത്രിക്കുക.
2. മണൽ സംസ്കരണഫാക്ടറികൾ സ്ഥാപിക്കുക.
3. സിലിക്കാ മണൽ ഉപയോഗിച്ചു നിർമ്മിക്കുന്ന ഗ്ലാസ്, ഇഷ്ടിക തുടങ്ങിയ ഉത്പന്നങ്ങൾ പ്രാദേശികമായി ഉത്പാദിപ്പിക്കുക.
4. അനധികൃത ഖനനം കർശനമായ നിയമം മൂലം തടയുക. അതിനായി ബോധവത്കരണം നടത്തുക.
5. മൈനിംഗ് ലൈസൻസ് നൽകുന്നതിന് പഞ്ചായത്തിൻെറ അനുവാദം നിർബന്ധമാക്കുക.

## മത്സ്യമേഖലകൾ

പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും അതിർത്തികൾ കായലുകളാണ്. തീരപ്രദേശത്തുള്ളവരിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകഴിയുന്ന നല്ലൊരു ശതമാനം ആളുകളുണ്ട്. ഊന്നിവല, കമ്പവല, വീശുവല, തുടങ്ങിയ വലകൾ ഉപയോഗിച്ചും, ചൂണ്ട ഉപയോഗിച്ചും മത്സ്യം പിടിക്കുന്നു. കായലിൽ നിന്നും ചെമ്മീൻ, ഞണ്ട്, ചെറുമത്സ്യങ്ങൾ, കക്ക, എന്നിവ ലഭിക്കുന്നുണ്ട്. ഇതിൽ ചെമ്മീൻ, കക്ക, ഞണ്ട് തുടങ്ങിയവ വ്യവസായ പ്രാധാന്യമുള്ള ഉത്പന്നങ്ങളാണ്. ഇവകൾ മറ്റു സ്ഥലങ്ങളിലുള്ള സംസ്കരണശാലകളിലേയ്ക്കാണ് ഇപ്പോൾ പോയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രദേശത്ത് ചെമ്മീൻ പീലിംഗ് ഷെഡുകൾ മാത്രമാണുള്ളത്. സംസ്കരണശാലകളുടെ അഭാവം ഈ രംഗത്തുണ്ട്. കൂടാതെ മത്സ്യവിപണനകേന്ദ്രത്തിൻെറ അപര്യാപ്തതയും പരിഹരിക്കേണ്ടതുണ്ട്. ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളും സാധ്യതകളും താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

**പ്രശ്നങ്ങൾ**

1. ആധുനിക രീതിയിലുള്ള മത്സ്യസംസ്കരണയൂണിറ്റുകളുടെ അപര്യാപ്തത, അവയ്ക്കാവശ്യമായ സാമ്പത്തിക സഹായത്തിലുള്ള അഭാവം.
2. പീലിംഗ് ഷെഡുകൾക്ക് അനുയോജ്യമായ സ്ഥലത്തിൻെറ അഭാവം.
3. തണ്ണീർമുക്കം ബണ്ടുമായി ബന്ധപ്പെട്ട മത്സ്യബന്ധന പ്രശ്നങ്ങൾ.
4. മത്സ്യവിപണന സൗകര്യങ്ങളുടെ അപര്യാപ്തത.

**സാധ്യതകൾ**

1. സാമ്പത്തിക ഏജൻസികളുടെ സഹായത്തോടെമത്സ്യസംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുക.
2. പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി മത്സ്യബന്ധനമേഖലകളിൽ പീലിംഗ് ഷെഡുകൾ കൂടുതലായി സ്ഥാപിക്കുക.
3. തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. മത്സ്യ ഉല്പാദനത്തിനുവേണ്ടി പദ്ധതികൾ നടപ്പിലാക്കുക.

## തഴപ്പായനെയ്ത്ത്

പഞ്ചായത്തിൻെറ 1,2,3,7,8,9 എന്നീ വാർഡുകളിൽ തഴപ്പായ നെയ്ത്തിനാവശ്യമായ തഴകൾ സുലഭമായി ലഭിക്കുന്നുണ്ട്. ഈ രംഗത്ത് ഒറ്റപ്പെട്ട ചില തൊഴിൽ സംരംഭകർ മാത്രമേ രംഗത്തിപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ഇപ്പോൾ നിലവിലുള്ള പൂച്ചാക്കൽ, തൈക്കാട്ടുശ്ശേരി ഹരിജൻ സർവ്വീസ് സഹകരണസംഘം ഈ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുകയും, അതിൻെറ കീഴിൽ തന്നെ തഴപ്പായ നെയ്ത്ത് സഹകരണസംഘം രൂപീകരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ ഏകോപിപ്പിച്ച് ആവശ്യമായ പ്രോത്സാഹനവും സാമ്പത്തിക സഹായവും ചെയ്താൽ വിപുലീകരിക്കാൻ പറ്റുന്ന ഒരു ചെറുകിട വ്യവസായ മേഖലയാകും ഈ രംഗം.

**മറ്റു ചെറുകിട വ്യവസായ യൂണിറ്റുകൾ**

സാങ്കേതിക സ്ഥാപനങ്ങളിൽ വിവിധ ട്രേഡുകളിൽ പ്രാവീണ്യം നേടിയ ധാരാളം ചെറുപ്പക്കാർ ഈ പ്രദേശത്തുണ്ട്. ഇവർക്കാവശ്യമായ പ്രോത്സാഹനവും സാമ്പത്തികസഹായവും നൽകുകയാണെങ്കിൽ കുറെയേറെ ചെറുകിട വ്യവസായ സംരംഭങ്ങൾ നമ്മുടെ പ്രദേശത്ത് നടത്തുവാൻ കഴിയും. ഈ പ്രദേശത്ത് വിജയകരമായി നടത്തുവാൻ സാധിക്കുമെന്ന് കരുതുന്ന ചില യൂണിറ്റുകൾ താഴെ ചേർക്കുന്നു.

1. ഭവനനിർമ്മാണ ഉപകരണയൂണിറ്റ്.

2. വിവിധതരം വർക്ക് ഷോപ്പുകൾ – ടി.വി, വി.സി.ആർ മോട്ടോർ വർക്ക്, വെൽഡിംഗ് മുതലായവ.
3. സിൽക്ക് വ്യവസായത്തോടനുബന്ധിച്ചുള്ള അനുബന്ധവ്യവസായം – ഖാദിബോർഡിന്റെ സഹായത്തോടെ.
4. മൊബൈൽ ക്യാറ്ററിംഗ് സർവ്വീസ്.
5. ഗാർമെൻറ്സ് മേക്കിംഗ്.
6. കറിപൗഡർ, അച്ചാർ, പപ്പടം മുതലായ ഭക്ഷ്യപദാർത്ഥ നിർമ്മാണയൂണിറ്റ്.
7. സോപ്പുനിർമ്മാണം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കയർ വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽരൂപവൽക്കരിക്കുക.തൊണ്ട്അഴിക്കൽചകിരിപിരി തുടങ്ങിയവയ്ക്ക്ആധുനികസംവിധാനംഏർപ്പെടുത്തുക.
2. ഓഹരി മൂലധനംസമാഹരിച്ച്പൊതുമേഖലയിൽഒരുവൻകിടകയർഫാക്ടറിസ്ഥാപിക്കുക,തടുക്ക്,പായ്,റബ്ബറൈസ്ഡ്മാറ്റ്റസ്,മുതലായ വ്യവസായികഉല്പാദനങ്ങൾ നിർമ്മിച്ച് വിപണനം നടത്തുക.
3. നാളികേരസംസ്ക്കരണഫാക്ടറി സഹകരണമേഖലയിലോ പൊതുമേഖലാടിസ്ഥാനത്തിലോരൂപവല്ക്കരിക്കുക.തേങ്ങസംഭരണം,സംസ്ക്കരണം,വിപണനം മുതലായവ സംഘം നേരിട്ട് നടത്തുക. നാളികേര ഉത്പന്നങ്ങളായ ചിരട്ട, ചകിരിനാര് എന്നിവ ഉപയോഗിച്ച് ഉന്നത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വ്യവസായിക ഉത്പന്നങ്ങൾ നിർമ്മിച്ച് ആഭ്യന്തരവും വിദേശീയവുമായ വിപണികളിൽ വിപണനം നടത്തുക.
4. നിലവിലുള്ള കക്കാസഹകരണസംഘം വിപുലീകരിച്ച് സഹകരണവ്യവസായ യൂണിറ്റായി ഉയർത്തുക.
5. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന സിലിക്കാ മണൽ ഉപയോഗിച്ച് പൊതുമേഖലയിലോ, സഹകരണാടിസ്ഥാനത്തിലോ വൻകിട ഫാക്ടറി തദ്ദേശീയമായി സ്ഥാപിച്ച് വ്യാവസായികോല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുക.
6. മത്സ്യസംസ്കരണശാലകൾ കൂടുതലായി സ്ഥാപിക്കുകയും മത്സ്യവിപണനകേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.
7. ഭവനനിർമ്മാണോപകരണ വിപണന സംഘം സ്ഥാപിക്കുക. അതുവഴി ഭവനനിർമ്മാണത്തിനാവശ്യമായ എല്ലാ വസ്തുക്കളും മിതമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.
8. മത്സ്യ സംസ്കരണം, ഗാർമെൻറ്സ് മേക്കിംഗ്, കറി പൗഡർ, അച്ചാർ, മുട്ടക്കോഴിവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, പായനെയ്ത്ത്, കരകൗശലവസ്തുക്കൾ, സോപ്പു നിർമ്മാണം തുടങ്ങിയ വനിതാ സംരംഭങ്ങൾക്കു വേണ്ടി വനിതാ സർവ്വീസ് സഹകരണസംഘങ്ങൾ വാർഡുതോറുമോ, കേന്ദ്രീകൃതാടിസ്ഥാനത്തിലോ രൂപീകരിക്കുക.
9. തദ്ദേശീയമായ വ്യവസായ സംരംഭങ്ങൾക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുക, വ്യവസായോല്പന്നങ്ങൾ സംഭരിക്കുക, വിപണനം നടത്തുക തുടങ്ങിയ കാര്യങ്ങൾക്കായി വിപുലമായ തോതിൽ ഒരു കേന്ദ്രീകൃത സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുകഇപ്രകാരം ഒരു പ്രസ്ഥാനം രൂപം കൊണ്ടാൽ വ്യവസായ സംരംഭകർ ഇപ്പോൾ അനുഭവിക്കുന്ന അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ, ഇടനിലക്കാരുടെ ചൂഷണം, എന്നിവയിൽ നിന്നു മോചനമാകുകയും ചെറുകിട വ്യവസായ സംരംഭകർക്ക് ആത്മവിശ്വാസം വളർത്തുവാനും സാധിക്കും.

തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്
ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരം

| | |
|---|---|
| ഐസ് ഫാക്ടറി | 1 |
| സോഡാഫാക്ടറി | 5 |
| കയർ (കമ്പികാർപ്പറ്റ്ഫാക്ടറി) | 49 |
| കയർ (പായ) ഫാക്ടറി | 10 |
| പ്ലാസ്റ്റിക് | 04 |
| ടയർ, റബ്ബർ | 1 |
| തടി ഫർണിച്ചർ | 20 |
| കൈത്തറി | 30 |
| ഫ്ലവർ മില്ല് | 9 |
| തടിമില്ല് | 2 |
| ചകിരി മില്ല് | 4 |
| മെഴുകുതിരി | 1 |
| പെയിൻറ് | 1 |
| ഇഷ്ടിക, സിമൻറ് | 6 |
| വളനിർമ്മാണം | 1 |

# സഹകരണം

കടബാധ്യതയിൽനിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാസംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ 1921ൽ ആണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്.1921ൽ തന്നെ 2 സഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെട്ടു എന്നുള്ളത് ഏറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. 1907 കൊല്ലവർഷം മിഥുനമാസം 23-ാം തിയതി (1921 ഒക്ടോബർ മാസം 23ന്) അയ്യനാട്ടു പാറായിൽ കുഞ്ഞവരാതരകന്റെ നേതൃത്വത്തിൽ 200 അംഗങ്ങൾ കൂടി ചേർന്ന് തിരികുടുംബതിരുനാൾ പരസ്പര ധനസഹായ വായ്പാസംഘം രൂപീകരിച്ചു. ഇതാണ് ഇന്നത്തെ 275-ാം നമ്പർ സർവ്വീസ് സഹകരണബാങ്ക്. 1907 മിഥുനമാസം 25-ാംതിയതി(1921 ആഗസ്റ്റ് ) മൂലംകുഴിയിൽ ശ്രീ ശങ്കുണ്ണി കർത്താവിന്റെ അദ്ധ്യക്ഷതയിൽ 153 അംഗങ്ങൾ കൂടിച്ചേർന്ന് 326-ാം നമ്പർ തൈക്കാട്ടുശ്ശേരി ശ്രീമൂല വിലാസം നായർ പരസ്പര സഹായ സഹകരണസംഘം ആരംഭിച്ചു. ഇതാണ് ഇന്നത്തെ 326-ാം നമ്പർ സർവ്വീസ് സഹകരണബാങ്ക്. ഈ സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ ശങ്കുണ്ണി കർത്താവായിരുന്നു. ഇപ്പോൾ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ 2 സർവ്വീസം സഹകരണബാങ്കുകൾ, 2 ഹരിജൻ സഹകരണസംഘങ്ങൾ 4 കയർ വ്യവസായ സഹകരണസംഘങ്ങൾ ഒരു മത്സ്യതൊഴിലാളി സഹകരണസംഘം ഒരു കക്കാ വ്യവസായ സഹകരണസംഘം ഒരു ക്ഷീരോല്പാദക സഹകരണസംഘം (Apcos) എന്നിവ ഉൾപ്പടെ 11 സഹകരണസ്ഥാപനങ്ങളാണുള്ളത്. ഇവയിൽ കാർഷിക മേഖലയിൽ S.C.B Ltd. No.275, S.C.B.Ltd.No. 326 എന്നിവ മാത്രമാണുള്ളത്.

## സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

ക്രെഡിറ്റ് മേഖലയിൽ 4 സഹകരണസംഘങ്ങളാണുള്ളത്. ഇവയിൽ 2 എണ്ണം ഹരിജൻ സർവ്വീസ്സഹകരണ സംഘങ്ങളാണ്, 2എണ്ണം സർവ്വീസ് സഹകരണബാങ്കുകളും.

നമ്മുടെ ഗ്രാമത്തിൽ ജനങ്ങളുടെ സഹായഹസ്തങ്ങളായി പ്രധാനമായും പ്രവർത്തിക്കുന്നത് S.C.B Ltd. No.275, S.C.B.Ltd.No. 326 എന്നിവയാണ്. ആവശ്യമായ സമയത്ത് വായ്പകൾ കൊടുക്കുവാൻ തക്കവിധം ഈ ബാങ്കുകൾ വളരുകയും നിക്ഷേപങ്ങള വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കർഷകരെ സംബന്ധിച്ചിടത്തോളം ചില പ്രധാനകാര്യങ്ങൾ വേണ്ടത്ര അളവിലും നിരക്കിലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.കർഷകർക്ക് വിത്ത്, വളം, കീടനാശിനി, വായ്പ എന്നീ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു പ്രധാനകുറവായി കാണേണ്ടതാണ്. ഉല്പാദനമേഖലയെ ശക്തിപ്പെടുത്തുവാനും ജനങ്ങളുടെ ജീവിതഗുണനിലവീരത്തെ ഉയർത്തുവാനും സഹകരണമേഖലയ്ക്ക് കഴിയേണ്ടതുണ്ട്. അതിലേയ്ക്ക് സഹകരണമേഖലയുടെ പ്രവർത്തനം പുനക്രമീകരിക്കേണ്ടിയിരിക്കുന്നു. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുവാനും സഹകരിക്കുവാനും സംഘാംഗങ്ങൾ തയ്യാറാകണം. സത്യസന്ധത, സാമൂഹ്യ വീക്ഷണം, വികസനത്തെക്കുറിച്ചുള്ള നവസങ്കൽപ്പങ്ങൾ എന്നിവ സഹകരണസംഘം പ്രവർത്തകർക്കുണ്ടായിരിക്കണം. എന്നാൽ മാത്രമേ പുതിയ മേഖലകളിലേയ്ക്ക് കടന്നു കയറുവാൻ പറ്റുകയുള്ളു.

നമ്മുടെ ഗ്രാമത്തിലെ സഹകരണപ്രസ്ഥാനത്തിന് 75 വർഷത്തെ പ്രവർത്തന പാരമ്പര്യമുണ്ട്. എന്നാൽ 75 വർഷത്തെ പാരമ്പര്യം അവകാശപ്പെടുമ്പോൾതന്നെ അതിനനുസരിച്ചുള്ള വളർച്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ട ഒരു വിഷയമാണ്.നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 19816 ആണ്. ഇവരിൽ മഹാഭൂരിപക്ഷംപേരും ഇടത്തരമോ അതിൽ താഴ്ന്നതോ ആയ കർഷകരാണ്. എന്നാൽ 2 സർവ്വീസ് സഹകരണബാങ്കിലും കൂടി ആകെ അംഗസംഖ്യ 7911 മാത്രമാണ്. അതായത് കേവലം 2.1% മാത്രമാണ് സഹകരണബാങ്കുകളിൽ അംഗങ്ങളായിട്ടുള്ളു എന്നർത്ഥം. ഇതിൽ നിന്നും പ്രശ്നം വളരെ വ്യക്തമാണല്ലോ. ചുരുക്കത്തിൽ നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം ഇനിയും വളർന്ന് വികസിക്കേണ്ടിയിരിക്കുന്ന എന്ന് കാണാം.

## S.C.B. Ltd.No.275

1921 ഒക്ടോബർ 23-ാം തിയതി പ്രവർത്തനം ആരംഭിച്ചു. ആദ്യകാല പ്രസിഡന്റ് അയ്യനാട്ടുപാറായിൽ ശ്രീ കുഞ്ഞവരാത്തരകൻ ആയിരുന്നു. തൈക്കാട്ടുശ്ശേരി 275-ാം നമ്പർ തിരുകുടുംബതിരുനാൾ പരസ്പരധനസഹാ

യസംഘം എന്നായിരുന്നു. അന്നത്തെ ആദ്യം യോഗംകൂടിയ അംഗങ്ങൾ 200 ആയിരുന്നു. ഓഫീസ് ആയി പ്രവർത്തിച്ചത് ഇന്നത്തെ ആശുപത്രി സ്ഥലമായിരുന്നു എന്നും പറയപ്പെടുന്നു. 1961ൽ എസ്.സി.എസ് ആയും 28-1-79ൽ എസ്.സി.ബിയായി തീരുകയും ചെയ്തു.

ഇപ്പോൾ ഈ ബാങ്കിൽ 3798 അംഗങ്ങളുണ്ട്.അംഗങ്ങൾക്ക് യഥാസമയം വായ്പകൾ കൊടുക്കുവാൻ കഴിയുന്നുണ്ട്. കാർഷിക വായ്പയും കാർഷികേതര വായ്പയും നൽകിവരുന്നുണ്ട്. എന്നാൽ കാർഷികേതര വായ്പകളാണ് കൂടുതൽ നൽകിയിട്ടുള്ളത് എന്ന് കാണാം. കഴിഞ്ഞ സാമ്പത്തിക വർഷം നബാർഡിൽനിന്നും കുറഞ്ഞപലിശയ്ക്കുള്ള വായ്പയെടുത്ത് കൊടുത്തിട്ടില്ല. ഇത് പരിശോധിക്കപ്പെടണം. സ്വന്തം ഫണ്ടിൽ നിന്നാണ് വായ്പകൾ നൽകുന്നത്. ഇതിന് 18.5%മുതൽ 19%വരെ പലിശ വരുന്നു. കാർഷികാവശ്യങ്ങളായ വിത്ത്, വളം, കീടനാശിനി തുടങ്ങിയവ വിൽപനയില്ല. മറ്റു തരത്തിലുള്ള ബിസിനസുകൾ ഒന്നും തന്നെ നടത്തുന്നില്ല. ബാങ്ക് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

**S.C.B. Ltd.No.326**

1921ൽ (കൊല്ലവർഷം 1097 മിഥുനമാസം 25-ാം തിയതി) പ്രവർത്തനം ആരംഭിച്ചു. മൂലംകുഴിയിൽ ശ്രീ ശങ്കുണ്ണി കർത്താവ് ആയിരുന്നു ആദ്യ പ്രസിഡൻറ്. നായര്യുവജനസംഘം കെട്ടിടമായിരുന്നു താത്കാലിക ഓഫീസ്. തൈക്കാട്ടുശ്ശേരി ശ്രീ മൂലവിലാസം നായർപരസ്പര സഹായ സഹകരണ സംഘം നമ്പർ 326 എന്നായിരുന്നു ആദ്യത്തെ പേര്. പിന്നീട് തൈക്കാട്ടുശ്ശേരി ശ്രീമൂല വിലാസം ഗ്രാമോദ്ധാരണ വിവിധോദ്ദേശ സഹകരണസംഘമായും 1960-61 വർഷത്തിൽ സർവ്വീസ് സഹകരണസംഘമായും പ്രവർത്തിച്ചുവരുന്നു. 1983 ൽ ആണ് സർവ്വീസ് സഹകരണബാങ്ക് ആയി മാറിയത്.

ഇപ്പോൾ ആകെ 4113 അംഗങ്ങളുണ്ട്. കാർഷികവും കാർഷികേതരവുമായ വായ്പകൾ യഥാസമയം അംഗങ്ങൾക്ക് നൽകിവരുന്നു. ജില്ലാസഹകരണബാങ്ക്വഴി നബാർഡിന്റെ 3ലക്ഷത്തിൽ പരം രൂപ വായ്പയായിനൽകിയിട്ടുണ്ട് എങ്കിലും സ്വന്തം ഫണ്ടിൽനിന്നാണ് കൂടുതൽ വായ്പകളും നൽകിയിട്ടുള്ളത് എന്ന് കാണാം. ഇവയിൽ കാർഷികവായ്പകളും ഉണ്ട്. സ്വന്തം ഫണ്ട് വായപകൾക്ക് 18മുതൽ 19.5% വരെ പലിശ ഈടാക്കുന്നു. സ്വർണ്ണപ്പണയത്തിലും വായ്പ നൽകുന്നുണ്ട്. ബാങ്കിന്റെ കീഴിൽ കൺസ്യൂമർ മാവേലി സ്റ്റോർ ലാഭകരമായി പ്രവർത്തിക്കുന്നു. തുണിത്തരങ്ങളും വിൽപ്പന നടത്തുന്നുണ്ട്. സർക്കാർ സൗജന്യനിരക്കിലും അല്ലാതെയും കർഷകർക്കം ആവശ്യമുള്ള വളങ്ങൾ വിൽപ്പന നടത്തുന്നു. വിത്ത്, കീടനാശിനി എന്നിവയില്ല. ചിട്ടികൾ നടത്തുന്നുണ്ട്. ഇപ്പോൾ ബാങ്കിൽ ലാണ് പ്രവർത്തിക്കുന്നത്.

**പൊതുവായ പ്രശ്നങ്ങൾ**

1. എസ്.സി.ബി 275, എസ്,സി,ബി 326, എന്നിവയുടെ ആസ്ഥാനങ്ങൾ തൈക്കാട്ടുശ്ശേരി പഞ്ചായത്ത് ഒന്നാം വാർഡിന്റെ പടിഞ്ഞാറും തെക്കേയറ്റത്തുമായി സ്ഥിതി ചെയ്യുന്നു. ഒരു വാർഡിന്റെ ഒരോകോണിൽ ബാങ്കുകൾ സ്ഥിതിചെയ്യുന്നതുകൊണ്ട് 4,5,6,7,8,9,10 എന്നീ വാർഡുകളിൽ ഉള്ളവർക്ക് ബാങ്കുമായി ബന്ധപ്പെടുവാൻ ദൂരം ഒരു പ്രശ്നമായി വരുന്നു.
2. രണ്ട് സഹകരണബാങ്കുകളുടേയും പ്രവർത്തന പരിധിയായി നിർണ്ണയിച്ചിട്ടുള്ള അതിരുകൾ അശാസ്ത്രീയവും അസൗകര്യവും ഉള്ളതാണ്. അതിനാൽ പുതിയ അംഗങ്ങൾക്ക് ബാങ്കിൽ ചേരുവാൻ ബുദ്ധിമുട്ടുള്ളതുപോലെ തന്നെ ചേർന്നവർക്ക് പിരിഞ്ഞുപോകേണ്ടതായും ഉള്ള അവസ്ഥ സംജാതമാകുന്നു. ബാങ്കുകളിൽ തെരഞ്ഞെടുപ്പുസമയങ്ങളിൽ പല കേസുകളും ഇതുമൂലം ഉണ്ടാകുവാൻ ഇടവരുന്നു.
3. കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പകൾ യഥാസമയം ലഭിക്കുന്നില്ല.
4. വിവിധ വായ്പകളുടെ വിവരങ്ങൾ യഥാസമയം ലഭ്യമല്ല.
5. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യവും നാളികേര വിപണനം യഥാസമയം നടക്കാതിരിക്കുന്നതുംമൂലം വായ്പതുകകളിലെ അടവുകാലാവധി താമസിക്കുകയും നാളികേരവില കുറയുകയും ചെയ്യുന്നു.
6. കാർഷിക സാമഗ്രികൾ ലഭിക്കുന്നില്ല.

**പരിഹാര നിർദ്ദേശങ്ങൾ**

1. രണ്ട് സഹകരണബാങ്കുകളുടേയും ഓരോ ശാഖകൾ പൂച്ചായ്ക്കൽ, ഉളവയ്പ് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
2. ബാങ്കുകളുടെ പ്രവർത്തനപരിധി പുനർനിർണ്ണയം നടത്തുക. അതുവരെയും ഏത് വ്യക്തിക്കും ഏത് എസ്.സി.ബിയിലുംചേരുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം

3. നബാർഡിൻേറയും മറ്റ് ഏജൻസികളുടേയും കുറഞ്ഞ പലിശയ്ക്കുള്ള വായ്പകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുക.
4. ഓരോ കാലത്തും ലഭിക്കുന്ന പ്രത്യേകതരം വായ്പകൾ യഥാസമയം അംഗങ്ങളെ അറിയിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
5. നാളികേരം മറ്റുത്പന്നങ്ങളാക്കിമാറ്റി സ്വയം വിപണനം നടത്തുകയോ നാളികേര ബോർഡുമായി ബന്ധപ്പെട്ട് ഇടപാട് നടത്തുകയോ ചെയ്യുക.
6. വിത്ത്, വളം, കീടനാശിനികൾ എന്നിവ ശേഖരിച്ച് വിതരണം നടത്തുക.
7. വളം നിർമ്മാണം ശാലകളുടെ ലൈസൻസിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തുക.
8. കൺസ്യൂമർ സ്റ്റോറുകളിൽ ക്രെഡിറ്റ് സൗകര്യം ഏർപ്പെടുത്തിവിപുലീകരിയ്ക്കുക.

(ബാങ്കുകളുടെ വിശദവിവരങ്ങൾ പട്ടികയിൽ കാണിച്ചിരിയ്ക്കുന്നു.)

### കാർഷികവായ്പാ - സഹകരണ ബാങ്കുകൾ

| ക്ര. നം. | 1 | 2 |
|---|---|---|
| സഹകരണ ബാങ്കിൻെറ പേര് | S.C.B275 | S.C.B.326 |
| പ്രവർത്തനം ആരംഭിച്ച വർഷം | 1921 | 1921 |
| പ്രവർത്തന പരിധി | തൈക്കാട്ടു ശ്ശേരിവില്ലേജ് | 1,2,3,4,7,8 9,10 |
| അംഗങ്ങൾ | 3798 | 4113 |
| ഓഹരി മൂലധനം | 644930 | 923013 |
| കടം | ഇല്ല | ഇല്ല |
| നിക്ഷേപം | 7463000 | 11228140 |
| വായ്പകൾ | കാർഷികം കാർകേതരം | |
| പ്രവർത്തനമൂലധനം | | |
| ലാഭം | | |
| നഷ്ടം | | |

### ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾ.

| ക്ര. നം. | 1 | 2 |
|---|---|---|
| സഹകരണബാങ്കിൻെറ പേര് | ഏ. 262 പൂച്ചാക്കൽ | ഏ803 തൈക്കാട്ടു ശ്ശേരി |
| പ്രവർത്തനം ആരംഭിച്ച വർഷം | 1968 | 1984 |
| പ്രവർത്തന പരിധി | 4,5,6,7,8 | 1,2,3,9 |
| അംഗങ്ങൾ | | 904 |
| ഓഹരി മൂലധനം | 119672 | 29118 |
| നിക്ഷേപം | 14000 | |

### കക്കാ സർവ്വീസ് സഹകരണ സംഘം

| ക്ര. നം. | 1 |
|---|---|
| സഹകരണബാങ്കിൻെറ പേര് | ഏ. 239 |
| പ്രവർത്തനം ആരംഭിച്ച വർഷം | 1968 |
| പ്രവർത്തന പരിധി | തൈക്കാട്ടുശ്ശേരി പാണാവള്ളി പള്ളിപ്പുറം വയലാർ |
| അംഗങ്ങൾ | 760 |
| ഓഹരി മൂലധനം | 10000 |

## കയർവ്യവസായ സഹകരണ സംഘങ്ങൾ

തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ 4 കയർവ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മണപ്പുറം കയർ സംഘം പ്രവർത്തിയക്കുന്നതായി അറിവില്ല. പ്രവർത്തിച്ചിരുന്ന 1760ം നമ്പർ സി.വി.സി.എസ്.ഇപ്പൊൾ അഡ്മിനിസ്റ്റ്രേർ ഭരണത്തിലാണ്. ഇപ്പോൾ പ്രവർത്തനത്തിലുള്ളത് സി.വി.സി.എസ്. നമ്പർ 503 മാക്കേക്കടവ് ആണ് തൈയ്ക്കാട്ടുശ്ശേരി സി.വി.സി.എസ് 649 നമ്പർ പ്രവർത്തന രഹിതമാണ്. ആ രംഗത്തെ മൊത്തം തൊഴിലാളികളുടെ വിവരം ലഭ്യമല്ല. ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്നത് കയർ മേഖലയിലാണ്. എന്നാൽ 1% സ്ത്രീകൾ പോലും സഹകരണ മേഘലയിൽ വരുന്നില്ല എന്ന സ്ഥിതി നിലനിൽക്കുന്നു. ഉള്ള തൊഴിലാളികൾക്കാകട്ടെ വർഷം മുഴുവൻ തൊഴിൽ ലഭ്യമാകുന്നുമില്ല. സി.വി. സി എസുകൾ എല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കയർ രംഗത്തെ അശാസ്ത്രീയ നയങ്ങൾ, തൊണ്ട് സംഭരണത്തിലെ അപാകതകൾ, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ചകിരിയുടെ കടന്നു കയറ്റം സ്വകാര്യ മേഘലയിലെ വളർച്ചാനയങ്ങൾ കയറിന്റെ വിപണന പ്രശ്നങ്ങൾ, മാനേജുമെന്റുകളുടെ പ്രതിബദ്ധതയും കാര്യക്ഷമതയില്ലായ്മ തുടങ്ങിയ പലകാരണങ്ങളുമാണ് നഷ്ടത്തിനുള്ള പ്രധാന കുര്യങ്ങൾ.ഇവ ചർച്ചക്ക് വിഷയമാക്കേണ്ടതാണ്.

### സി.വി.സി എസ്. നമ്പർ-503 മാക്കേക്കടവ്

6-3-1966-ൽ പ്രവർത്തനം ആരംഭിച്ചു 430 അഗങ്ങൾ ഉണ്ട് സ്വന്തമായി കെട്ടിടവും തൊണ്ട്അഴുക്കുന്നതിനുള്ള കായൽ നിലം എന്നിവയുണ്ട്. സ്വന്തം സ്ഥലത്ത് കയർ പിരിയ്ക്കുന്നു അഗങ്ങളുടെ ക്ഷേമനിധി വിഹിതം അടയക്കുന്നുണ്ട്. ഇപ്പോൾ സംഘം നഷ്ടത്തിലാണ്.

ഈരംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. ആവശ്യത്തിന് ന്യയവിലയ്ക്ക് തൊണ്ട് ലഭ്യമല്ല.
2. സംഘത്തോട് തൊഴിലാളികൾക്കുള്ള സഹകരണക്കുറവും ബോധത്തിൻറ അളവ്കുറവും.
3. കയറിൻറ വിലയും സംഘത്തിന്റെ മറ്റു ചിലവുകളുമായുള്ള പൊരുത്തമില്ലയ്മ.
4. കയറിന്റെ വിപണനത്തിൽ കയർഫെഡും ആയിട്ടുള്ള പ്രശ്നങ്ങൾ
5. ആധുനിക തൊണ്ടഴുക്കൽ, കയർപിരി സംവിധാനങ്ങളുടെ അപര്യപ്തത.
6. സ്വകാര്യ മേഖലയുമായിട്ടുള്ള മത്സരം.

പരിഹാരങ്ങൾ

1. തൊണ്ട് സംഭരണം, വിതരണം കയർ എടുപ്പ് സംബന്ധിച്ച് ഒരു കൂട്ടായ്മ കേന്ദ്രം ഉണ്ടാക്കുക.
2. കയർ പിരി, തൊണ്ടഴുക്കൽ ഇന്നിവയ്ക്ക് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുക.
3. സി.വി.സി.എസുകൾക്ക് ആവശ്യമെങ്കിൽ കരയോട് ചേർന്നകായൽ തൊണ്ടഴുക്കലിന് പതിച്ചു നൽകുക.
4. തൊണ്ടിൻ വിലയുടെയും മറ്റു കൂലികളുടെയും അടിസ്ഥാനത്തിൽ കയർവില പുനർനിർണ്ണയം ചെയ്യുക.

### കറുത്തകക്കാ വ്യവസായ സഹകരണസംഘം ക്ലിപ്തം ന. ഏ 239

ഈ സംഘം 1968-ൽ പ്രവർത്തനം ആരംഭിച്ചു. തൈക്കാട്ടുശ്ശേരി, പാണാവള്ളി, പള്ളിപ്പുറം, വയലാർ വില്ലേജുകളാണ് സംഘത്തിന്റെ പ്രവപത്തന പരിധിയിലുള്ളത്. ആകെ 760 അഗങ്ങൾ ഉണ്ട്. നിക്ഷേപങ്ങൾ ഒന്നും തന്നെയില്ല. അംഗങ്ങളിൽ നിന്നും ക്ക്കാ സംഭരിയ്ക്കുകയും അതം വിപണനം നടത്തുകയുമാണ് പ്രധാനവ്യപാരം. ടണ്ണിന് ശരാശരി വിൽപ്പന നടക്കുന്നത് ഏജൻസി വഴിയാണ്. ആയതിനാൽ യഥാർത്ഥവില കിട്ടുന്നില്ല. കക്കാ സംസ്ക്കരിച്ചെടുത്ത് പലരാസപദാർത്ഥങ്ങളും ലഭ്യമാക്കിയാൽ വലിയലാഭം കൊയ്തെടുക്കാൻ കഴിയും ഈ രംഗത്ത് ഒരുവലിയ ചൂഷണമാണ് വൻകിട ഫാക്ടറികൾ നടത്തുന്നത്. ഒരുവർഷം ടൺ കക്കാസംഭരിക്കുകയും വിൽക്കുകയും ചെയ്യുന്നുണ്ട്.

പ്രശ്നങ്ങൾ.

1. തൊഴിലാളികളുടെ വേതനക്കുറവ്
2. തൊഴിൽ ചെയ്യുന്നതിനുള്ള ആരോഗ്യപ്രശ്നങ്ങൾ.
3. തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക ക്ലേശം.
4. തൊഴിൽ സുരക്ഷിതത്ത്വമില്ലായ്മ.
5. ക്ഷേമ പദ്ധതികളുടെ അപര്യാപ്തത.
6. മാനേജുമെൻറിന്റെ കാര്യക്ഷമതാകുറവും. തൊഴിലാളികളുടെ സഹകരണക്കുറവും.
7. വ്യവസായത്തെക്കുറിച്ചുള്ള അറിവില്ലായ്മ.

പരിഹാരങ്ങൾ

1. കക്കാനേരിട്ടുവിൽക്കുകയും വേതനവർധന നടപ്പിലാക്കുകയും ചെയ്യുക.
2. കക്കാവാരുന്നവർക്ക് ആധുനിക വൈദ്യപരിശോധനാസംവിധാനം ഏർപ്പെടുത്തുക.
3. തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ് നൽകുക.
4. തൊഴിലാളികൾക്ക് ഇൻഷുർൻസും ക്ഷേമപദ്ധതിയും നടപ്പിലാക്കുക.
5. അനുബന്ധവ്യവസായങ്ങൾ ആരംഭിക്കുക.

ഹരിജൻ സർവീസ് സംഘങ്ങൾ.

പൂച്ചാക്കൽ ഹരിജൻ സർവ്വീസ് സഹകര് സംഘം ലിമിറ്റഡ് നമ്പർ-എ 262. ഈ സംഘം 24-5-1968 ൽ സ്ഥാപിച്ചു. 119672 രൂപ ഓഹരി മൂലധനമുണ്ട്. ഒരു ലക്ഷം രൂപ സർക്കാർ ഓഹരിയുമുണ്ട്. 14,000 രൂപ നിക്ഷേപമുണ്ട്. തഴപ്പാനെയ്ത്ത്, പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ എന്നീയാവശ്യങ്ങൾക്കും വിവാഹാവശ്യം, പുരപണി എന്നിവയ്ക്കുമായി വായ്പകൾ നൽകുന്നു. എന്നാൽ അംഗങ്ങൾക്ക് വേണ്ടത്രവായ്പകൾ യഥാസമയം നൽകുവാൻ കഴിയുന്നില്ല വിവിധക്ഷേമപദ്ധതികളും നടപ്പിലാക്കിയിട്ടില്ല.വായ്പനൽകുന്നതിന് ആവശ്യമായ തുക ഈസംഘത്തിന് ലഭിക്കുന്നില്ല. പൊതുവെ പറഞ്ഞാൽ അല്പം വായ്പകളിൽ മാത്രം സംഘത്തിൻെറ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു. ഇവർക്ക് 2 നിലയുള്ള ഒരു കെട്ടിടവുംഒരു ടാക്കി ഹൗസും സ്വന്തമായുണ്ട്.

പ്രധാനപ്രശ്നങ്ങൾ

1. യഥാസമയം സർക്കാർ ഗ്രാൻറുകൾ ലഭിക്കുന്നില്ല.
2. അംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം നിക്ഷേപവർദ്ധനവ് ഉണ്ടാകുന്നില്ല.
3. പുതിയ വ്യവസായിക സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സംഘം തയ്യാറാവുന്നില്ല
4. ഹരിജൻ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സർക്കാർ സഹായങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ.

പരിഹാരങ്ങൾ.

1. സർക്കാർഗ്രാൻറുകൾ വർധിപ്പിക്കുക
2. അംഗങ്ങൾക്ക് കൊടുക്കുന്ന വായ്പകളുടെ പലിശസർക്കാർ യഥാസമയംഅടയ്ക്കുക.
3. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സഹായങ്ങൾ വർധിപ്പിക്കുക.
4. മാനേജിരിയൽ സബ്സീഡിയുടെ കാലദൈർഘ്യം വർധിപ്പിക്കുക.

തൈക്കാട്ടുശ്ശേരി ഹരിജൻ സർവീസ് സഹകരണ ബാങ്ക്.
ക്ലിപ്തം നമ്പർ എ 803.

ഈ സംഘം 16-11-84 ൽ ആരംഭിച്ചു. 904 അംഗങ്ങൾ ഉണ്ട്. ഓഹരി മൂലധനം 29118 രൂപ ആണ്. സർക്കാർ ഓഹരി ഉണ്ട് . 55000 രൂപയാണ്. പൊതുനിക്ഷേപം ഇല്ല. താറാവു കൃഷി കോഴിവളർത്തൽ, ഓലമെടച്ചിൽ, കുട്ട,വലനിർമ്മാണം എന്നിവയ്ക്കും വായ്പ നൽകുന്നു.കൂടാതെ കച്ചവടം വസ്തുവാങ്ങൽ വീടുപണി തുടങ്ങിയവയ്ക്കും പരിമിതമായരീതിയിൽ വായ്പ നൽകുന്നുണ്ട്.

പൂച്ചാക്കൽ ഹരിജൻ സംഘത്തിന് പറഞ്ഞിട്ടുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും ഇതിനും ബാധകമാണ്.

തൈക്കാട്ടുശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം
ക്ലിപ്തം നമ്പർ എ 169( ഡി എ വി സി ഒ എസ്സ് )

1989 ൽ പ്രവർത്തനം ആരംഭിച്ചു. 138 അംഗങ്ങൾ ഉണ്ട് 1410 രൂപയാണ് ഓഹരി മൂലധനം പൊതുജനനിക്ഷേപം ഇല്ല വായ്പകൾ ഇല്ല. 95-96 വർഷത്തെ പാൽലഭ്യത 788994.8 ലിറ്റർആണ് ഇതിൽ 18439.6 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുന്നു ബാക്കി 60455.2 ലിറ്റർ ആണ് മിൽമയ്ക്ക് കൊടുക്കുന്നത് അതായത്പ്രതിദിനം ശരാശരി 216 ലിറ്റർ പാൽ ശേഖരിക്കുകയും 50ലിറ്റർ പാൽ പഞ്ചായത്തിൽ വിൽക്കുകയും 166 ലിറ്റർ മിൽമയ്ക്ക് കൊടുക്കുകയും ചെയ്യുന്നു.

സംഘത്തിൻെറ പ്രവർത്തനപരിധി തൈക്കാട്ടുശ്ശേരി പഞ്ചായത്ത് 1,2,3 വാർഡുകളാണ്. പഞ്ചായത്തിൽ ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘമേയുള്ളൂ. 19816 ജനങ്ങളുള്ള ഈ പഞ്ചായത്തിൽ ജനങ്ങളുടെ ആവശ്യകത നോക്കുമ്പോൾ ഇന്നത്തെ ഈ സംഘത്തിൻെറ പ്രവർത്തനം അപര്യാപ്തമാണെന്ന് കാണാം. 50 ലിറ്റർ പാൽ

ഈ സംഘത്തിൽ നിന്ന് ഈ പഞ്ചായത്തിൽ വിൽക്കപ്പെടുമ്പോൾ ഇവിടുത്തെതന്നെ സ്വകാര്യഡയറിയിൽനിന്നും ഏകദേശം 200 ലിറ്ററും പള്ളിപ്പുറം ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നും 200 ലിറ്ററും ഇവിടെ വിറ്റഴിക്കുണ്ട്. ഈസാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഈ സംഘംത്തിൻെറപ്രവർത്തനം വിപുലീകരിക്കുകയോ പുതിയസംഘങ്ങൾ ഉണ്ടാക്കുകയോ ചെയ്യുന്നതിലേയ്ക്കു് വിരൽ ചൂണ്ടുന്നു. കൂടാതെ കന്നുകാലികൾ വളർത്തലിനെ പ്രോൽസാഹിപ്പിക്കേണ്ടതും പ്രധാനാവശ്യമാണ്. പശുക്കൾക്കാവശ്യമായപുല്ല് കാലിത്തീറ്റ എന്നിവ ലഭിക്കുന്നതിനും മണൽ ഭൂമിയായ ഈ പഞ്ചായത്തിൽ വിഷമം പിടിച്ച ഒരു പ്രശ്നം തന്നെയാണ് അതുകൊണ്ട്പശുക്കളെ വളർത്തുന്നതിൽ നിന്നും കൃഷിക്കാർ വിമുഖതകാണിക്കുന്നത്.

<u>പ്രശ്നങ്ങൾ</u>

1. ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി ചുരിങ്ങിയതിനാൽ എല്ലാകർഷകർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
2. യഥാർത്ത പശു വളർത്തലുകാർക്ക് അംഗത്വം ലഭിക്കുവാനുള്ള വിഷമങ്ങൾ.
3. കാലിത്തീറ്റയുടെ വിലവർദ്ധനവും ലഭ്യതക്കുറവും.
4. പാലിനു കിട്ടുന്നവിലയും ചിലവും തമ്മിൽ പൊരുത്തമില്ലായ്മ.
5. പാൽ സംഭരണകേന്ദ്രത്തിൻെറ ദൂരവ്യത്യാസം.

<u>പരിഹാരമാർഗ്ഗങ്ങൾ.</u>

1. നിലിവിലുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘം വിപുലീകരിക്കുകയോ പുതിയസംഘങ്ങൾ ആരംഭിക്കുകയോ ചെയ്യുക.
2. മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതുവരേയും കർഷകർക്ക് നിലവിലുള്ള സംഘത്തിൽ അംഗങ്ങളാകുവാനുള്ള അവസരം ഉണ്ടാക്കുക.
3. പാലിൻെറ സംഭരണ വിപണന വിലകൾ വർദ്ധിപ്പിക്കുക.
4. കാലിത്തീറ്റയുടെ സബ്സീഡി വർദ്ധിപ്പിക്കുക.
5. പാലിൻെറ വിവിധ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക.
6. പശുക്കളെ വളർത്തുന്നതിനും പുല്ലുകൾ നട്ടുപിടിപ്പിക്കുന്നതിനും കർഷകർക്ക് പ്രോൽസാഹനം നൽകുക.

<u>ഗ്രാമസഭാനിർദ്ദേശ്ശങ്ങൾ.</u>

1. കൈത്തറി നെയ്ത് സഹകരണ സംഘം ഉണ്ടാക്കുക.
2. കയർമേഖലയിൽ യന്ത്രവൽകൃതറാട്ട് ഉപയോഗിച്ചുള്ള സംഘം ഉണ്ടാക്കുക.
3. തഴപ്പായ് നെയ്ത്തുസംഘം രൂപീകരിക്കുക.
4. 649,176 എന്നീ കയർ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.
5. മത്സ്യത്തൊഴിലാളി സഹകരണ സംഘമുണ്ടാക്കുക.
6. വനിതാ കയർ യൂണീറ്റും അച്ചാരുകൾ ഉൽപ്പാദിപ്പിക്കുന്ന യൂണീറ്റും സ്ഥാപിക്കുക.
7. 326,275 സഹകരണ ബാങ്കുകളിൽ സായാഹ്ന കൗണ്ടറുകൾ പ്രവർത്തിപ്പിക്കുക.
8. പുതിയ ക്ഷീരോൽപ്പാദക സഹകരണ സംഘം രൂപീകരിക്കുക.
9. മത്സ്യബന്ധനത്തിനുള്ള നൈലോൺവല നിർമാണം ആരംഭിക്കുക.
10. നാളികേര സംസ്ക്കരണ യൂണീറ്റ് ആരംഭിക്കുക.
11. ചെമ്മീൻ സംസ്ക്കരണ ഫാക്ടറി ആരംഭിക്കുക.
12. 10-ാം വാർഡിലെ ഖാദിബോർഡിൻെറ നൂൽനൂൽപ്പുകേന്ദ്രം പുനരുദ്ധരിക്കുക.
13. ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.
14. തരിശ്ശുകിടക്കുന്ന കൃഷിഇടങ്ങൾ കൃഷിചെയ്യുന്നതിന് സാമ്പത്തിക സഹായത്തിൻെറ അടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിക്കുക.
15. ഹോർട്ടികൾച്ചർ സൊസൈറ്റി ആരംഭിക്കുക. ഭവന നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുവാൻ സഹകരണാടിസ്ഥാനത്തിൽ ഒരു ഏജൻസി ഉണ്ടാക്കുക.

# വിഭവസമാഹരണം

തെക്കാട്ടുശ്ശേരി പഞ്ചായത്ത് ഇന്നനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പ്രധാന പരിഹാരം നമ്മളോരോരുത്തരുടേയും കൂട്ടായ പ്രവർത്തനവും ബോധപൂർവ്വവുമായ ഇടപെടലും കൊണ്ട് പരിഹരിക്കാവുന്നതേയുള്ളു. വിഭവ സമാഹരണത്തിൽ വളരെ പിന്നിൽ നിൽക്കുന്ന, പഞ്ചായത്തിൻെറ ഏറ്റവും വലിയ വിഭവം ഇവിടുത്തെ ജനങ്ങളാണ്. നിലവിലുള്ള വരുമാന സ്രോതസ്സുകൾ ഉയർത്തി വികസന പ്രവർത്തനത്തിൽ ഓരോരുത്തരുടേയും പങ്കാളിത്തം ഉറപ്പാക്കിയാൽ നമുക്ക് വളരെയേറെ മുന്നേറാൻ കഴിയും.

നവംബർ 1ന് പുനരർപ്പണദിനത്തിൽ മൈത്രീറോഡുൾപ്പടെ വിവിധ വാർഡുകളിൽ തുടങ്ങിയ ശ്രമദാന പ്രവർത്തനങ്ങൾ ജനങ്ങളിൽ പുത്തൻ ഒരവബോധത്തിൻെറ തുടക്കം കുറിച്ചു. ഈ കൂടിച്ചേരൽ നമുക്ക് നിലനിർത്താൻ കഴിഞ്ഞാൽ പ്രധാന വിഭവമായി.

സാധ്യതകൾ

പഞ്ചായത്ത് ബൈലാ കാലോചിതമായി പരിഷ്കരിക്കുക, നികുതി പിരിക്കൽ ശാസ്ത്രീയമാക്കുക, മത്സ്യംവളർത്തൽ, വാറ്റ് കേന്ദ്രങ്ങളിൽ നിന്നും ഫീസ് ഈടാക്കുക, നിശ്ചിതതുകയിൽ കൂടുതൽ ചിലവാകുന്ന വീടുകൾക്ക് അധിക നികുതി ഈടാക്കുക,പഞ്ചായത്ത് വകഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിവാക്കി ഭൂമി കൃഷിയോഗ്യമാക്കുകയോ വാടകയ്ക്ക് നൽകുകയോ ചെയ്യുക. പുതിയ ലാൻറിംഗ് സെൻററുകൾ നിർമ്മിക്കുക, മുറികളുടെ വാടക കാലോചിതമായി പരിഷ്കരിക്കുക, ഉല്പാദന മേഖല വിപുലപ്പെടുത്താനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക, മൈനിംഗ് ലൈസൻസുകളിൽ നിന്നും ഫീസ് ഈടാക്കുക, പാർക്കിംഗ് സ്റ്റേഷനുകൾ നിർമ്മിച്ച് ഫീസ് ഈടാക്കുക, പഞ്ചായത്തുവക സിലിക്കാ മണൽ വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, വാർഡുതല വികസനസമിതികൾ ഉണ്ടാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

വരവു സംബന്ധിച്ച വിവരങ്ങൾ (1995 – 96)

| | | |
|---|---|---|
| 1. | കെട്ടിട നികുതി | 144375.00 |
| 2. | തൊഴിൽ നികുതി | 130260.00 |
| 3. | വിനോദനികുതി | 14412.50 |
| 4. | പ്രദർശനനികുതി | 2052.00 |
| 5. | അധികവിനോദനികുതി | 8732.50 |
| 6. | ചന്തവരവ് | 34969.00 |
| 7. | ലൈസൻസ് ഫീസ് | 4720.00 |
| 8. | വസ്തുകൈമാറ്റനികുതി | 69831.00 |
| 9. | സർക്കാർ ഗ്രാൻറുകൾ ഒഴികെയുള്ള മറ്റു വരവുകൾ | 75943.66 |
| 10. | ഡെപ്പോസിറ്റ് | 2950.50 |
| 11. | ഗ്രാൻറുകൾ | 498814.00 |
| | ആകെ | 987089.66 |

ചെലവു സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | ഭരണം | 283092.00 |
| 2. | പൊതുമരാമത്ത് | 356766.00 |
| 3. | വിദ്യാഭ്യാസം | 21483.00 |
| 4. | പൊതുജനാരോഗ്യം | 52710.00 |
| 5. | തെരുവു വിളക്ക് കത്തിക്കൽ | 49836.00 |
| 6. | മറ്റുള്ളവ | 246106.00 |
| | ആകെ | 1039993.00 |

# ഉപസംഹാരം

ലക്ഷ്യങ്ങളുടെ വ്യാപ്തിയും വലിപ്പവുമല്ല പ്രശ്നം നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാക്കാൻകഴിയുന്ന താണോ എന്ന കൂട്ടായ ആലോചനയാണ് പ്രധാനം. ഇതുവരെ ഓരോരുത്തരും എനിക്ക് എന്തു കിട്ടു മെന്നാണ് ചിന്തിച്ചിരുന്നതെങ്കിൽ പുതിയ ചർച്ചകളിൽ നിഴലിക്കുന്നത് എനിക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതാണ്.

ഇതുവരെ മറ്റാരോ ആയിരുന്നു നമുക്ക്വേണ്ടി ചിന്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ നാം തന്നെ, നാടിൻെറ
വികസനത്തെപ്പറ്റി ചിന്തിക്കുകയാണ്.
കമ്പി, സിമൻറ്, കരിങ്കല്ല്, കോൺക്രീറ്റ്, കോൺട്രാക്ട്
എന്നിങ്ങനെ കഠിനപദങ്ങളാണ് നമുക്ക് അറിയാമായിരുന്നതെങ്കിൽ ഇപ്പോൾ കുറെക്കൂടി മാനുഷികപരമായ ആവശ്യങ്ങളിലേയ്ക്ക് നമ്മുടെ ചിന്ത മാറിയിരിക്കുന്നു. ഇതാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങളുടെ ആകെത്തുക.

സ്ഥിതിവിവരക്കണക്കുകളുടെ അപര്യാപ്തത, സമയ പരിമിതി എന്നിവ ഈ രേഖ തയ്യാറാക്കാൻ ഒട്ടേറെ തടസമായിട്ടുണ്ട്.എങ്കിൽത്തന്നെയും വളരെ ആത്മാർത്ഥതയോടെ, അർപ്പണമനോഭാവത്തോടെ, ക്ലേശങ്ങൾ സഹിച്ച് ഈ രേഖ തയ്യാറാക്കാൻ ദിവസങ്ങളോളം പണിയെടുത്തവരെ പ്രത്യേകം ഓർത്തുകൊണ്ടും അവർക്ക് നന്ദി പറഞ്ഞുകൊണ്ടും ആവശ്യമായ ഭേദഗതികൾക്കും നിർദ്ദേശങ്ങൾക്കുമായി ഈ രേഖ സമർപ്പിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

With The Best Compliments From:

**THYCATTUSSERRY SERVICE CO-OPERATIVE BANK**
**NO: 326 PH: 532271**

With The Best Compliments From:

**THYCATTUSSERRY SERVICE CO-OPERATIVE BANK**
**NO: 275 PH: 532239**

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581

4224